# നബിദിനാഘോഷം

## ഒരു സമ്പൂർണ്ണ വിശകലനം

المولد النبوي الشريف

സയ്യിദ് ലുത്ഫി ബാഹസ്സൻ ചീനിക്കൽ

SUNNAH CLUB

Sunnahclub.in



# നബിദിനാഘോഷം:

## ഒരു സമ്പൂർണ വിശകലനം

**സയ്യിദ് ലുത്ഫി ബാഹസ്സൻ ചീനിക്കൽ**

SUNNAH CLUB

Click to follow us:

Sunnahclub.in

# ഉള്ളടക്കം


01. നബിദിനാഘോഷം; ഒരാമുഖം........................05

02. നബിദിനാഘോഷം: പ്രമാണങ്ങളിൽ...............07

- ✓ പരിശുദ്ധ ഖുർആനിൽ
- ✓ ഹദീസുകളിൽ
    - ആശൂറാഇന്റെ നോമ്പ്
    - അഖീഖത്തിന്റെ ഹദീസും സ്വീകാര്യതയും
    - തിങ്കളാഴ്ച നോമ്പ്
    - ശുക്ർ ചെയ്യാൻ സംഘമിക്കുന്നു.
- ✓ അബൂ ലഹബിനും അനുഗ്രഹമോ!?

03. അഇമ്മത്തിന്റെ ഗ്രന്ഥങ്ങളിൽ........................30

- ✓ ഇമാമീങ്ങൾ വിശദീകരിക്കുന്നു
- ✓ ഫാകിഹാനിയും ഇബ്നുൽ ഹാജ്ജും

04. ചരിത്രത്തിലൂടെ.......................................43

- ✓ സ്വഹാബത്തിന്റെ മൗലിദ് സദസ്സ്
- ✓ മുൻഗാമികളുടെ നബിദിനാഘോഷങ്ങൾ
    - മക്ക മദീനയിൽ
    - മറ്റു രാജ്യങ്ങളിൽ
- ✓ മുജാഹിദ് പൂർവീക നേതാക്കൾ

05. അനുബന്ധങ്ങൾ.........................................55

- ✓ സുന്നത്തും ബിദ്അതും
    - ബിദ്അത് വിശദീകരണം ഹദീസുകളിലൂടെ
    - നബി(സ) ചെയ്യാത്തത് ചെയ്യാമോ!?
    - സ്വഹാബതിന്റെ കാലത്ത് ഇല്ലാത്തത്?

- ഇബ്നു തൈമിയ്യ തന്നെ!

✓ തിരു ജന്മം എന്ന്?.......................................70

- എന്തുകൊണ്ട് റബീഉൽ അവ്വൽ
- ഇബ്നു തൈമിയ്യ തന്നെ!
- മറ്റു മാസങ്ങളിലെന്ന വീക്ഷണങ്ങൾ
- ജനിച്ച മാസത്തിനും പ്രത്യേകതയുണ്ട്.

✓ അമലുൽ മൌലിദും ആഘോഷവും..............75

✓ സംശങ്ങളും മറുപടിയും................................79

- നബി(സ) ആഘോഷിച്ചോ!?
- അനാചാരങ്ങളും ആഭാസങ്ങളും!


Version:05.05

# നബിദിനാഘോഷം; ഒരാമുഖം

അല്ലാഹു തആല നമുക്ക് നൽകിയ വലിയ അനുഗ്രഹമാണ് തിരുനബി(സ). നമുക്ക് ലഭിച്ച എല്ലാ നന്മകൾക്കും കാരണം നബി (സ)തങ്ങളാണ്. ആയതിനാൽ അവിടുത്തെ ജനനവും നിയോഗ വും ജീവിതവുമെല്ലാം അനുഗ്രഹമാണ്. സൂറത്ത് ആലുഇംറാൻ 164ൽ അല്ലാഹു തആല ഇത് വ്യക്തമാക്കുന്നുണ്ട്.

﴿لَقَدْ مَنَّ ٱللَّهُ عَلَى ٱلْمُؤْمِنِينَ إِذْ بَعَثَ فِيهِمْ رَسُولاً مِّنْ أَنفُسِهِمْ يَتْلُوا عَلَيْهِمْ ءَايَـٰتِهِۦ
وَيُزَكِّيهِمْ وَيُعَلِّمُهُمُ ٱلْكِتَـٰبَ وَٱلْحِكْمَةَ وَإِن كَانُوا مِن قَبْلُ لَفِى ضَلَـٰلٍ مُّبِينٍ﴾ [آل عمران ١٦٤]

അല്ലാഹു തആല ചെയ്തുതന്ന എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പ്രകടിപ്പിക്കണം. "നിങ്ങൾ എനിക്ക് നന്ദി ചെയ്യുക നന്ദികേട് കാണിക്കരുത്" എന്നാണല്ലോ ഖുർആന്റെ അദ്ധ്യാപനം. നമുക്ക് അല്ലാഹു നൽകിയ ആരോഗ്യവും സമ്പത്തും അടക്കം എല്ലാ വസ്തുക്കളും അവന്റെ മാർഗത്തിൽ ചിലവഴിക്കലാണ് നന്ദി ചെയ്യുക എന്നതിന്റെ വിവക്ഷ.

ലോകാനുഗ്രഹിയായ തിരുനബി(സ) തങ്ങളുടെ അനുഗ്രഹീത ജനനത്തിൽ സന്തോഷിക്കുകയും അതിന് നന്ദി പ്രകടിപ്പിക്കുകയും ചെയ്യലാണ് നബിദിനാഘോഷം. അത് മദ്ഹുകൾ പാടിയും പറഞ്ഞും ദാനധർമ്മങ്ങൾ നൽകിയും പുണ്യ മജ്‌ലിസുകൾ സംഘടിപ്പിച്ചും മറ്റു ആരാധനകളും അനുവദനീയ കർമ്മങ്ങളും ചെയ്തു കൊണ്ട് പ്രകടമാക്കുന്നു.

അതു കൊണ്ട് ദീനിൽ നിഷിദ്ധവും അനുവദനീയമല്ലാത്തതുമായ അനാചാരങ്ങളും കർമ്മങ്ങളും മറ്റു സാഹചര്യങ്ങൾക്ക് സമാനമായി ഇവിടെയും ഉപേക്ഷിക്കപ്പെടേണ്ടതാണ്. ഇത്തരം പ്രവർത്തികൾ സ്നേഹപ്രകടനത്തിന്റെ ഭാഗമല്ല എന്നതിനപ്പുറം അവ ഒഴിവാക്കലും അവിടുത്തോടുള്ള ഹുബ്ബിന്റെ ഭാഗമാണ്.

# പ്രമാണങ്ങളിൽ

## പരിശുദ്ധ ഖുർആനിൽ

തിരു ജന്മം കൊണ്ട് അനുഗ്രഹീതമായ റബീഉൽ അവ്വൽ മാസം കടന്നു വരുമ്പോൾ വിശ്വാസികളെല്ലാം അതിനെ വരവേൽക്കാൻ തയ്യാറാകൽ വിശ്വാസികളുടെ പതിവാണ്. തിരുജന്മത്തിൽ സന്തോഷം പ്രകടിപ്പിക്കൽ റബീഉൽ അവ്വലിലും മറ്റു മാസങ്ങളിലും പ്രതിഫലാർഹമായ കർമ്മമാണ്. അതിന് ഇസ്ലാമിക പ്രമാണങ്ങളുടെ പിൻബലമുണ്ട്. നബിദിനാഘോഷത്തെ പരിശുദ്ധ ഖുർആനിന്റെ വെളിച്ചത്തിൽ നമുക്കൊന്ന് പരിശോധിക്കാം. അല്ലാഹു തആല പറയുന്നു:

﴿قُلْ بِفَضْلِ ٱللَّهِ وَبِرَحْمَتِهِۦ فَبِذَٰلِكَ فَلْيَفْرَحُوا هُوَ خَيْرٌ مِّمَّا يَجْمَعُونَ﴾ **[يونس ٥٨]**

“അല്ലാഹുവിന്റെ ഫള്ല് കൊണ്ടും റഹ്മത്ത് കൊണ്ടും വിശ്വാസികൾ സന്തോഷിക്കട്ടെ!”

ഈ ആയത്തിൽ പറയുന്ന റഹ്മത്ത് കൊണ്ടുള്ള ഉദ്ദേശം തിരുനബി(സ) യാണെന്ന് ബലമായ അഭിപ്രായമുണ്ട്. നിരവധി

മുഫസ്സിറുകൾ അത് പറഞ്ഞിട്ടുമുണ്ട്, കാരണം റസൂലുല്ലാഹി (സ) ലോകർക്ക് മുഴുവൻ അനുഗ്രഹമായിട്ടാണ് നിയോഗിക്കപ്പെട്ടത് എന്ന് വിശുദ്ധ ഖുർആൻ തന്നെ പ്രസ്താവിച്ചിട്ടുണ്ട്:

﴿وَمَا أَرْسَلْنَـٰكَ إِلَّا رَحْمَةً لِّلْعَـٰلَمِينَ﴾ **[الأنبياء: ١٠٧]**

സൂറത്തു യൂനുസിലെ ഈ ആയത്തിനെ ഇങ്ങനെ നിരവധി മുഫസ്സിരീങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

ഇമാം സുയൂഥ്വി(റ):

قال الإمام السيوطي: وَأخرج أَبُو الشَّيْخ عَن ابْن عَبَّاس رضي الله عنه فِي الْآيَة قَالَ: فضل الله الْعلم وَرَحمته مُحَمَّد ﷺ قَالَ الله تَعَالَى ﴿وَمَآ أَرۡسَلۡنَـٰكَ إِلَّا رَحۡمَةً لِّلۡعَـٰلَمِينَ﴾ [الأنبياء: ١٠٧] **(الدر المنثور للإمام السيوطي ٣٦٧)**

ഇമാം ആലൂസി(റ):

قال الإمام الألوسي: وأخرج أبو الشيخ عن ابن عباس رضي الله تعالى عنهما أن الفضل العلم والرحمة محمد ﷺ ..... والمشهور وصف النبي ﷺ بالرحمة كما يرشد إليه قوله تعالى: ﴿وَمَآ أَرۡسَلۡنَـٰكَ إِلَّا رَحۡمَةً لِّلۡعَـٰلَمِينَ﴾ [الأنبياء: ١٠٧] **(روح المعاني للإمام الألوسي 141/11)**

ഇമാം അബൂ ഹയ്യാൻ(റ):

قال الإمام أبو حيان: وَقَالَ ابْنُ عَبَّاسٍ فِيمَا رَوَى الضَّحَّاكُ عَنْهُ: الْفَضْلُ الْعِلْمُ وَالرَّحْمَةُ مُحَمَّدٌ ﷺ **(البحر المحيط للإمام أبي حيان 169/5)**

സൂറത്ത് യൂനുസിന്റെ 58ാമത്തെ ഈ ആയത്ത് കൃത്യമായി തിരുനബി(സ)യെ കൊണ്ട് സന്തോഷിക്കാൻ നമ്മെ പഠിപ്പിക്കുന്നുണ്ട്.

ഈ ആയത്ത് നബിദിനാഘോഷത്തിന് പണ്ഡിതന്മാർ തെളിവാക്കിയിട്ടില്ല എന്ന വിമർശനം അപ്രസക്തമാണ്. കാരണം മേൽ വിശദീകരണങ്ങളിൽ നിന്ന് തന്നെ മറ്റു തെളിവുകൾ ആവശ്യമില്ലാത്ത വിധം ജന്മദിനാഘോഷത്തിലും ആ സന്തോഷ പ്രകടനമാകാം എന്ന് വ്യക്തമാകുന്നുണ്ട്. മാത്രമല്ല, നമ്മുടെ പണ്ഡിതന്മാർ തന്നെ ഈ ആയത്ത് തിരുജന്മം കൊണ്ട് സന്തോഷിക്കുന്നതിന് തെളിവാണെന്ന് കൃത്യമായി തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇമാം ഇബ്നു ഹജർ അസ്ഖലാനി(റ)വിന്റെ ശിഷ്യനും പ്രമുഖ മുഹദ്ദിസുമായ ഇമാം ഇബ്റാഹിം നാജി(റ) പറയുന്നു:

قال الإمام الناجي: وتبركوا بولادته وافرحوا بها...واسمعوا قول ربكم تبارك وتعالى ان كنتم تسمعون ﴿قُلۡ بِفَضۡلِ ٱللَّهِ وَبِرَحۡمَتِهِۦ فَبِذَٰلِكَ فَلۡيَفۡرَحُواْ هُوَ خَيۡرٞ مِّمَّا يَجۡمَعُونَ﴾[يونس ٥٨] **(كنز الراغبين العفاة للإمام الناجي (المتوفى 900) 36,37)**

നിങ്ങൾ തിരുനബി(സ) യുടെ ജന്മം കൊണ്ട് ബറക്കത്ത് എടുക്കൂ... തിരുനബി(സ) യുടെ ജന്മംകൊണ്ട് സന്തോഷിക്കൂ.. വി ശുദ്ധ ഖുർആനിൽ അല്ലാഹു തആല പറഞ്ഞത് നിങ്ങൾ കേൾക്കുക "അല്ലാഹുവിന്റെ ഫള്ൽ കൊണ്ടും റഹ്മത്ത് കൊണ്ടും വിശ്വാസികൾ സന്തോഷിച്ചു കൊള്ളട്ടെ **(കൻസുർ റാഗിബീൻ/ ഇമാം അന്നാജി:36,37)**

ഒരു ആയത്തിന്റെ വിശദീകരണം സ്വീകാര്യയോഗ്യം ആകണമെങ്കിൽ തഫ്സീർ ഗ്രന്ഥത്തിൽ പറയപ്പെടണമെന്നില്ല. മറിച്ച് തഫ്സീർ പറയാൻ യോഗ്യതയുള്ള പണ്ഡിതരായാൽ മതി. ആയതിനാൽ തന്നെ ഇമാം നാജി(റ) വിന്റെ ഈ വിശദീകരണം പരിഗണനീയമാണ്.

ഇപ്രകാരം നബിദിനാഘോഷത്തിന് തെളിവായി ഖുർആനിൽ മറ്റു ധാരാളം ആയത്തുകളുണ്ട്. അല്ലാഹു തആല പറയുന്നു:

﴿وَأَمَّا بِنِعْمَةِ رَبِّكَ فَحَدِّثْ﴾ [الضحى ١١]

"നബിയെ, അങ്ങയുടെ രക്ഷിതാവിന്റെ അനുഗ്രഹങ്ങളെ അങ്ങ് പറയുക."

അനുഗ്രഹങ്ങൾ എടുത്തു പറയാൻ ഈ ആയത്ത് കൃത്യമായി നമ്മെ പഠിപ്പിക്കുന്നുണ്ട്.. തിരുജന്മം അല്ലാഹു നൽകിയ വലിയൊരു അനുഗ്രഹമാണല്ലോ ?

അതിന് നന്ദിയായി റബീഉൽ അവ്വൽ മാസത്തിലും അല്ലാത്ത മാസങ്ങളിലും സ്റ്റേജ് കെട്ടിയും അല്ലാതെയും തിരു മദ്ഹുകൾ പാടുന്നതും പറയുന്നതും അനുവദനീയവും പുണ്യ കർമ്മവുമാണ്.

അല്ലാഹു തആല പറയുന്നു:

﴿إِنَّ ٱللَّهَ وَمَلَـٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِيِّ ۚ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

"അല്ലാഹുവും അവന്റെ മലക്കുകളും തിരുനബി (സ) യുടെ മേൽ സ്വലാത്ത് നിർവഹിക്കുന്നു, വിശ്വാസികളെ അതുകൊണ്ട് നിങ്ങളും തിരുനബി(സ) യുടെ മേൽ സ്വലാത്ത് ചൊല്ലുക."

ഈ ആയത്ത് വിശദീകരിച്ച് ഇമാം ബൈളാവി(റ) പറയുന്നു:

قال الامام البيضاوي: ﴿إنَّ اللَّهَ ومَلائِكَتَهُ يُصَلُّونَ عَلى النَّبِيِّ﴾ يَعْتَنُونَ بِإظْهارِ شَرَفِهِ وتَعْظِيمِ شَأْنِهِ. ﴿يا أيُّها الَّذِينَ آمَنُوا صَلُّوا عَلَيْهِ﴾ اعْتَنُوا أنْتُمْ أيْضًا فَإنَّكم أوْلى بِذَلِكَ وقُولُوا اللَّهُمَّ صَلِّ عَلى مُحَمَّدٍ. ﴿وَسَلِّمُوا تَسْلِيمًا﴾ وقُولُوا السَّلامُ عَلَيْكَ أيُّها النَّبِيُّ .(تفسير الامام البيضاوي 385/1) (البحر المديد للامام ابن عجيبة 45/4)

"അല്ലാഹുവും മലക്കുകളും തിരുനബി(സ) യുടെ മഹത്വങ്ങളും ആദരവുകളും പ്രകടിപ്പിക്കുന്നുണ്ട്. അതുകൊണ്ട് വിശ്വാസികളായ നിങ്ങൾ അവിടുത്തെ മഹത്വങ്ങളും ഉന്നതികളും

പറയാൻ ഏറ്റവും കടപ്പെട്ടവരാണ്." **(തഫ്സീറുൽ ബൈളാവി :1/385) (അൽ ബഹ്റുൽ മദീദ്/ഇബ്നു അജീബ (റ): 4/45)**

## ഹദീസുകളിൽ

നബിദിനത്തിന്റെ പ്രാമാണിക അടിസ്ഥാനത്തിലേക്ക് വിരൽ ചൂണ്ടുന്ന നിരവധി ഹദീസുകളുണ്ട്. അവയെല്ലാം മുൻഗാമികളായ അഇമ്മത് കാണുകയും നമുക്ക് വിശദീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

### 01. ആശൂറാഅ് നോമ്പ്:

കാലങ്ങളായി മുസ്ലിംകൾ നടത്തിപ്പോരുന്ന നബിദിനാഘോഷത്തിന് പരിശുദ്ധ ഖുർആനിന് പുറമെ ഇസ്ലാമിന്റെ രണ്ടാം പ്രമാണമായ തിരുഹദീസിലും അംഗീകാരമുണ്ട്. ഇമാം ബുഖാരി(റ) വും ഇമാം മുസ്‌ലിം(റ) വും ഇബ്നു അബ്ബാസ്(റ) വിൽ നിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീസിൽ കാണാം:

"തിരുനബി (സ) മദീനയിൽ വന്നപ്പോൾ അവിടെയുള്ള യഹൂദികൾ ആശൂറാഅ് ദിനത്തിൽ നോമ്പനുഷ്ഠിക്കുന്നത് ശ്രദ്ധയിൽ പെട്ടു. അതിനെ കുറിച്ച് അന്വേഷിച്ചപ്പോൾ 'ഈ ദിവസത്തിലാണ് മൂസാ നബി(അ) നും ബനൂ ഇസ്രാഈലുകാർക്കും ഫിർഔനിന്റെ മേൽ വിജയം നൽകിയത്' എന്നായിരുന്നു അവരുടെ പ്രതികരണം. അപ്പോൾ തിരു നബി(സ) 'നമ്മളാണ് മൂസാ നബി(അ) നോട് കൂടുതൽ കടപ്പെട്ടവർ' എന്ന് പറയുകയും ആ ദിവസം നോമ്പ് അനുഷ്ഠിക്കാൻ കൽപ്പിക്കുകയും ചെയ്തു." **(ബുഖാരി: 3727, മുസ്ലിം: 1130)**

عَنِ ابْنِ عَبَّاسٍ رضي الله عنهما قَالَ: لما قدم النبي ﷺ المدينة، وجد اليهود يصومون عاشوراء، فسئلوا عن ذلك، فقالوا: هذا اليوم الذي أظفر الله فيه موسى وبني إسرائيل على فرعون، ونحن نصومه تعظيما لَهُ، فَقَالَ رَسُولُ اللَّهِ ﷺ: "نحن أولى بموسى منكم" ثم أمر بصومه. **(صحيح البخاري: ٣٧٢٧, صحيح مسلم: ١١٣٠)**

ഈ ഹദീസ് നബിദിനത്തിന് വ്യക്തമായ രേഖയാണ് എന്ന് 3 ലക്ഷത്തോളം ഹദീസ് മാനപാഠമുള്ള 'അമീറുൽ മുഅ്മിനീൻ ഫിൽ ഹദീസ്' എന്ന സ്ഥാനപ്പേരിന് അർഹരായ ഇമാം അൽ ഹാഫിള് ഇബ്നു ഹജർ അൽ അസ്ഖലാനി(റ) വ്യക്തമാക്കുന്നുണ്ട്.

"അള്ളാഹു നമുക്ക് ഒരു അനുഗ്രഹം ചെയ്തു തന്നതിനോ അല്ലെങ്കിൽ ഒരു പ്രയാസം ദൂരീകരിച്ചു തന്നതിനോ പകരമായി അവന് നന്ദി ചെയ്യണമെന്നും ഓരോ വർഷവും ആ ദിവസം കടന്നു വരുമ്പോൾ ഈ നന്ദി പ്രകടനം ആവർത്തിക്കണമെന്നും ഈ ഹദീസിൽ നിന്ന് വ്യക്തമാണ്. അതു കൊണ്ടു തന്നെ അല്ലാഹു നമുക്ക് നൽകിയ വലിയ അനുഗ്രഹമായ തിരുജന്മത്തിൽ സന്തോഷിക്കലും എല്ലാ വർഷവും റബീഉൽ അവ്വൽ കടന്ന് വരുമ്പോൾ വ്യത്യസ്ത രീതിയിൽ നന്ദി പ്രകടിപ്പിക്കലും അനുവദിനീയവും ഇസ്ലാമികവുമാണ്"

ഇമാം ഇബ്നു ഹജർ അൽ അസ്ഖലാനി(റ) വിന്റെ ഈ വിശദീകരണം നിരവധി പണ്ഡിതർ അംഗീകരിച്ച് എടുത്ത് ഉദ്ധരിക്കുന്നുണ്ട്.

ഇമാം അസ്ഖലാനി (റ) വിന്റെ അരുമ ശിഷ്യനായ ഇമാം സഖാവി (റ) പറയുന്നു:

قال الإمام السخاوي: بل خرج شيخنا شيخ مشايخ الإسلام خاتمة الأئمة الأعلام فعله على أصل ثابت وهو ما ثبت في الصحيحين من أنه ﷺ دخل المدينة فوجد اليهود يصومون يوم عاشوراء، فسألهم فقالوا: هو يوم أغرق الله فيه فرعون ونجي موسى, فنحن نصومه شكرًا لله، فقال ﷺ: «فأنا أحق بموسى منكم، فصامه وأمر بصيامه، وقال: إن عشت إلى قابل ... الحديث».

قال شيخنا: فيستفاد منه فعله الشكر لله تعالى على ما من به في يوم معين من إسداء نعمة أو دفع نقمة ويعاد ذلك في نظير ذلك اليوم من كل سنة، والشكر لله تعالى

يحصل بأنواع العبادة، كالسجود والصيام والتلاوة، وأي نعمة أعظم من النعمة ببروز هذا النبي ﷺ في ذلك اليوم. **(الأجوبة المرضية للإمام السخاوي ١١١٧)**

നിരവധി പണ്ഡിതന്മാർ ഇബ്നു ഹജറുൽ അസ്ഖലാനി(റ) വിന്റെ ഈ ഫത്‌വ അംഗീകരിച്ച് എടുത്ത് ഉദ്ധരിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ കാണാം:

- ഇമാം സുയൂത്വി(റ) (الحاوي للفتاوي للإمام السيوطي ١/٢٢٩)
- ഇമാം ഷാമി(റ) (سبل الهدى والرشاد للإمام الشامي ١/٣٦٥)
- ഇമാം മുല്ലാ അലിയ്യിൽ ഖാരി(റ) (المورد الروي في المولد النبوي مجموع الرسائل ٥/٣٨٨-٣٨٩)
- ഇമാം സർഖാനി(റ) (شرح الزرقاني على مواهب اللدنية ١/٦٢٣)
- ഇമാം ഇബ്നു ഹജർ അൽ ഹൈതമി(റ) (إتمام النعمة الكبرى: ٢٣)
- ഇമാം ഇസ്മാഈൽ ഹിഖി(റ) (تفسير روح البيان ٩/٤٧)
- ഇമാം നജ്മുദ്ദീൻ അൽ ഗീത്വി(റ) (مولد الإمام نجم الدين الغيطي)
- ശൈഖ് ത്വഹ്ത്വാവി(റ) (نهاية الايجاز في سيرة ساكن الحجاز: ٦٣)

ഇമാം നജ്മുദ്ദീൻ അൽ ഗ്വീതി(റ) പറയുന്നു:

قال الإمام نجم الدين الغيطي : وما ذكره الحافظ ابن حجر من التخريج أنسب وأظهر ...،كما هو الظاهر؛ لأن فعل صوم عاشوراء يتكرر كل عام، وهو في وقت معين، فكان عمل المولد المذكور مثله. **(مولد الإمام نجم الدين الغيطي، نهاية الايجاز في سيرة ساكن الحجاز للشيخ الطهطاوي ٦٣)**

ഇമാം ഹാഫിള് ഇബ്നു ഹജർ അസ്ഖലാനി(റ) ഈ ഹദീസിനെ നബിദിനാഘോഷത്തിന് രേഖയാക്കിയത് അനുയോജ്യവും സുവ്യക്തവുമാണ്. കാരണം ആശൂറാഅ് നോമ്പ് എല്ലാ വർഷവും നിശ്ചിത ദിവസത്തിൽ ആവർത്തിച്ച് വരും, ഇപ്രകാരം തന്നെയാണ് നബിദിനാഘോഷവും.

## 02. അഖീഖത്തിന്റെ ഹദീസ്:

തിരുനബി (സ) യുടെ ജന്മദിനം ആഘോഷിക്കാൻ ഇസ്ലാം പ്രമാണങ്ങളായ ഖുർആനും ഹദീസും കൽപിക്കുന്നുണ്ട്. ഇതിനു പുറമെ തിരുനബി(സ) തന്നെ അവിടുത്തെ ജനനത്തിൽ സന്തോഷം പ്രകടിപ്പിച്ചിട്ടുണ്ട് എന്നതാണ് വാസ്തവം.

ഇമാം ബൈഹഖി(റ) അനസ് ബ്നു മാലിക് (റ) വിൽ നിന്ന് ഉദ്ധരിക്കുന്ന ഹദീസിൽ കാണാം:

عن أنس رضي الله عنه: أن النبي ﷺ عق عن نفسه بعد النبوة. (السنن البيهقي الكبرى ١٩٢٧٣)

"നുബുവ്വത്തിന് ശേഷം തിരുനബി(സ) അവിടുത്തെ പേരിൽ സ്വയം അഖീഖത്ത് അറുത്തിട്ടുണ്ട്".

ഈ ഹദീസ് നബിദിനാഘോഷത്തിന് വ്യക്തമായ രേഖയാണ് എന്ന് ഇമാം സുയൂത്വി(റ) വിശദീകരിക്കുന്നുണ്ട്. "തിരുനബി (സ) യുടെ ജനനത്തിന്റെ ഏഴാം ദിവസം പിതാമഹനായ അബ്ദുൽ മുത്തലിബ് അവിടുത്തെ പേരിൽ അഖീഖത്ത് അറുത്തതിനാൽ വീണ്ടും ഒരാവർത്തി അഖീഖത്ത് അറുക്കപ്പെടേണ്ടതില്ല. പിന്നെ എന്തിനാണ് തിരു നബി(സ) വീണ്ടും അഖീഖത്ത് അറുത്തത്?

ഇമാം സുയൂത്വി(റ) വിശദീകരിക്കുന്നു:

قال الإمام السيوطي: قلت: وقد ظهر لي تخريجه على أصل آخر، وهو ما أخرجه البيهقي عن أنس: "أن النبي ﷺ عق عن نفسه بعد النبوة" مع أنه قد ورد أن جده عبد المطلب عق عنه في سابع ولادته، والعقيقة لا تعاد مرة ثانية، فيحمل ذلك على أن الذي فعله النبي ﷺ إظهار للشكر على إيجاد الله إياه رحمة للعالمين وتشريع لأمته كما كان يصلي على نفسه لذلك، فيستحب لنا أيضا إظهار الشكر بمولده بالاجتماع وإطعام الطعام ونحو ذلك من وجوه القربات وإظهار المسرات. **(الحاوي للفتاوي 230/1)**

"അല്ലാഹു തിരുനബി (സ) യെ ലോകർക്ക് മുഴുവൻ റഹ്മത്തായി നിയോഗിച്ചതിന് നന്ദി പ്രകടിപ്പിക്കുന്നതിന്റെ ഭാഗമായാണ് നുബുവ്വത്തിന് ശേഷം അവിടുന്ന് വീണ്ടും അഖീഖത്ത് അറുത്തത്. അപ്രകാരം നമുക്കും തിരു ജന്മത്തിൽ സന്തോഷിക്കുകയും എല്ലാവരും ഒരുമിച്ചു കൂടി മൗലിദ് കഴിക്കുകയും, ഭക്ഷണം നൽകുകയും ആരാധനകൾ കൊണ്ട് നന്ദി പ്രകടിപ്പിക്കുകയും ചെയ്യൽ സുന്നത്താക്കപ്പെടും." **(അൽ ഹാവീ ലിൽ ഫതാവാ:1/230)**

ഇമാം സുയൂത്വി(റ) വിന്റെ ഈ വിശദീകരണം നിരവധി പണ്ഡിതർ അംഗീകരിച്ച് അവരുടെ ഗ്രന്ഥങ്ങളിൽ എടുത്തു ഉദ്ധരിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

- ഇമാം ഷാമി(റ) (سبل الهدى والرشاد في سيرة خير العباد ١/٣٦٧)
- ഇമാം സർഖാനി(റ) (شرح الزرقاني على المواهب اللدنية :١/ ٢٦٣)
- ഇബ്നു ഖാസിം അബ്ബാദി (റ) (حاشية تحفة المحتاج: ٧/٤٢٤)
- ഇമാം ഷർവാനി (റ) (حاشية تحفة المحتاج: ٧/٤٢٣)

## അഖീഖത്തിന്റെ ഹദീസ്: പ്രാമാണികത

ഇമാം ബൈഹഖി(റ) അനസ് ബ്നു മാലിക് (റ) വിൽ നിന്ന് ഉദ്ധരിക്കുന്ന അഖീഖത്തിന്റെ ഹദീസ് തിരുനബി(സ)യുടെ ജന്മദിനാഘോഷത്തിന് ഇമാം സുയൂത്വി(റ) തെളിവായി ഉദ്ധരിച്ചത് നബിദിനാഘോഷത്തിന് വ്യക്തമായ അടിസ്ഥാനമാണെന്നത് ഏതൊരാൾക്കും ബോധ്യപ്പെടുന്നതാണ്. ആയതിനാൽ തന്നെ ഈ ഹദീസിന്റെ സ്വീകാര്യതയെ നിഷേധിക്കാനുള്ള ശ്രമം വിമർശകരുടെ പതിവാണ്. ഈ ഹദീസിന്റെ പ്രാമാണികത പഠന വിധേയമാക്കുമ്പോൾ ആരോപണത്തിന് യാതൊരു പ്രസക്തിയുമില്ലെന്ന് ബോധ്യപ്പെടും.

ഈ ഹദീസ് നിരവധി പണ്ഡിതന്മാർ വ്യത്യസ്ത സനദിലൂടെ അവരുടെ ഗ്രന്ഥങ്ങളിൽ ഉദ്ധരിക്കുന്നുണ്ട്:

عَنْ أَنَسٍ رضي الله عنه: "أَنَّ النَّبِيَّ ﷺ عَقَّ عَنْ نَفْسِهِ بَعْدَ النُّبُوَّةِ"

- السنن الكبرى للإمام البيهقي: ٥٠٥/٩
- مشكل الاثار للإمام الطحاوي: 78/3
- المعجم الأوسط للإمام الطبراني: 298/1
- مسند البزار: ٧٢٧١
- الأحاديث المختارة للإمام الضياء المقدسي: 204/5

ഇമാം ത്വബ്റാനി(റ) ഉദ്ധരിച്ച ഈ ഹദീസിന്റെ റിപ്പോർട്ടിനെ സംബന്ധിച്ച് ഇമാം ഇബ്നു ഹജർ അൽ അസ്ഖലാനി (റ) ന്റെ സമകാലികനും വലിയ മുഹദ്ദിസുമായ ഇമാം നൂറുദ്ധീനുൽ ഹൈസമി(റ) പറയുന്നു:

قال الإمام نور الدين الهيثمي: رواه البزار، والطبراني في الأوسط، ورجال الطبراني رجال الصحيح خلا الهيثم بن جميل، وهو ثقة. **(مجمع الزوائد للإمام نور الدين الهيثمي :59/4)**

"ഈ ഹദീസിന്റെ ത്വബ്റാനിയുടെ റാവിമാരെല്ലാം ബുഖാരിയുടെ റാവിമാരാണ്. ഹൈസം ബിൻ ജമീൽ(റ) ഒഴികെ, അവർ സിഖത്താണ്." **(മജ്മഉ സവാഇദ്: 4/59)**

വഹാബി നേതാവ് അൽബാനി തന്നെ ഈ ഹദീസിന്റെ സ്വീകാര്യതയെ അംഗീകരിക്കുകയും ശേഷം ഇമാം നൂറുദ്ധീനുൽ ഹൈസമി(റ) ന്റെ വാക്കുകൾ എടുത്ത് ഉദ്ധരിക്കുകയും ചെയ്യുന്നുണ്ട്. **(സിൽസിലത്തു സ്വഹീഹ/ അൽബാനി: 6/225)**

ഈ ഹദീസിനെ കുറിച്ചുള്ള ഇമാം നവവി(റ) വിന്റെ 'ശർഹുൽ മുഹദ്ദബിലെ' പരാമർശം ഉദ്ദരിച്ച് പുത്തനാശയക്കാർ ഈ ഹദീസിനെ വാറോലയാക്കാറുണ്ട്.

ഇമാം നവവി(റ) പറയുന്നു: "അബ്ദുല്ലാഹി ബ്നു മുഹററർ എന്നവരുടെ രിവായത്തിലൂടെ ഇമാം ബൈഹഖി(റ) ഉദ്ധരിക്കുന്ന അഖീഖത്തിന്റെ ഈ ഹദീസ് ബാത്വിലാണ്". **(അൽ മജ്മൂഅ്/ ശർഹുൽ മുഹദ്ദബ്/ഇമാം നവവി(റ): 8/431)**

ഇമാം നവവി (റ) വിന്റെ ഈ പരാമർശം ഇമാം ബൈഹഖി (റ) ഉദ്ധരിച്ച രിവായതിനെ കുറിച്ച് മാത്രമാണ്. കാരണം ഈ ഹദീസ് വ്യത്യസ്ത രിവായത്തിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ എല്ലാ രിവായത്തുകളും ബാത്വിലല്ല. ത്വബ്റാനിയുടെ രിവായത്ത് സ്വഹീഹാണെന്ന് നാം വ്യക്തമാക്കിയല്ലോ. ആയതിനാൽ ഇമാം നവവി(റ) വിന്റെ ഈ പരാമർശം പിൽകാലത്ത് വന്ന പണ്ഡിതന്മാർ നിരൂപിക്കുന്നുണ്ട്.

ഇമാം ഇബ്നു ഹജർ അൽ ഹൈതമി(റ) പറയുന്നു:

قال الإمام ابن حجر الهيتمي: قال في المجموع باطل وكأنه قلد في ذلك إنكار البيهقي وغيره له وليس الأمر كما قالوا في كل طرقه فقد رواه أحمد والبزار والطبراني من طرق قال الحافظ الهيثمي في أحدها أن رجاله رجال الصحيح إلا واحدا وهو ثقة. اهـ **(تحفة المحتاج ٩/٣٧١)**

"ഇമാം നവവി(റ) മജ്മൂഇൽ ഈ ഹദീസ് ബാത്വിലാണെന്ന് പറഞ്ഞിട്ടുണ്ട്. മഹാൻ അങ്ങനെ പറഞ്ഞത് ഇമാം ബൈഹഖി(റ) നെയും ഈ ഹദീസിന്റെ സ്വീകാര്യതയെ നിഷേധിച്ച മറ്റു പണ്ഡിതന്മാരെയും പിന്തുടർന്ന് പറഞ്ഞതാവാം. എന്നാൽ അത് യാഥാർത്ഥ്യമല്ല, മറിച്ച് ഈ ഹദീസ് ഇമാം അഹ്മദ്(റ), ഇമാം ബസ്സാർ(റ), ഇമാം ത്വബ്റാനി(റ) എന്നിവരെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത രിവായത്തിലുള്ള റാവിമാരിൽ ഒരു റാവി ഒഴികെ മറ്റെല്ലാവരും ബുഖാരിയുടെ റാവിമാരാണെന്നും ആ ഒരു റാവി സിഖത്ത് ആണെന്നും ഇമാം ഹാഫിള് നൂറുദ്ദീനുൽ ഹൈസമി (റ) പറയുന്നുണ്ട്." **(തുഹ്ഫ: 9/371)**

ഇമാം ഇബ്നു ഹജർ അൽ ഹൈതമി(റ) തന്നെ വീണ്ടും വിശദീകരിക്കുന്നു: ഈ ഹദീസ് ബാത്വിലാണെന്ന് ഇമാം നവവി (റ) പറഞ്ഞത് 'മർദൂദാണ്'. **(ഫത്ഹുൽ ജവാദ്: 3/450)**

وادعاء النووي بطلانه، مردود، بل هو حديث حسن. **(فتح الجواد 450/3)**

ഇമാം കുർദി(റ) തന്റെ കിതാബിൽ ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) വിന്റെ വാക്ക് ഉദ്ധരിക്കുന്നുണ്ട്. **(അൽ ഹവാഷിൽ മദനിയ്യ: 2/307)**

ഇമാം സയ്യിദുൽ ബക്‌രി(റ) വും ഫത്ഹുൽ ജവാദിലെ ഈ വാക്കുകൾ തന്റെ കിതാബിൽ ഉദ്ധരിക്കുന്നുണ്ട്.

വഹാബീ നേതാവ് അൽബാനി തന്നെ തന്റെ കിതാബിൽ ഈ ഹദീസിന്റെ വ്യത്യസ്ത രിവായത്തുകൾ ഉദ്ധരിച്ച ശേഷം ഇതിന്റെ സ്വീകാര്യതയെ അംഗീകരിക്കുകയും ഇമാം നവവി(റ) വിന്റെ പരാമർശത്തെ നിരൂപിക്കുകയും ചെയ്യുന്നുണ്ട്.

والطريق الأخرى: عن الهيثم بن جميل: حدثنا عبد الله بن المثنى بن أنس عن ثمامة بن أنس عن أنس به. أخرجه الطحاوي في مشكل الآثار (١/ ٤٦١) والطبراني في المعجم الأوسط وابن حزم في المحلى (٨ / ٣٢١) والضياء المقدسي في المختارة (ق ٧١ / ١). قلت: وهذا إسناد حسن رجاله ممن احتج بهم البخاري في صحيحه غير الهيثم بن جميل، وهو ثقة حافظ من شيوخ الإمام أحمد، وقد حدث عنه بهذا الحديث كما رواه الخلال عن أبي داود قال: سمعت أحمد يحدث به. كما في أحكام المولود لابن القيم ... وإذا تبين لك ما تقدم من التحقيق ظهر لك أن قول النووي في المجموع شرح المهذب (٨ / ٤٣١ - ٤٣٢) "هذا حديث باطل". أنه خرج منه دون النظر في الطريق الثاني وحال راويه ابن المثنى في الرواية، ولا وقف على المتابعة المذكورة، والله أعلم، وقد قال الهيثمي في مجمع الزوائد: رواه البزار والطبراني في الأوسط، ورجال الطبراني رجال الصحيح، خلا الهيثم بن جميل، وهو ثقة، وشيخ الطبراني أحمد بن مسعود الخياط المقدسي ليس هو في الميزان. **(السلسلة الصحيحة للألباني)**

ഇമാം നവവി(റ) ഈ ഹദീസ് ബാത്വിലാണെന്ന് പറഞ്ഞത് ഒരു രിവായത്തിനെ കുറിച്ച് മാത്രമാണെന്ന് നാം വ്യക്തമാക്കിയല്ലോ. ഇമാം നവവി (റ) തന്നെ തന്റെ റൗളയിലും (3/229) ത

ഹ്ദീബുൽ അസ്മാഇലും (2/282) ഈ ഹദീസ് ഉദ്ധരിക്കുന്നുണ്ട്.

📖 ويروى عن النبي ﷺ: أنه عق عن نفسه بعد النبوة **(روضة الطالبين ٣/٢٢٩)**

📖 ويـروى أن النبى ﷺ عَـقَّ عـن نفسـه بعـد النبـوة **(تهـذيب الأسـماء واللغـات ٢/٢٨٢)**

ഇതിൽ നിന്നെല്ലാം ഈ ഹദീസിന്റെ മുഴുവൻ രിവായത്തുകളും ബാത്തിലാണെന്ന് ഇമാം നവവി(റ) ശറഹുൽ മുഹദ്ദബിൽ ഉദ്ദേശിച്ചിട്ടില്ല എന്നത് വ്യക്തമാണ്. കാരണം ബാത്വിലായ ഹദീസ് ഉദ്ദരിക്കൽ തന്നെ ഹറാമാണ്.

## 03. തിങ്കളാഴ്ച നോമ്പ്:

തിരുനബി(സ) ജനിച്ച ദിവസം പവിത്രവും മഹത്വവുമുള്ള ദിവസമാണ്. അതു കൊണ്ടു തന്നെ ആ ദിവസത്തെ ബഹുമാനിക്കുകയും ആദരിക്കുകയും തിരുജന്മത്തിൽ സന്തോഷിക്കുകയും വേണം.

ആ ദിവസത്തിന് പവിത്രതയും പ്രത്യേകതയും ഉണ്ടെന്ന് തിരുനബി(സ) നമ്മെ പഠിപ്പിക്കുന്നുണ്ട്. ഇമാം മുസ്ലിം(റ) റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ കാണാം:

وفي صحيح مسلم: عـن أبي قتـادة الأنصـاري: أن رسـول الله ﷺ سـئل عـن صـوم الاثنين، فقال: فيه ولدت، وفيه أنزل علي. **(صحيح مسلم: ٢٨٠٧)**

തിരുനബി(സ) യോട് തിങ്കളാഴ്ച ദിവസത്തെ നോമ്പിനെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു: "ആ ദിവസത്തിലാണ് ഞാൻ ജനിച്ചത്."**(സ്വഹീഹു മുസ്ലിം:2807)**

തിരുനബി(സ) തിങ്കളാഴ്ച ജനിച്ചത് കാരണമായി ആ ദിവസത്തിന് മഹത്വം ഉണ്ടെന്നും പവിത്രമായ സംഭവങ്ങൾ നടന്ന

സ്ഥലങ്ങൾക്കും സമയങ്ങൾക്കും അതു കാരണം പവിത്രത ലഭിക്കുമെന്നും ഈ ഹദീസ് വിശദീകരിച്ചു കൊണ്ട് പണ്ഡിതന്മാർ രേഖപ്പെടുത്തുന്നുണ്ട്.

ഇമാം മുല്ലാ അലി അൽ ഖാരി(റ) പറയുന്നു:

قال الإمام ملا علي القاري: في الحديث دلالة على أن الزمان قد يتشرف بما يقع فيه، وكذا المكان. **(مرقاة المفاتيح: ٤/٤٧٥)**

“ശ്രേഷ്ഠമാക്കപ്പെട്ട സംഭവങ്ങൾ നടന്ന സമയങ്ങൾക്കും സ്ഥലങ്ങൾക്കും ശ്രേഷ്ടതയുണ്ടെന്ന് ഈ ഹദീസ് അറിയിക്കുന്നു.”

ഇമാം ഇബ്നു ഹജർ അൽ ഹൈതമി(റ) പറയുന്നു:

قال الإمام ابن حجر الهيتمي: (و عنه قال: سئل رسول الله ﷺ عن صيام الاثنين هل فيه فضل؟) ويأتي وجه تسميته بذلك (فقال) نعم فيه فضل عظيم لأن هذا اليوم قد وقع فيه أمران عظيمان يدلان شرفه وفضله : أحدهما إني ولدت فيه وثانيهما: إني (أنزل علي) أي: فيه وجود نبيكم ومشرفكم، وفيه نزول كتابكم وثبوت نبوة نبيكم وأي يوم أفضل وأولى أن يصام فيه شكرا لله تعالى على هاتين النعمتين العظيمتين من هذا اليوم ؟اهـ **(فتح الإله بشرح المشكاة 18/7)**

തിരു നബി(സ) യുടെ ജനനവും അവിടുത്തേക്ക് ഖുർആൻ ഇറക്കപ്പെട്ടതും തിങ്കളാഴ്ച ആയതിനാൽ ഈ ദിവസത്തിന് വലിയ ശ്രേഷ്ഠതയുണ്ട്. ഈ രണ്ടു അനുഗ്രഹങ്ങൾക്ക് പകരമായി നോമ്പ് അനുഷ്ഠിച്ച് നന്ദി പ്രകടിപ്പിക്കാൻ ഏറ്റവും അനുയോജ്യ മായത് ഈ ദിവസം തന്നെയാണ്. **(മിർഖാത്/മുല്ലാ അലിയ്യുൽ ഖാരി(റ):2807)**

തിരു ജന്മം സംഭവിച്ച ഈ ദിവസത്തിന് ശ്രേഷ്ഠത ഉണ്ടെന്ന് പഠിപ്പിക്കുന്നതിലൂടെ റബീഉൽ അവ്വൽ മാസത്തിനും പവിത്രത ഉണ്ടെന്ന് ഈ ഹദീസിൽ നിന്ന് നമുക്ക് മനസ്സിലാക്കാം

എന്ന് മാലികി മദ്ഹബിലെ വലിയ പണ്ഡിതനായ ഇമാം ഇബ്നുൽ ഹാജ് (റ) വിശദീകരിക്കുന്നുണ്ട്.

അവിടുന്ന് പറയുന്നു:

قال الإمام ابن الحاج: أشارﷺ إلى فضيلة هذا الشهر العظيم بقوله ﷺ للسائل الذي سأله عن صوم يوم الاثنين فقال ﷺ: "ذلك يوم ولدت فيه" فتشريف هذا اليوم متضمن لتشريف هذا الشهر الذي ولد فيه. فينبغي أن نحترمه حق الاحترام ونفضله بما فضل الله به الأشهر الفاضلة وهذا منها لقولهﷺ: "أنا سيد ولد آدم ولا فخر". **(المدخل للإمام ابن الحاج ٢/٣)**

"തിങ്കളാഴ്ച നോമ്പിനെ കുറിച്ച് ചോദിച്ച വ്യക്തിയോട് ആ ദിവസത്തിലാണ് ഞാൻ ജനിച്ചത് എന്ന് പറഞ്ഞതിലൂടെ റബീഉൽ അവ്വൽ മാസത്തിന്റെ പവിത്രതയിലേക്കും തിരു നബി(സ) വിരൽ ചൂണ്ടുന്നുണ്ട്. കാരണം ഈ ദിവസത്തിന് മഹത്വം ലഭിക്കുന്നതിലൂടെ ഈ മാസത്തിനു തന്നെയും മഹത്വം ലഭിക്കുന്നുണ്ട്. ആയതിനാൽ ഈ മാസത്തെ ബഹുമാനിക്കലും ആദരിക്കലും നമുക്ക് അനിവാര്യമാണ്".

ഇമാം വൻഷരീസി(റ) പറയുന്നു:

قال الإمام الونشريسي: قلت: ثبت بهذا الحديث استمرار أفضلية ليلة المولد وصبيحتها، فشرفها باق ورعي زمانها ثابت. إذ لا نزاع في صحة الحديث ولا يرد عليه شيء من الأسئلة الواردة على المتون كما تقرر عند الأصوليين وأهل النظر. **(المعيار المعرب للإمام الونشريسي :1/ 279)**

“നബിദിനത്തിന്റെ രാവിനും പകലിനും പവിത്രതയുണ്ടെന്നും അത് എല്ലാ കാലവും നിലനിൽക്കുമെന്നും ആ ദിവസത്തെ പ്രത്യേകം പരിഗണിക്ക ണമെന്നും ഈ ഹദീസ് കൊണ്ട് സ്ഥിരപ്പെട്ടതാണ്.”

പ്രമുഖ പണ്ഡിതനും ചാരിഉമായ ഇമാം ഇബ്നുൽ ജസരി (റ) റബീഉൽ അവ്വൽ മാസത്തിന്റെ പവിത്രതയെ കുറിച്ച് പാടുന്നത് കാണുക:

لهذا الشهر في الإسلام فضــل    وافضال يفوق على الجمـــيع

سمــاه وهــو والمــولــود فيــه    ربيــع في ربــيع في ربيــــع

**(عرف التعريف للإمام ابن الجزري ٢٥، المولد الروي في المولد النبوي للامام ملا علي القاري/ مجموع الرسائل 371/5)**

## 04. ശുക്റിന് സ്വഹാബത് സംഗമിക്കുന്നു.

മുസ്നദ് അഹമ്മ്ദ് സുനനു നസാഇൗ തുടങ്ങിയ ഹദീസ് ഗ്രന്ഥങ്ങൾ ഉദ്ധരിച്ച ഒരു സ്വഹീഹായ ഹദീസ് ശ്രദ്ധിക്കുക.

أَخْبَرَنَا سَوَّارُ بْنُ عَبْدِ اللَّهِ قَالَ حَدَّثَنَا مَرْحُومُ بْنُ عَبْدِ الْعَزِيزِ عَنْ أَبِي نَعَامَةَ عَنْ أَبِي عُثْمَانَ النَّهْدِيَ عَنْ أَبِي سَعِيدٍ الْخُدْرِيِ قَالَ قَالَ مُعَاوِيَةُ رَضِيَ اللَّهُ عَنْهُ إِنَّ رَسُولَ اللهِ صلى الله عليه وسلم خَرَجَ عَلَى حَلْقَةٍ - يَعْنِي مِنْ أَصْحَابِهِ - فَقَالَ " مَا أَجْلَسَكُمْ " . قَالُوا جَلَسْنَا نَدْعُو اللَّهَ وَنَحْمَدُهُ عَلَى مَا هَدَانَا لِدِينِهِ وَمَنَّ عَلَيْنَا بِكَ . قَالَ " اللَّهِ مَا أَجْلَسَكُمْ إِلا ذَلِكَ " . قَالُوا اللَّهِ مَا أَجْلَسَنَا إِلا ذَلِكَ . قَالَ " أَمَا إِنِّي لَمْ أَسْتَحْلِفْكُمْ تُهَمَةً لَكُمْ وَإِنَّمَا أَتَانِي جِبْرِيلُ عَلَيْهِ السَّلَامُ فَأَخْبَرَنِي أَنَّ اللَّهَ عَزَّ وَجَلَّ يُبَاهِي بِكُمُ الْمَلَائِكَةَ. "

**مسند أحمد 28/50 أحمد بن حنبل (ت) (241) سنن النسائي : 8/249 المعجم الكبير للطبراني 19/311 الطبراني (ت (360) الإمام البيهقي شعب الإيمان 70/2**

സ്വഹാബത്തിന്റെ ഒരു മജ്ലിസിലേക്ക് മുത്ത്നബി(സ) കയറി വന്നു ചോദിച്ചു: "നിങ്ങൾ എന്തുദ്ദേശത്തിലാണിവിടെ കൂടിയിരിക്കുന്നത്.?" സ്വഹാബത്ത് ഒന്നടങ്കം പറഞ്ഞു: "നബിയേ... ഞങ്ങൾക്ക് ഹിദായത്ത് ലഭിച്ചതിനും, അങ്ങയെകൊണ്ട് അല്ലാഹു ഞങ്ങൾക്ക് അനുഗ്രഹം ചെയ്തതിന്റെ പേരിലും റബ്ബിന് സ്തുതി പറയാനും ദുആ ചെയ്യാനും വേണ്ടിയാണ് ഞങ്ങൾ ഒരുമിച്ചു കൂടിയത്." നബി(സ)ചോദച്ചു. "അത് മാത്രമാണോ നിങ്ങ

ളുടെ ലക്ഷ്യം?" സ്വഹാബത്ത് പറഞ്ഞു. അതെ, മറ്റൊരു ലക്ഷ്യവുമില്ല നബിയേ..നബി പറഞ്ഞു "നിങ്ങളെ തെറ്റിദ്ധരിച്ചത് കൊണ്ടല്ല ഇങ്ങനെ ചോദിച്ചത്. തീർച്ചയായും ജിബ്‌രീൽ(അ) എന്നോട് ഇങ്ങിനെ അറിയിച്ചു. "തീർച്ചയായും മലക്കുകളുടെ അരികിൽ അല്ലാഹു നിങ്ങളെ കൊണ്ട് അഭിമാനം പറയുകയാണ്" **അഹ്മദ് (16835) നസാഈ(5426) ത്വബ്റാനി(701) ബൈഹഖി (529)**

മുത്ത് നബിയെ കൊണ്ട് റബ്ബ് നൽകിയ അനുഗ്രഹത്തിന് നന്ദിപറയൽ എന്ന മൗലിദിന്റെയും നബിദിനാഘോഷത്തിന്റെയും ആത്യന്തിക ലക്ഷ്യമാണ് ഈ ഹദീസിൽ വ്യക്തമായി കാണാൻ സാധിച്ചത്. ഈഹദീസ് അൽബാനി പോലും സ്വഹീഹാണെന്ന് പറയുന്നുണ്ട്.

## അബൂലഹബിനും അനുഗ്രഹമോ?!

തിരുനബി(സ) യുടെ ജനനത്തിൽ സന്തോഷിക്കുന്നത് പുണ്യകർമ്മമാണ്. അത് നമ്മുടെ ഇരുലോകത്തും വിജയം കൈവരിക്കാനും സ്വർഗം പുൽകാനും കാരണമാകും തിരുനബി(സ) യുടെ പിതൃവ്യനായ അബൂലഹബ് തിരുജന്മത്തിൽ സന്തോഷിക്കുകയും അതിന്റെ ഭാഗമായി അനുഗ്രഹീത ജന്മം കൊണ്ടുള്ള സന്തോഷ വാർത്ത അറിയിച്ച തന്റെ അടിമ സ്ത്രീയായ സുവൈബത്തുൽ അസ്‌ലമിയ്യ(റ) യെ മോചിപ്പിക്കുകയും ചെയ്ത കാരണത്താൽ നരകത്തിൽ തിങ്കളാഴ്ച ദിവസം ശിക്ഷ ലഘൂകരിക്കപ്പെടുകയും പാനീയം ലഭിക്കുകയും ചെയ്തു.

ഇമാം ബുഖാരി(റ) തന്റെ സ്വഹീഹിൽ ഉദ്ധരിക്കുന്നു:

وثويبة مولاة لأبي لهب، كان أبو لهب أعتقها فأرضعت النبي ﷺ، فلما مات أبو لهب أريه بعض أهله بشر حيبة، قال له: ماذا لقيت؟ قال أبو لهب: لم ألق بعدكم غير أني سقيت في هذه بعتاقتي ثويبة. **(صحيح البخاري:٥١٠١)**

“സുവൈബത്തിനെ തന്റെ ഉടമയായ അബൂലഹബ് മോചിപ്പിക്കുകയും അവർ തിരുനബി(സ)ക്ക് മുലകൊടുക്കുകയും ചെയ്തു. അങ്ങനെ അബൂലഹബ് മരണപ്പെട്ടപ്പോൾ അദ്ദേഹത്തെ ചില കുടുംബക്കാർ മോശമായ അവസ്ഥയിൽ സ്വപ്നത്തിൽ കാണുകയുണ്ടായി. അവർ അദ്ദേഹത്തോട് ചോദിച്ചു: നിങ്ങൾ എന്താണ് മരണ ശേഷം അഭിമുഖീകരിച്ചത്? “സുവൈബത്തിനെ മോചിപ്പിച്ച കാരണത്താൽ എനിക്ക് പാനീയം നൽകപ്പെടുന്നു എന്നല്ലാതെ മറ്റൊരു സുഖവും എനിക്ക് ലഭിക്കുന്നില്ല” എന്നായിരുന്നു അബൂലഹബിന്റെ മറുപടി” **(സ്വഹീഹുൽ ബുഖാരി: 5101).**

അബൂലഹബിന് ഈ അനുഗ്രഹം ലഭിച്ചത് തിരുനബി (സ) യുടെ ജന്മത്തിൽ സന്തോഷിച്ചത് കൊണ്ടാണെന്ന് നിരവധി പണ്ഡിതന്മാർ രേഖപ്പെടുത്തുന്നുണ്ട്.

ഇമാം ഹള്റമി(റ) എഴുതുന്നു:

قال الإمام الحضرمي: قلت: فتخفيف العذاب عنه إنّما هو كرامة للنّبيّ صلى الله عليه وسلم كما خفّف عن أبي طالب، لا لأجل مجرّد العتق لقوله تعالى وَحَبِطَ ما صَنَعُوا فِيها وَباطِلٌ ما كانُوا يَعْمَلُونَ. **(حدائق الأنوار 107)**

ഹാഫിള് ഇബ്നു കസീർ:

وذكر السهيلي وغيره: إن الرائي له هو أخوه العباس وكان ذلك بعد سنة من وفاة أبي لهب بعد وقعة بدر، وفيه أن أبا لهب قال للعباس: إنه ليخفف علي في مثل يوم الاثنين قالوا: لأنه لما بشرته ثويبة بميلاد ابن أخيه محمد بن عبد الله أعتقها من ساعته فجوزي بذلك لذلك. **(البداية والنهاية 332/2)**

ഇമാം ഇബ്നു ഹജർ അൽ അസ്ഖലാനി(റ):

قال الإمام ابن حجر العسقلاني: وكان أبو لهب أعتقها فأرضعت النبي صلى الله عليه وسلم ظاهره أن عتقه لها كان قبل إرضاعها والذي في السير يخالفه وهو أن أبا لهب أعتقها قبل الهجرة وذلك بعد الإرضاع بدهر طويل وحكى السهيلي أيضا أن عتقها كان قبل الإرضاع ... وذكر السهيلي أن العباس قال لما مات أبو لهب رأيته في منامي بعد

حول في شر حال فقال ما لقيت بعدكم راحة إلا أن العذاب يخفف عني كل يوم اثنين قال وذلك أن النبي صلى الله عليه وسلم ولد يوم الاثنين وكانت ثويبة بشرت أبا لهب بمولده فأعتقها. **(فتح الباري 142/10)**

വഹാബികളുടെ പൂർവ്വിക നേതാവ് ഇബ്നുൽ ഖയ്യിമും ഇത് പറയുന്നുണ്ട്:

📖 قال ابن القيم: ولما وُلِدَ النبيُّ صلى الله عليه وسلم بَشَّرتْ به ثُوَيْبَةُ عمَّه أبا لهبٍ ـ وكان مَوْلَاهَا ـ وقالت: قد وُلِدَ الليلةَ لعبدِ اللهِ ابنٌ، فأَعْتَقَها أبو لهبٍ سرورًا به، فلم يضيِّعِ اللهُ ذلك له، وسَقَاهُ بعد موته في النُّقْرَةِ التي في أَصْلِ إِبْهَامِهِ. **(تحفة المولود 27/1)**

തിരുജന്മത്തിൽ സന്തോഷിച്ചതിന് കാഫിറായ അബൂലഹബിന് ഇങ്ങനെ നൽകപ്പെട്ടിട്ടുണ്ടെങ്കിൽ തിരുനബി(സ) യുടെ ജനനത്തിൽ സന്തോഷിക്കുന്ന മുഅ്മിനീങ്ങൾ എന്തു കൊണ്ടും പ്രതിഫലം പ്രതീക്ഷിക്കപ്പെടേണ്ടവരാണെന്നത് വളരെ വ്യക്തമാണ്. ഈ ആശയം നിരവധി പണ്ഡിതന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തുന്നുണ്ട്.

ഇമാം ഇബ്നുൽ ജസരി(റ) അബൂലഹബ് സുവൈബത്തിനെ മോചിപ്പിച്ച സംഭവം ഉദ്ധരിച്ച ശേഷം പറയുന്നു:

قال الإمام ابن الجزري: قد رؤي أبو لهب بعد موته في النوم، فقيل له: ما حالك، فقال: في النار، إلا أنه يخفف عني كل ليلة اثنين وأمص من بين أصبعي ماء بقدر هذا - وأشار لرأس أصبعه - وأن ذلك بإعتاقي لثويبة عندما بشرتني بولادة النبي ﷺ وبإرضاعها له. فإذا كان أبو لهب الكافر الذي نزل القرآن بذمه جوزي في النار بفرحه ليلة مولد النبي ﷺ به، فما حال المسلم الموحد من أمة النبي ﷺ يسر. بمولده ويبذل ما تصل إليه قدرته في محبته ﷺ؛ لعمري إنما يكون جزاؤه من الله الكريم أن يدخله بفضله جنات النعيم. **(عرف التعريف بالمولد الشريف للإمام ابن الجزري 33)**

“കാഫിറും ഖുർആൻ പേരെടുത്ത് പറഞ്ഞ് ആക്ഷേപിച്ചവനുമായ അബൂലഹബിന് തിരുജന്മത്തിൽ സന്തോഷിച്ചതിനു പകരമായി നരകത്തിൽ ഇങ്ങനെ ഒരുപ്രതിഫലം ലഭിച്ചിട്ടുണ്ടെ

ങ്കിൽ തിരുനബി(സ) യുടെ ജനനത്തിൽ സന്തോഷം പ്രകടിപ്പിക്കുന്ന മുഅ്മിനീങ്ങളുടെ പ്രതിഫലം സ്വർഗ്ഗ പ്രവേശനം മാത്രമായിരിക്കണം.”

ഇമാംഇബ്നു നാസിറുദ്ദീൻ അദിമഷ്ഖി(റ) പദ്യരൂപത്തിൽ രേഖപ്പെടുത്തുന്നു:

| | |
|---|---|
| إذا كــان هذا كـــافرا جــاء ذمــه | وتبت يداه في الجحيم مخلدا |
| أتى أنـــه في يـوم الاثنـين دائمــا | يخفف عنه للسرور بأحمـدا |
| فما الظن بالعبد الذي طول عمره | بأحمد مسرورا ومات موحدا |

"കാഫിറും നരകത്തിൽ ശാശ്വതനുമായ അബൂലഹബിന് തിരുജന്മത്തിൽ സന്തോഷം പ്രകടിപ്പിച്ചതിന് പകരമായി തിങ്കളാഴ്ച ദിവസം ശിക്ഷ ലഘൂകരിക്കപ്പെടുമെങ്കിൽ മുഅ്മിനീങ്ങളെ കുറിച്ച് നാം എങ്ങനെയാണ് ഭാവിക്കേണ്ടത്".

നിരവധി പണ്ഡിതന്മാർ ഈ നൽകിയ വിശദീകരണങ്ങൾ അംഗീകരിച്ച് അവരുടെ ഗ്രന്ഥങ്ങളിൽ എടുത്ത് ഉദ്ധരിച്ചിട്ടുണ്ട് ചില ഉദാഹരണങ്ങൾ:-

- ഇമാം സുയൂത്വി(റ) (الحاوي للفتاوي للإمام السيوطي 230/1)
- ഇമാം ഖസ്ത്വല്ലാനി(റ) (المواهب اللدنية للإمام القسطلاني 262/11)
- ഇമാം ഷാമി(റ) (سبل الهدى والرشاد للإمام الشامي 367/1)
- ഇമാം ദിയാർ അൽ ബക്‌രി(റ) (تاريخ الخميس 222/1)
- ഇമാം ഇബ്നു ഖാസിം അബ്ബാദി(റ)(حاشية ابن قاسم 425/7)
- ഇമാം സയ്യിദുൽ ബക്‌രി(റ) (إعانة الطالبين 364/1)
- ഇമാം ഷർവാനി(റ) (حاشية الشرواني 423/7)
- ഇമാം സയിദ് അലവി അസ്സഖാഫ്(റ) (ترشيح المستفيدين 32)

സ്വപ്നക്കഥയല്ലേ ഇതെന്ന് ബിദ്അതുകാർ പറയാറുണ്ട്.യ ഥാർത്ഥത്തിൽ ഇതുദ്ധരിച്ച ഇമാം ബുഖാരിയും അവിടുത്തെ സ്വഹീഹും അതിനെ അംഗീകരിച്ച എണ്ണമറ്റ അഇമമ്മതുമാണ് സുന്നികൾക്ക് ഏറ്റവും വലിയ തെളിവ്. സ്വഹീഹുൽ ബുഖാരി ബുഖാരിയിൽ സ്വഹീഹായ ഹദീസുകൾ മാത്രമേ രേഖപ്പെടു ത്തൂവെന്ന് ഇമാംബുഖാരി(റ) തീർച്ചപ്പെടുത്തി എഴുതിയ ഗ്രന്ഥ മാണ്. തനിക്ക് സ്വഹീഹായി ലഭിച്ച എല്ലാ ഹദീസുകളും ഇമാം ബുഖാരി ഇമാം ഈ ബുഖാരിയിൽ ഉദ്ധരിച്ചിട്ടില്ല എന്ന് ബുഖാ രി ഇമാം തന്നെ പറഞ്ഞിട്ടുണ്ട്. ഈ സ്വഹീഹുൽ ബുഖാരിയി ലാണ് ഇമാം ബുഖാരി ഈ സംഭവം ഉദ്ധരിക്കുന്നത്. സ്വപ്നത്തി ന് ളഈഫിന്റെ അത്രപോലും സ്ഥാനമില്ല. എന്നിട്ടു പോലും നൂറിൽ നൂറ്റിപ്പത്ത് ശതമാനം സ്വഹീഹ് പറയുന്ന ഈ കിതാ ബിൽ എന്തു കൊണ്ട് ഈ സംഭവം പറഞ്ഞു എന്നതാണ് താണ് സുന്നികൾ മുഖവിലക്കെടുക്കുന്നത്. അതും ഖുർആൻ പച്ചക്ക് നരകത്തിലാണെന്ന് വ്യക്തമാക്കിയ അബൂലഹബിന് നരകത്തിൽ ഇളവുണ്ടെന്ന് പറയുന്ന സ്വപ്നം. ഇവിടെയാണ് ഇ മാം ബുഖാരിയുടെ ആദർശം നമുക്ക് വായിച്ചെടുക്കാൻ സാധി ക്കുന്നത്. കാരണം സ്വപ്നത്തിലുള്ള മാറ്റർ മുത്ത് നബി(സ)യുടെ ജന്മത്തിൽ സന്തോഷിച്ചതിന്റെ മഹത്വമാണ്! അതും മുത്ത് ന ബി(സ)യുടെ കൊടിയ ശത്രുവായ കാഫിറിന് പോലും കിട്ടിയ മഹത്വം.

ഈ സ്വപ്നം കൊണ്ട് മാത്രം ഖണ്ഡിതമായി അബൂലഹബി ന് നരകത്തിൽ ഇളവ് ഉണ്ടെന്നോ ഇല്ലെന്നോ പറയാൻ കഴി യില്ലെന്നത് സത്യമാണ്. ഇല്ലെന്ന് പറയാൻ വഹാബികൾ ചില ന്യായങ്ങൾ പറയാറുണ്ട്. ചില ഇബാറതുകൾ മുറിച്ച് തെറ്റുദ്ധ രിപ്പിക്കാറുണ്ട്. അതൊന്ന് നമുക്ക് പരിശോധിക്കാം.

കാഫിരീങ്ങൾ നല്ല കാര്യങ്ങൾ ചെയ്താൽ അതിന് ആഖിറ ത്തിൽ പ്രയോചനമുണ്ടാകില്ലെന്നത് ദീനിന്റെ അടിസ്ഥാന തത്വ

മാണ്. ഇത് ഇമാം അസ്ഖലാനി(റ) ഫത്ഹുൽ ബാരിയിൽ പറഞ്ഞിട്ടുണ്ട്. അത് കാഫിരീങ്ങൾക്ക് അമലുകൾക്ക് പ്രയോചനമുണ്ടെന്ന് പറയാൻ ഈ സംഭവത്തെ തെളിവാക്കാൻ പറ്റില്ലെന്ന് പറഞ്ഞതാണ്. അതിനുള്ള ഒരു കാരണമാണ് നാം മുമ്പ് പറഞ്ഞത്. ഇത് സ്വപ്നമാണ്. ഈ സ്വപ്നം കണ്ടുവെന്നത് സത്യമാണെങ്കിൽ പോലും അതിലെ ആശയത്തിന് യാഥാർത്ഥ്യമുണ്ടോ ഇല്ലയോ എന്ന് തിരിച്ചറിയാൻ കഴിയില്ല. അത് കൊണ്ട് ഹുക്മ് ഒരിക്കലും സ്ഥിരപ്പെടുത്താനോ ഇല്ലെന്ന് പറയാനോ കഴിയില്ല. ഇത് സുന്നികളും അംഗീകരിക്കുന്ന കാരണമാണ്.

രണ്ടാമത്തെയും മൂന്നാമത്തെയും കാരണം ഇമാം അസ്ഖലാനി(റ) പറഞ്ഞിട്ടുണ്ട്. അത് വഹാബികൾ മറച്ചു വെക്കാറാണ് പതിവ്. അവിടുന്ന് പറയുന്നു.

وَثَانِيًا عَلَى تَقْدِيرِ الْقَبُولِ فَيَحْتَمِلُ أَنْ يَكُونَ مَا يَتَعَلَّقُ بِالنَّبِيِّ ﷺ مَخْصُوصًا مِنْ ذَلِكَ بِدَلِيلِ قِصَّةِ أَبِي طَالِبٍ كَمَا تَقَدَّمَ أَنَّهُ خُفِّفَ عَنْهُ **(فتح الباري:145/9)**

രണ്ടാമതായി, സ്വപ്നം തെളിവാണെന്ന് വെച്ചാൽ പോലും, ഇത് മുത്ത് നബി(സ)യോട് ബന്ധപ്പെട്ട കാര്യമായതുകൊണ്ട് അബൂ ലഹബിന് മാത്രം അല്ലാഹു നൽകിയ അനുഗ്രഹമാണെന്ന് പറയാനാകും. കാരണം സമാനമായ ശിക്ഷയിലെ ഇളവ് കാഫിറായി മരണപ്പെട്ട അബൂത്വാലിബിന് ജീവിത കാലം മുഴുവൻ മുത്ത് നബിയെ സംരക്ഷിച്ചു വളർത്തിയെന്നതു കൊണ്ട് ലഭിച്ചിട്ടുണ്ട് എന്നത് തന്നെ.. **(ഫത്ഹുൽ ബാരി:9/145)**

ഇനി മൂന്നാമിതായി ഇമാം ബൈഹഖി(റ) പറഞ്ഞ അഭിപ്രായവും ഉബ്നു ഹജറുൽ അസ്ഖലാനി ഉദ്ധരിക്കുന്നുണ്ട്.

وَقَالَ الْبَيْهَقِيُّ مَا وَرَدَ مِنْ بُطْلَانِ الْخَيْرِ لِلْكُفَّارِ فَمَعْنَاهُ أَنَّهُمْ لَا يَكُونُ لَهُمُ التَّخَلُّصُ مِنَ النَّارِ وَلَا دُخُولُ الْجَنَّةِ وَيَجُوزُ أَنْ يُخَفَّفَ عَنْهُمْ مِنَ الْعَذَابِ الَّذِي يَسْتَوْجِبُونَهُ عَلَى مَا ارْتَكَبُوهُ مِنَ الْجَرَائِمِ سِوَى الْكُفْرِ بِمَا عَمِلُوهُ من الْخَيْرَاتِ **(فتح الباري:145/9)**

കാഫിരീങ്ങൾക്ക് നല്ല അമലുകൾ പ്രയോജനപ്പെടില്ലെന്ന് പറഞ്ഞതിനർത്ഥം നരകത്തിലെ ശിക്ഷയിൽ നിന്ന് രക്ഷപ്പെട്ട് സ്വർഗ്ഗത്തിൽ കടക്കാനാകില്ലെന്നാണ്. ആഅമലുകൾ കാരണം അവർക്ക് നരകത്തിൽ തന്നെ ശിക്ഷയിൽ ഇളവുകൾ ഉണ്ടാകുന്നതിന് വിരോധമില്ല. കാരണം കുഫ്റാണ് അവരെ നരകത്തിൽ ശാശ്വതരാക്കിയത്..(**ഫത്ഹുൽ ബാരി:9/145**)

ശേഷം അസ്ഖലാനി ഇമാം "ഞാൻ പറയുന്നു"വെന്ന് പറഞ്ഞുകൊണ്ട് ഇമാം ബൈഹഖിയുടെ അഭിപ്രായത്തോട് ഖാളീ ഇയാള് പറഞ്ഞ ഇജ്മാഅ് എതിരാവില്ലെന്ന് കൂടെ പറഞ്ഞു ഇമാം ബൈഹഖിയെ പൂർണ്ണമായി പിന്തുണക്കുന്നുണ്ട്.

قُلْتُ وَهَذَا لَا يَرُدُّ الِاحْتِمَالَ الَّذِي ذَكَرَهُ الْبَيْهَقِيُّ فَإِنَّ جَمِيعَ مَا وَرَدَ مِنْ ذَلِكَ فِيمَا يَتَعَلَّقُ بِذَنْبِ الْكُفْرِ وَأَمَّا ذَنْبُ غَيْرِ الْكُفْرِ فَمَا الْمَانِعُ مِنْ تَخْفِيفِهِ(**فتح الباري:145/9**)

# നബിദിനാഘോഷം;

# അഇമ്മത്തിന്റെ ഗ്രന്ഥങ്ങളിൽ

നൂറ്റാണ്ടുകളായി ലോക മുസ്ലിമീങ്ങൾ ഒന്നടങ്കം വളരെ ആവേശത്തോടെ നബിദിനാഘോഷം കൊണ്ടാടുമ്പോൾ ഈ കാലഘട്ടങ്ങളിലെല്ലാം ജീവിച്ച ഇസ്ലാമിലെ അഇമ്മതുകൾ അതിനെ നിരീക്ഷിച്ചത് എങ്ങനെയാണെന്ന് അറിഞ്ഞിരിക്കണമല്ലോ!

ഇമാം ത്വബ്റാനി(റ) ഉദ്ധരിക്കുന്ന ഒരുഹദീസിൽ കാണാം:

وفي معجم الاوسط للطبراني: عن علي قال: قلت: يا رسول الله، إن نزل بنا أمر ليس فيه بيان: أمر ولا نهي، فما تأمرنا؟ قال: «تشاورون الفقهاء والعابدين، ولا تمضوا فيه رأي خاصة. **(المعجم الاوسط بالطبراني ١٦١٨)**

ശർഇൽ വ്യക്തമായ കൽപ്പനയോ വിരോധനയോ വന്നിട്ടില്ലാത്ത കാര്യങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നാൽ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?' എന്ന് അലി(റ) തിരുനബി(സ)യോട് ചോദിച്ചപ്പോൾ അവിടുന്ന് മറുപടി പറഞ്ഞു: "അത് നിങ്ങൾ പണ്ഡി

തന്മാരോട് ചോദിക്കണം സ്വന്തമായി ഒരു വീക്ഷണം സ്വീകരിക്കാൻ പാടില്ല" എന്നാണ്.

പ്രമാണങ്ങളെ പോലെ പണ്ഡിതന്മാരുടെ അഭിപ്രായത്തിലേക്ക് ഇറങ്ങിയാൽ നബിദിനത്തിന്റെ കാര്യത്തിൽ തങ്ങളുടെ വാദങ്ങൾക്ക് നിലനിൽപ്പില്ലെന്ന് മനസ്സിലാക്കിയ നബിദിന വിരോധികൾ ഈ ഹദീസിന്റെ സ്വീകാര്യതയെ നിഷേധിക്കാറുണ്ട്. എന്നാൽ ഈ ഹദീസിന്റെ സ്വീകാര്യതയെ കുറിച്ച് ഇമാം ഹാഫിള് നൂറുദ്ദീനുൽ ഹൈസമി(റ) പറയുന്നത് കാണുക:

قال الإمام نور الدين الهيثمي: رواه الطبراني في الأوسط، ورجاله موثقون من أهل الصحيح. **(مجمع الزوائد ١/١٧٨)**

ഇതിന്റെ പരമ്പരിലെ റിപ്പോർട്ടർമാരെല്ലാം സ്വീകാര്യയോഗ്യരാണ്. **(മജ്മഉസ്സവാഇദ്: 1/178)**

പരിശുദ്ധ ദീനിൽ വ്യക്തമായ കൽപ്പനയോ വിരോധനയോ നബിദിനാഘോഷത്തിൽ വന്നിട്ടില്ലെന്ന് പ്രതികൂലികൾ അംഗീകരിക്കുന്നു. അത് കൊണ്ട് തന്നെ അതിന്റെ വിധി പണ്ഡിതന്മാരാണ് പറയേണ്ടത്. ഈ വിഷയത്തിലെ പണ്ഡിതന്മാരുടെ വാക്കുകൾ നമുക്ക് പരിശോധിക്കാം.

## ഇമാമീങ്ങൾ വിശദീകരിക്കുന്നു

### ഇമാം സുയൂതി(റ):

നബിദിന ആഘോഷത്തെക്കുറിച്ച് മഹാനോട് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു:

قال الامام السيوطي: قد وقع السؤال عن عمل المولد النبوي في شهر ربيع الأول، ما حكمه من حيث الشرع؟ وهل هو محمود أو مذموم؟ وهل يثاب فاعله أو لا؟ الجواب: عندي أن أصل عمل المولد الذي هو اجتماع الناس وقراءة ما تيسر من القرآن ورواية

الأخبار الواردة في مبدأ أمر النبي ﷺ وما وقع في مولده من الآيات، ثم يمد لهم سماط يأكلونه وينصرفون من غير زيادة على ذلك - هو من البدع الحسنة التي يثاب عليها صاحبها لما فيه من تعظيم قدر النبي ﷺ وإظهار الفرح والاستبشار بمولده الشريف. **(الحاوي للفتاوي للإمام السيوطي 221/1)**

"നബിദിനാഘോഷം വന്നാൽ ജനങ്ങൾ ഒരുമിച്ചു കൂടലും ഖുർആനിൽ നിന്ന് ചില ഭാഗങ്ങളും തിരു നബി(സ) യുടെ ജനന സമയത്തുണ്ടായ ദൃഷ്ടാന്തങ്ങൾ പരാമർശിക്കുന്ന ഹദീസുകളും പാരായണം ചെയ്ത് ഭക്ഷണം വിതരണം ചെയ്ത് പിരിയലാണ്. ഇത് തിരു നബി(സ) യെ ആദരിക്കലാണ് എന്നത് കൊണ്ട് തന്നെ നല്ല ബിദ്അത്താണ്."

ഈ ഫത്‌വ നിരവധി പണ്ഡിതന്മാർ എടുത്തുദ്ധരിച്ച് അംഗീകരിക്കുന്നുണ്ട്:

- ഇമാം ഷാമി (റ)(سبل الهدى والرشاد للإمام الشامي 367/1)
- ഇമാം ശർവാനി (റ) (حاشية الشرواني 422/7)
- ഇബ്നു ഖാസിമുൽ അബ്ബാദി (റ)(حاشية ابن قاسم 497/7)
- ഇമാം സയ്യിദുൽ ബക്‌രി (റ) (إعانة الطالبين 414/3)
- സയ്യിദ് അലവി അസ്സഖാഫ്(റ) (ترشيح المستفيدين ٣٢٥)

നബിദിനാഘോഷം സുന്നത്ത് ആണ് എന്ന് തന്നെ ഇമാം സുയൂത്വി (റ) പറയുന്നു:

فيستحب لنا أيضا إظهار الشكر بمولده بالاجتماع وإطعام الطعام ونحو ذلك من وجوه القربات وإظهار المسرات. **(الحاوي للفتاوي للإمام السيوطي.: 23/1)**

"തിരുജന്മത്തിൽ സന്തോഷിച്ച് ഒരുമിച്ചു കൂടലും ഭക്ഷണം നൽകലും മറ്റു നല്ല കാര്യങ്ങളും നമുക്ക് സുന്നത്താണ്". **(അൽ ഹാവീ ലിൽ ഫതാവാ:1/230)**

ഇതും നിരവധി പണ്ഡിതന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ ഉദ്ധരിക്കുന്നുണ്ട്.

- ഇമാം ഷാമി (റ)(367/1 سبل الهدى والرشاد)
- ഇമാം സർഖാനി (റ) 264/1 شرح الزرقاني على المواهب اللدنية))
- ഇമാം ഹലബി (റ) (117/1 السيرة الحلبية)

## ഇമാം ഖസ്ത്വല്ലാനി(റ)

ഇമാം ഖസ്ത്വല്ലാനി (റ) പറയുന്നു:

قال الإمام القسطلاني: ولا زال أهل السلام يحتفلون بشهر مولده، ويعملون الولائم، ويتصدقون فى لياليه بأنواع الصدقات، ويظهرون السرور، ويزيدون فى المبرات. ويعتنون بقراءة مولده الكريم، ويظهر عليهم من بركاته كل فضل عميم. **(المواهب اللدنية للإمام القسطلاني 89/1)**

"റബീഉൽ അവ്വൽ മാസത്തിൽ മൗലിദ് ആഘോഷിക്കലും ഭക്ഷണവും മറ്റു ദാനധർമ്മങ്ങളും നൽകലും സന്തോഷം പ്രകടിപ്പിക്കലും ആരാധനകൾ വർദ്ധിപ്പിക്കലും മുസ്ലിമീങ്ങൾ കാലങ്ങളായി തുടർന്ന് പോരുന്നതാണ്. അവർക്കതുകാരണത്താൽ അവരുടെ എല്ലാകാര്യങ്ങളിലും ബറകത് പ്രകടമായിക്കാ ണും.

## ഇമാം ദിയാർ അൽ ബക്‌രി (റ)

ഇമാം ദിയാർ അൽ ബക്‌രി (റ) ഇമാം ഖസ്ത്വല്ലാനി (റ) ന്റെ വാക്കുകൾ ഉദ്ധരിക്കുന്നുണ്ട്. (താരീഖുൽ ഖമീസ്: 1223)

## ഇമാം സഖാവി(റ)

സമാനമായി ഇമാം സഖാവി(റ) ഫത്‌വ നൽകുന്നു:

قال الإمام السخاوي: سئلت عن أصل عمل المولد الشريف؟

فأجبت: لم ينقل عن أحد من السلف الصالح في القرون الثلاثة الفاضلة، وإنما حدث بعد، ثم ما زال أهل الإسلام في سائر الأقطار والمدن العظام يحتفلون في شهر

مولده ﷺ وشرف وكرم يعملون الولائم البديعة المشتملة على الأمور البهجة الرفيعة، ويتصدقون في لياليه بأنواع الصدقات، ويظهرون السرور، ويزيدون في المبرات بل يعتنون بقراءة مولده الكريم وتظهر عليهم من بركات كل فضل عميم بحيث كان مما جرب. **(الأجوبة المرضية للإمام السخاوي/ رقم السؤال ٣١٦)**

ഇതും നിരവധി പണ്ഡിതന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ ഉദ്ധരിക്കുന്നുണ്ട്.

- ഇമാം ഷാമി (റ)(362/1 سبل الهدى والرشاد للإمام الشامي)
- ഇമാം സയ്യിദുൽ ബക്‌രി (റ) (364/3 حاشية إعانة الطالبين)
- ഇമാം മുല്ലാ അലിയ്യുൽ ഖാരി (റ)381/5 (مجموع الرسائل))

## ഇമാം അബൂ ശാമ(റ)

ഇമാം നവവി(റ) വിന്റെ ഉസ്താദും ഹിജ്റ 665 ൽ വഫാതായ പണ്ഡിതനുമായ ഇമാം അബൂശാമ (റ) തന്റെ കാലഘട്ടം വരെ പ്രചരിച്ചതായ ബിദ്അതുകളെ വിമർശിക്കാൻ വേണ്ടി രചിച്ച ഗ്രന്ഥത്തിൽ നബിദിനാഘോഷത്തെ കുറിച്ചു എഴുതുന്നത് കാണുക:

قال الإمام ابو شامة: من أحسن ما ابتدع في زماننا من هذا القبيل ما كان يفعل بمدينة اربل جبرها الله تعالى كل عام في اليوم الموافق ليوم مولد النبي ﷺ من الصدقات والمعروف واظهار الزينة والسرور فان ذلك مع ما فيه من الاحسان الى الفقراء مشعر بمحبة النبي ﷺ وتعظيمه وجلالته في قلب فاعله وشكرا لله تعالى على ما من به من ايجاد رسوله الذي أرسله رحمة للعالمين ﷺوعلى جميع المرسلين وكان أول من فعل ذلك يالموصل الشيخ عمر بن محمد الملا أحد الصالحين المشهورين وبه اقتدى في ذلك صاحب أربل وغيره رحمهم الله تعالى. **(الباعث على إنكار البدع والحوادث للإمام ابي شامة: 23/1)**

"നബിദിനാഘോഷം ഇക്കാലത്തു കണ്ടുവരുന്ന ഏറ്റവും നല്ല ആചാരങ്ങളിൽ പെട്ടതാണ്. അത് തിരുനബി(സ) യെ ആ

ദരിക്കലും അവിടുത്തെ അല്ലാഹു നമുക്ക് നൽകിയതിനുള്ള നന്ദി പ്രകടനവുമാണ്.

അബൂശാമ(റ) വിന്റെ ഈ വാക്കുകൾ നിരവധി പണ്ഡിതന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ ഉദ്ധരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ട്.

- ഇമാം സഖാവി (റ) (الأجوبة المرضية للإمام السخاوي ١١١٧)
- ഇമാം സുയൂത്വി(റ) (الحاوي للفتاوي للإمام السيوطي 229/1)
- ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) (فتح المبين: ١٠٨) (إتمام النعمة الكبرى للإمام ابن حجر الهيتمي: ٢٣)
- ഇമാം ഹലബി(റ) (السيرة الحلبية : 137/1)
- ഇമാം ഷാമി(റ) (سبل الهدى والرشاد للإمام الشامي 363/1)
- ഇമാം സയ്യിദുൽ ബക്'രി (റ) (إعانة الطالبين 137/1)

## ഇമാം ഇബ്നുൽ ജസരി(റ)

പരിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന ഒരാൾക്കും ഒഴിച്ചു കൂടാനാകാത്ത ഖാരിഇൗങ്ങളിൽ പ്രമുഖരായ ഇമാമാണ് ഇമാം ഇബ്നുൽ ജസരി(റ). അവിടുന്ന് നബിദിനാഘോഷത്തിന്റെ മഹത്വമായി രേഖപ്പെടുത്തുന്നത് കാണുക.

قال الإمام ابن الجزري: كما جُرّب أن من فعل ذلك كان له أمانا في ذلك العام.

- إتمام النعمة الكبرى للإمام ابن حجر الهيتمي ٢٢
- الأجوبة المرضية للإمام السخاوي ١١١٦
- السيرة الحلبية للإمام الحلبي 124/1
- إعانه الطالبين للإمام السيد البكري 413/3

“നബിദിനം ആഘോഷിക്കുന്നതിലൂടെ ആ വർഷം അവർക്ക് പ്രത്യേക കാവൽ ലഭിക്കുമെന്നത് അനുഭവത്തിലൂടെ ബോധ്യപ്പെട്ട കാര്യമാണ്.”

സമാനമായി ഇമാം ഖസ്ത്വല്ലാനി (റ) വും പറയുന്നു:

قال الإمام القسطلاني: ومما جرب من خواصه أنه أمان في ذلك العام، وبشرى عاجلة بنيل البغية والمرام، فرحم الله امرأ اتخذ ليالى شهر مولده المبارك أعيادا، ليكون أشد علة على من في قلبه مرض وأعيا داء.

- المواهب اللدنية الإمام القسطلاني 89/1
- تاريخ الخميس للإمام الديار البكري 223/1

"നബിദിനം ആഘോഷിക്കുന്നതിലൂടെ ആ വർഷം അവർക്ക് പ്രത്യേക കാവൽ ലഭിക്കുമെന്നതും ആവശ്യങ്ങൾ പെട്ടെന്ന് പൂർത്തീകരിക്കപ്പെടുമെന്നതും അനുഭവജ്ഞാനമാണ്. അതിനു പുറമെ ഇത് ഹൃദയ രോഗങ്ങൾക്ക് പരിഹാരവുമാണ്".

## ഇമാം ഇബ്നു ജമാഅ(റ)

ഇമാം സഖാവി(റ) രേഖപ്പെടുത്തുന്നു

قال الامام السخاوي: وكان يعمل طعاما في المولد النبوي بالمدينة, ويطعم الناس، ويقول: لو تمكنت عملت بطول الشهر كل يوم مولدا، انتهى.

- التحفة اللطيفة في تاريخ المدينة الشريفة للإمام السخاوي 91/1
- الأجوبة المرضية للإمام السخاوي ١١١٩

"ഇബ്നു ജമാഅ(റ) ന്റെ പിതൃവ്യനായ ഇബ്റാഹീം ബുർഹാനുദ്ദീൻ ഇബ്നു ജമാഅ(റ) നബിദിനത്തിൽ പരിശുദ്ധ മദീനയിൽ ജനങ്ങളെ ഭക്ഷിപ്പിക്കാറുണ്ടായിരുന്നു. ബഹുമാനപ്പെട്ടവർ പറയുന്നു: “എനിക്ക് സാധിക്കുമായിരുന്നെങ്കിൽ ഈ മാസം മുഴുവൻ ഞാൻ തിരു ജന്മത്തിൽ ആഘോഷിക്കുമായിരുന്നു.”

## ഇമാം ഇബ്നു ത്വബ്ബാഖ്(റ)

ഇമാം ഇബ്നു ത്വബ്ബാഖ്(റ) പറയുന്നു

قال الشيخ الإمام العلامة نصير الدين المبارك الشهير بابن الطباخ في فتوى بخطه: إذا أنفق المنفق تلك الليلة وجمع جمعا أطعمهم ما يجوز إطعامه وأسمعهم ما يجوز سماعه ودفع للمسمع المشوق للآخرة ملبوسا، كل ذلك سرورا بمولده ﷺ فجميع ذلك جائز ويثاب فاعله إذ أحسن القصد. **(سبل هدى والرشاد للإمام الشامي 362/1)**

"ആരെങ്കിലും നല്ല ഉദ്ദേശത്തോടെ തിരുജന്മത്തിൽ സന്തോഷം പ്രകടിപ്പിക്കുന്നതിന്റെ ഭാഗമായി നബിദിനത്തിൽ സമ്പത്ത് ചിലവഴിച്ച് ജനങ്ങളെ ഒരുമിച്ചു കൂട്ടുകയും അവർക്ക് ഭക്ഷണം നൽകുകയും ചെയ്താൽ അതെല്ലാം അനുവദനീയവും പ്രതിഫലാർഹവുമാണ്".

പണ്ഡിത ലോകം നബിദിനത്തെ കുറിച്ചു സംസാരിച്ചതിൽ നിന്ന് അൽപ്പം മാത്രമേ ഇവിടെ ഉദ്ധരിച്ചിട്ടുള്ളൂ, ഇനിയും അനവധി ഇമാമീങ്ങളുടെ ഉദ്ധരണികൾ നമുക്ക് കാണാനാകും.

## ഫാകിഹാനിയും ഇബ്നുൽ ഹാജും!?

മുൻകഴിഞ്ഞു പോയ ഇമാമീങ്ങൾ മുഴുവനും നബിദിനാഘോഷത്തെ പ്രോത്സാഹിപ്പിക്കുകയും പ്രമാണങ്ങൾ കൊണ്ട് സ്ഥാപിക്കുകയും ചെയ്തവരാണെന്ന് അവരുടെ ഗ്രന്ഥങ്ങളിൽ നിന്ന് വായിച്ചു. എന്നാൽ ഈ വിശയത്തിൽ ഒറ്റപ്പെട്ട ചില പണ്ഡിതരെ നബിദിനത്തിനെതിരെ സംസാരിച്ചതായി കൊണ്ടു വന്ന് ആശയക്കുഴപ്പം സൃഷ്ടിക്കൽ ബിദ്അതുകാരുടെ പതിവു പ്രവർത്തിയാണ്. ഇമാം ഇബ്നുൽ ഹാജ്(റ), ഇമാം ഫാകിഹാനി(റ), എന്നിവരുടെ അഭിപ്രായങ്ങൾ ഇപ്രകാരം ഉപയോഗിക്കപ്പെടാറുണ്ടെങ്കിലും അത് നമ്മുടെ പൂർവികരായ പണ്ഡിതർ തന്നെ നിരൂപിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. അത് നമുക്കൊന്നു വിശകലനം ചെയ്യാം.

രണ്ടുപേരും മാലിക്കി മദ്ഹബിലെ പണ്ഡിതന്മാരാണ്. മാലികി മദ്ഹബിലെ ഇമാമീങ്ങൾ നബിദിനാഘോഷം കഴിക്കണം

എന്നത് തന്നെയാണ്. നിരവധി മാലികി പണ്ഡിതന്മാർ അത് വ്യക്തമാക്കിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ കാണാം.

## ഇമാം ഇബ്നു അബ്ബാദ്(റ)

ഹിജ്റ 792 വഫാത്തായ മാലിക്കി മദ്ഹബിലെ വലിയ പണ്ഡിതനും സൂഫിവര്യനുമായ ഇമാം ഇബ്നുഅബ്ബാദ് അനഫ്രി(റ) തിരുജന്മം മുസ്ലിമീങ്ങളുടെ ആഘോഷങ്ങളിൽ പെട്ട ഒരു ആഘോഷവും പെരുന്നാളിൽ പെട്ട ഒരു പെരുന്നാളുമായിട്ടാണ് പരിചയപ്പെടുത്തുന്നത്. ആ ദിനത്തിൽ കണ്ണിനും കാതിനും കുളിർമയേകുന്ന വിധം അലങ്കാരങ്ങളെ കൊണ്ടും മധുരഗീതങ്ങളെകൊണ്ടും സന്തോഷിക്കാനും മഹാൻ ആവശ്യപ്പെടുന്നു.

قال الإمام ابن عباد النفري: ... أنه عيد من أعياد المسلمين، وموسمٌ من مواسمهم، وكل ما يقتضيه الفرح والسرور بذلك المولد المبارك، من إيقاد الشمع وإمتاع البصر، وتنزه السمع والنظر، والتزيُّن بما حسن من الثياب...أمر يباح لا ينكر. **(نزهة النظر للإمام ابن عباد النفري 52)**

## ഇമാം സർഖാനി (റ)

മാലികി മദ്ഹബിലെ പ്രധാന പണ്ഡിതനായ ഇമാം സർഖാനി(റ) ഇമാം ഖസ്ത്വല്ലാനി(റ) യുടെ 'അൽ മവാഹിബു ല്ലദുനിയ്യ'യുടെ വിശദീകരണ ഗ്രന്ഥത്തിൽ പേജുകളോളം നബിദിനാഘോഷത്തെ തെളിവുകളുടെ വെളിച്ചത്തിൽ സമർപ്പിക്കുന്നുണ്ട്. ഒപ്പം ഇമാം ഇബ്നു ഹാജ്(റ) വിന്റെ അഭിപ്രായത്തിനെ നിരൂപിക്കുന്നുമുണ്ട്. (شرح المواهب اللدنية للإمام الزرقاني ١/ ١٥٩-١٦٥)

## ഇമാം വൻശരീശി (റ)

ഇബിനു അബ്ബാദ് അനഫ്രി(റ) നബി ജന്മദിനം ഈദാക്കണം എന്ന് പറഞ്ഞതിനെ ഹിജ്റ 914 വഫാത്തായ മാലികി മദ്ഹബുക്കാരനായ ഇമാം അഹ്മദ് അൽവൻശരീസി(റ) എടു

ത്ത് ഉദ്ധരിച്ച് അംഗീകരിക്കുന്നുണ്ട്. ( المعيار المعرب للإمام الونشريسي)
278/ 11

ഇനിയും ധാരാളം മാലിക്കീ പണ്ഡിതന്മാർ നബിദിനാഘോഷത്തെ അംഗീകരിച്ചതായി കാണാൻ സാധിക്കും.

## • ഇമാം ഫാക്കിഹാനി(റ)

അൽ ഫജ്റുൽ മുനീർ എന്ന നബി(സ) യുടെ പ്രശസ്ത മൌലിദ് ഗ്രന്ഥം രചിച്ച ഇമാം ഫാകിഹാനി(റ) തന്റെ കാലഘട്ടത്തിലെ നബിദിനാഘോഷത്തിലെ ചില അരുതായ്മകൾ കാരണം നബിദിനാഘോഷത്തെ പാടെ വിമർശിച്ചതിന് ഇമാം സുയൂത്വി (റ)തന്റെ ഹാവിലിൽ ഫതാവയിൽയിൽ കൃത്യമായി അക്ഷരം പ്രതി മറുപടി നൽകിയിട്ടുണ്ട്.

وقال الإمام السيوطي: وقد ادعى الشيخ تاج الدين عمر بن علي اللخمي السكندري المشهور بالفاكهاني من متأخري المالكية أن عمل المولد بدعة مذمومة وألف في ذلك كتابًا سماه المورد في الكلام على عمل المولد وأنا أسوقه هنا برمته وأتكلم عليه حرفًا حرفًا. **(الحاوي للفتاوي للإمام السيوطي 1/ 223)**

ഇമാം സുയൂത്വി(റ) ഇമാം ഫാകിഹാനി(റ)നെ ഖണ്ഡിച്ച് ഗ്രന്ഥം എഴുതിയതിനെ അംഗീകരിച്ച് സർട്ടിഫൈ നൽകി പ്രത്യേകം മദ്ഹ് പറയുകയാണ് ഇമാം ഇബ്നു ഖാസിം(റ) തുഹ്ഫയുടെ വ്യാഖ്യാനത്തിൽ ചെയ്തത്.

قال الإمام ابن قاسم العبادي: ثم حكى [أي: الإمام السيوطي] أن الشيخ تاج الدين عمر بن علي اللخمي السكندري المشهور بالفاكهاني من متأخري المالكية ادعى أن عمل المولد بدعة مذمومة ألف في ذلك كتابا سماه المورد في الكلام على عمل المولد ثم سرده برمته ثم نقده أحسن نقد ورده أبلغ رد فلله دره من حافظ إمام. **(حاشية ابن قاسم العبادي على تحفة المحتاج: ٧/٤٢٤)**

ഇമാം സുയൂത്വി(റ) യുടെ പ്രസ്തുത ഖണ്ഡനം ഇതുപോലെ നിരവധി പണ്ഡിതന്മാർ അംഗീകരിച്ച് അവരുടെ ഗ്രന്ഥങ്ങളിൽ

എടുത്തു ഉദ്ധരിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ പരിചയപ്പെടാം.

- ഇമാം ഷാമി(റ) (سبل الهدى والرشاد للإمام الشامي ١/٣٦٨)
- ഇമാം സർഖാനി(റ) (شرح الزرقاني على المواهب اللدنية ١/٢٦٢)
- ഇമാം ബറൂസവി(റ) (تفسير روح البيان ٩/٥٧)

ഇമാം ഫാക്കിഹാനിയുടെ ശിഷ്യനും ഹിജ്റ 781ൽ വഫാത്തായ പ്രമുഖ പണ്ഡിതനുമായ ഇമാം ഇബ്നു മർസൂഖ് തൽമസാനി(റ) നബിദിനാഘോഷത്തെ കുറിച്ച് "ജനൽ ജന്നതൈൻ" എന്ന പേരുള്ള ഒരു ഗ്രന്ഥം രചിക്കുകയും അതിൽ നബിദിനാഘോഷത്തെ അംഗീകരിക്കുകയും ആ ദിവസത്തിന്റെ പവിത്രതയെ പ്രതിപാദിക്കുകയും ചെയ്യുന്നുണ്ട്.

സ്വന്തമായി മൌലിദിന്റെ ഗ്രന്ഥം തന്നെ രചിച്ച ഇമാം ഫാകിഹാനി(റ) ഈ അനാചാരങ്ങളെ കണ്ടുപ്രതികരിച്ചതാണെന്ന് ഇതിൽ നിന്നെല്ലാം വായിച്ചെടുക്കാനാകും.

- **ഇമാം ഇബ്നുൽ ഹാജ്(റ)**

ഇമാം ഇബ്നുൽ ഹാജ്(റ) ന്റെ അൽ മദ്ഖൽ എന്ന ഗ്രന്ഥത്തിലെ ചില പ്രത്യേക ഭാഗം മാത്രം അടർത്തിയെടുത്ത് മഹാനവർകളെ മൗലിദ് വിരോധിയാക്കി ചിലർ പ്രചരിപ്പിക്കാറുണ്ട്. യഥാർത്ഥത്തിൽ തെളിവുകൾനിരത്തി മൗലിദ് ആഘോഷത്തെ സമർത്ഥിച്ച പണ്ഡിതനാണ് ഇമാം ഇബ്നുൽ ഹാജ്(റ). അതിലൊരു ഭാഗം നബിദിനത്തിന്റെ മഹത്വം പറയുന്നിടത്ത് വിശദീകരിച്ചു കഴിഞ്ഞു.

നബിദിനാഘോഷത്തിനെ അംഗീകരിച്ച് മഹാൻ പറയുന്ന മറ്റൊരു ഭാഗം കാണുക:

أشار ﷺ إلى فضيلة هذا الشهر العظيم بقوله عليه الصلاة والسلام للسائل الذي
سأله عن صوم يوم الاثنين فقال -عليه الصلاة والسلام- ذلك يوم ولدت فيه فتشريف هذا

اليوم متضمن لتشريف هذا الشهر الذي ولد فيه فينبغي أن نحترمه حق الاحترام ونفضله بما فضل الله به الأشهر الفاضلة وهذا منها لقوله- ﷺ أنا سيد ولد آدم ولا فخر. **(المدخل للإمام ابن الحاج ٢/٣)**

"ഓരോ ആഴ്ചകളിലും തിങ്കളാഴ്ച ദിവസത്തിലെ നോമ്പിന് മുത്ത് നബി ജനിച്ച ദിനമെന്ന കാരണം കൊണ്ട് മാത്രം വലിയ മഹത്വമുണ്ടെന്ന കാര്യം നിനക്കറിയില്ലെ..!? ഇത് പ്രകാരം മഹത്വമേറിയ റബിഉൽ അവ്വൽ മാസം പ്രവേശിച്ചാൽ ആ മാസത്തോട് യോചിച്ച രീതിയിൽ മുത്ത് നബിയെ അനുഭാവനം ചെയ്യൽ കൊണ്ട് അതിനെ ബഹുമാനിക്കലും ആദരിക്കലും നമുക്കത്യാവശ്യമാണ്. തിരുനബി(സ) മഹത്വമേറിയ സമയങ്ങളെ നല്ല കാര്യങ്ങൾ പ്രത്യേകം ചെയ്യാൻ വേണ്ടി തിരഞ്ഞെടുക്കാറുണ്ടായിരുന്നു. **(അൽ മദ്ഖൽ: 2/3)**

ഈ രൂപത്തിൽ നബിദിനാഘോഷത്തിനെ അംഗീകരിച്ച മഹാനുവർകൾ എങ്ങനെയാണ് നബിദിന വിരോധിയാവുക? എന്നാൽ നബിദിനാഘോഷത്തെ എതിർത്തുവെന്ന് തോന്നിപ്പിക്കുന്ന ചില പരാമർശങ്ങൾ അവിടുത്തെ അൽ മദ്ഖൽ എന്ന ഗ്രന്ഥത്തിൽ കാണാം. പ്രസ്തുത പരാമർശങ്ങൾ നബിദിനാഘോഷത്തെ പറ്റിയല്ല. മറിച്ച് നബിദിനാഘോഷത്തിൽ കടന്നുകൂടിയ അനാചാരങ്ങളെ പറ്റിയാണെന്ന് നിരവധി പണ്ഡിതർ വിശദീകരിച്ചിട്ടുണ്ട്.

ഇമാം സഖാവി (റ) പറയുന്നു:

قال الإمام السخاوي: ولأجل ما انضم اليه من المناكير أطال ابن الحاج في مدخله في تقبيح فعله ومنع الظاهر جقمق رحمه الله من فعله بطنتداء. **(الأجوبة المرضية للإمام السخاوي رقم الفتوى: ٣١٦ (١١١٩))**

നബിദിനാഘോഷത്തിൽ കടന്നു കൂടിയ തിന്മകൾ കണ്ടപ്പോൾ അതിനെ എതിർക്കുകയാണ് ഇമാം ഇബ്നുൽഹാജ്(റ) ചെയ്തത്. ഇമാം ഖസ്ത്വല്ലാനി(റ) യും ഇത് വ്യക്തമാക്കുന്നുണ്ട്.

قال الإمام القسطلاني: ولقد أطنب ابن الحاج في "المدخل" في الإنكار على ما أحدثه الناس من البدع والأهواء والغناء بالآلات المحرمة عند عمل المولد الشريف، فالله تعالى يثيبه على قصده الجميل، ويسلك بنا سبيل السنة، فإنه حسبنا ونعم الوكيل. **(المواهب اللدنية للإمام القسطلاني 94/1)**

ഇമാം ഖസ്ഥല്ലാനി (റ) പറഞ്ഞതിനെ ഇമാം ദിയാർ അൽ ബക്‌രി(റ) എടുത്ത് ഉദ്ധരിക്കുന്നു. (താരീഖുൽ ഖമീസ്:1/223)

ഇമാംസുയൂത്വി(റ) വളരെ വ്യക്തമായി ഈ വിശയം കൈകാര്യം ചെയ്യുന്നുണ്ട്.

قال الإمام السيوطي: وقد تكلم الإمام أبو عبد الله بن الحاج في كتابه المدخل على عمل المولد فأتقن الكلام فيه جداً، وحاصله مدح ما كان فيه من إظهار شعار وشكر ، وذم ما احتوى عليه من محرمات ومنكرات ، وأنا أسوق كلامه فصلاً فصلاً. **(الحاوي للفتاوي للإمام السيوطي: ١/٢٢٦)**

“ഇമാം ഇബ്നുൽഹാജ്(റ) നബിദിനാഘോഷത്തിന്റെ മഹത്വങ്ങൾ വളരെ ഭംഗിയായി സംസാരിക്കുകയും അതിനു കൂടെ അതിൽ നടക്കുന്ന തിന്മകളെ ശക്തമായി എതിർക്കുകയുമാണ് ചെയ്തത്.” അത് ഞാൻ കൃത്യമായി ഇവിടെ സമർത്ഥിക്കുന്നുണ്ട്.

ഇമാം ഷാമി(റ) വും സുയൂഥി ഇമാം പറഞ്ഞ ഈ ഭാഗം എടുത്തുദ്ധരിക്കുന്നുണ്ട്. (സുബുലുൽ ഹുദാ വ റഷാദ്: 1/371)

ഇമാം വൻഷരീസി (റ) വിശദീകരിക്കുന്നത് കാണുക:

وما أنكر من أنكر ما يقع في هذا الزمان من الاجتماع في المكاتب للأطفال إلا خيفة المناكر، واختلاط النساء والرجال. **(المعيار المعرب للإمام الونشريسي 279/1)**

"നബിദിനാഘോഷത്തിനെ ഒരൊറ്റ പണ്ഡിതരും തന്നെ എതിർത്തിട്ടില്ല. വല്ലവരും എതിർത്തിട്ടുണ്ടെങ്കിൽ അത് ചിലയിടങ്ങളിൽ നടക്കുന്ന അനാചാരങ്ങളെയാണ്.”

# ചരിത്രത്തിലൂടെ

## സ്വഹാബത്തിന്റെ മൗലിദ് സദസ്സ്

തിരുനബി(സ) യുടെ മദ്ഹുകൾ പാടിപ്പറയലാണല്ലോ മൗലിദ് സദസ്സുകൾ കൊണ്ട് നാം ഉദ്ദേശിക്കുന്നത്. ഇങ്ങനെയുള്ള മൗലിദ് സദസ്സുകൾ സ്വഹാബത്തിനിടയിൽ വ്യാപകമായി നടന്നിരുന്നതായി ചരിത്ര ഗ്രന്ഥങ്ങൾ നമ്മെ പരിചയപ്പെടുത്തുന്നുണ്ട്.

ഇബ്നു അബ്ബാസ്(റ) വിനെ തൊട്ട് ഇമാം തിർമിദി(റ) ഉദ്ധരിക്കുന്നു:

وفي سنن الترمذي: عن ابن عباس قال : جلس أصحاب رسول الله صلى الله عليه وسلم ينتظرونه قال فخرج حتى إذا سمعهم يتذاكرون فسمع حديثهم فقال بعضهم عجبا أن الله عز وجل اتخذ من خلقه خليلا اتخذ إبراهيم خليلا وقال آخر ماذا بأعجب من كلام موسى كلمه تكليما وقال آخر فعيسى كلمة الله وروحه وقال آخر آدم اصطفاه الله فخرج عليهم فسلم وقال قد سمعت كلامكم وعجبكم أن إبراهيم خليل الله وهو كذلك

وموسى نجي الله وهو كذلك وعيسى روح الله وكلمته وهو كذلك وآدم اصطفاه الله وهو كذلك ألا وأنا حبيب الله ولا فخر وأنا حامل لواء الحمد يوم القيامة ولا فخر وأنا أول شافع وأول مشفع يوم القيامة ولا فخر وأنا أول من يحرك حلق الجنة فيفتح الله لي فَيُدْخِلُنِيهَا ومعي فقراء المؤمنين ولا فخر وأنا أكرم الأولين والآخرين ولا فخر. **(سنن الترمذي رقم الحديث: 3616)**

"തിരുനബി(സ) യുടെ അനുചരന്മാർ എല്ലാവരും തിരു നബി(സ) യെ കാത്തിരിക്കുകയാണ്. അവർ കഴിഞ്ഞുപോയ പ്രവാചകന്മാരുടെ മദ്ഹുകളും മൗലിദുകളും പറഞ്ഞുകൊണ്ടിരിക്കുകയാണ്. ആ സമയത്ത് തിരുനബി(സ) വരികയും അവർ പറഞ്ഞ മദ്ഹുകളെ അംഗീകരിക്കുകയും ശേഷം തിരുനബി (സ) സ്വയം അവിടുത്തെ മദ്ഹുകൾ പറയുകയാണ്. "ഞാൻ അല്ലാഹുവിന്റെ ഹബീബാണ്, ഞാൻ അന്ത്യദിനത്തിലെ പതാക വാഹകനാണ്, ഞാൻ അന്ത്യദിനത്തിലെ ആദ്യ ശുപാർശകനാണ്, ഞാനാണ് ആദ്യമായി സ്വർഗ്ഗം തുറക്കുക, എന്നോട് കൂടെ അല്ലാഹു ധാരാളം വിശ്വാസികളെ സ്വർഗ്ഗത്തിലേക്ക് പ്രവേശിപ്പിക്കും, ഞാൻ സർവ്വരിലും ഏറ്റവുംശ്രേഷ്ഠരാണ്. ഇതൊന്നും അഹങ്കാരം കൊണ്ടു പറയുന്നതല്ല."

## സവാദ്(റ)വിന്റെ മൗലിദ് സദസ്സ്

ഹാഫിള് ഇബ്നു കസീർ പറയുന്നു:

وفي البداية والنهاية: ...عن سواد بن قارب: قد امتحن الله قلبي، فرحلت ناقتي ثم أتيت المدينة - يعني مكة فإذا رسول الله -صلى الله عليه وسلم- في أصحابه فدنوت فقلت: اسمع مقالتي يا رسول الله. قال هات فأنشأت أقول

وَكُنْ لِي شَفِيعًا يَوْمَ لَا ذُو شَفَاعَة    سِوَاكَ بِمُغْنٍ عَنْ سَوَادِ بْنِ قَارِبِ

قال ففرح رسول الله -صلى الله عليه وسلم- وأصحابه بمقالتي فرحا شديدا، حتى رُئِيَ الْفَرَحُ في وجوههم.

*ورواية أخرى*...فقال رسول الله -صلى الله عليه وسلم-: "سر في قومك وقل هذا الشعر فيهم"...وقال بعد إنشاد الشعر الأخير فضحك رسول الله -صلى الله عليه وسلم- حتى بدت نواجذه وقال: " أفلحت يا سواد. **(البداية والنهاية للحافظ ابن كثير 2/ 408)**

സ്വഹാബിവര്യനായ സവാദ് ബിനു ഖാരിബ് (റ) പറയുന്നു: "ഞാൻ ദുഖിച്ചിരുന്ന സമയത്ത് എന്റെ വാഹനം മദീനയോട് അടുപ്പിച്ചു. അങ്ങനെ തിരുനബി(സ) യുടെ സമീപത്തെത്തി. തിരുനബി (സ) യോട് ഞാൻ മദ്ഹ് പറയാൻ സമ്മതം ചോദിച്ചു. അങ്ങനെ ഞാൻ നബി (സ) യെ കുറിച്ച് ഒരു പാട്ട് പാടി. ഇത് കേട്ട തിരുനബി(സ) യുടെയും അനുജന്മാരുടെയും സന്തോഷം അവരുടെ മുഖങ്ങളിൽ കാണുന്നുണ്ട്. തിരുനബി(സ) അണപ്പല്ല് കാണും വിധം ചിരിച്ച് സന്തോഷിക്കുന്നുണ്ടായിരുന്നു. അവിടുന്ന് "സവാദേ.... നീ വിജയിച്ചിരിക്കുന്നു" എന്ന് ആശീർവദിച്ചു കൊണ്ട് ഈ മദ്ഹുകൻ എന്റെ നാട്ടിലും പോയി പാടാൻ ആവശ്യപ്പെടുകയുണ്ടായി.

## കഅബ് (റ) വിന്റെ മൗലിദ് സദസ്സ്

ഇമാം ബൈഹഖി (റ) ഉദ്ധരിക്കുന്നു:

عن موسى بن عقبة قال: أنشد النبي ﷺ كعب بن زهير: بانت سعاد في مسجده بالمدينة، فلما بلغ قوله:

إن الرسول لسيف يستضاء به     مهند من سيوف الله مسلول

في فتية من قريش قال قائلهم     ببطن مكة لما أسلموا زولوا

أشار رسول الله ﷺبمكة إلى الحلق، ليأتوا فيسمعوا منه.

**(السنن الكبرى للإمام البيهقي رضي الله عنه) (الاستيعاب للإمام ابن عبد البر رضي الله عنه) (البداية والنهاية للحافظ ابن كثير)**

"കഅ്ബ ബ്നു സുഹൈർ(റ) തിരുനബി(സ) യുടെ മുന്നിൽ വെച്ച് തന്റെ പ്രസിദ്ധ കാവ്യമായ ബാനത്തു സുആദ് പാടുകയും നിശ്ചിത വരി എത്തിയപ്പോൾ തിരുനബി(സ) കൂടെയു

ള്ള സഹാബത്തിനോട് അടുത്ത് വന്നിരുന്ന് അത് കേൾക്കാൻ ക്ഷണിക്കു കയുണ്ടായി"

## ഹസ്സാനു ബിനു സാബിത്ത് (റ) ന്റെ മൗലിദ്

ആഇഷ (റ) പറയുന്നു:

عن عائشة قالت: كان رسول الله ﷺ يضع لحسان منبرا في المسجد يقوم عليه قائما يفاخر عن رسول الله ﷺ أوينافح. ويقول رسول الله ﷺ: «إن الله يؤيد حسان بروح القدس ما نافح أو فاخر عن رسول الله ﷺ **(مشكاة المصابيح :٤٨٠٥)**

"തിരുനബി(സ) ഹസ്സാനു ബിനു സാബിത്ത് (റ) വിന് മദ്ഹ് പറയാൻ മദീന പള്ളിയിൽ ഒരു മിമ്പർ നിർമിച്ചു കൊടുത്തിരുന്നു. മദ്ഹ് പറയുമ്പോൾ "ഹസ്സാനിനെ അല്ലാഹു റൂഹുൽ ഖുദ്സ് കൊണ്ട് ശക്തിപ്പെടുത്തട്ടെ" എന്ന് തിരുനബി (സ) പറയാറുണ്ടായിരുന്നു.

## മുൻഗാമികളുടെ നബിദിന സദസ്സുകൾ

തിരുനബി(സ) യുടെ ജന്മം കൊണ്ട് അനുഗ്രഹീതമായ റബീഉൽ അവ്വൽ മാസത്തിൽ അവിടുത്തെ ജന്മദിനം കാലങ്ങളായി മുഅ്മിനീങ്ങൾ കൊണ്ടാടുന്നുണ്ട്. പ്രമുഖരായ മുഹദ്ദിസീങ്ങളും ഫുഖഹാക്കളും മറ്റു പണ്ഡിതന്മാരും ഇത് അംഗീകരിക്കുകയും ഇത്തരം സദസ്സുകളിൽ പങ്കെടുക്കുകയും ചെയ്തിട്ടുമുണ്ട്. വ്യത്യസ്ത ദേശങ്ങളിൽ നടത്തപ്പെട്ടിരുന്ന സദസ്സുകളും അതിൽ പണ്ഡിതന്മാരും മറ്റും പങ്കെടുത്തതായും നിരവധി ഗ്രന്ഥങ്ങളിൽ കാണാൻ സാധിക്കും.

## മക്ക മദീനയിലെ നബിദിനം

മക്കയിൽ നൂറ്റാണ്ടുകൾക്കു മുമ്പ് അതി ഗംഭീരമായി നബിദിനാഘോഷം നടന്നിരുന്നു. നിരവധി അഇമ്മത് അവരുടെ കാലത്ത് നേരിൽ പങ്കെടുത്ത അനുഭവങ്ങൾ പങ്കുവെക്കുന്നുണ്ട്. ചിലത് വായിക്കാം.

ഹിജ്റ 614 ൽ മരണപ്പെട്ട ലോക പ്രശസ്ത സഞ്ചാരിയായ ഇബ്നു ജുബൈർ താൻ നബിദിനത്തിന് മക്കയിൽ കണ്ട കാഴ്ചകൾ വിശദീകരിക്കുന്നു:

قال ابن جبير: من مشاهدها الكريمة أيضا مولد النبي صلى الله عليه وسلم والتربة الطاهرة التي هي أول تربة مست جسمه الطاهر بنى عليه مسجد لم ير أحفل بناء منه أكثره ذهب منزل به والموضع المقدس الذي سقط فيه ﷺ ساعة الولادة السعيدة المباركة التي جعلها الله رحمة للأمة أجمعين محفوف بالفضة فيالها تربة شرفها الله بان جعلها مسقط أطهر الأجسام ومولد خير الآنام صلى الله عليه وعلى إله وأصحابه الكرام وسلم تسليما. يفتح هذا الموضع المبارك فيدخله الناس كافة متبركين به في شهر ربيع الأول ويوم الإثنين منه لأنه كان شهر مولد النبي صلى الله عليه وسلم وفي اليوم المذكور ولد صلى الله عليه وسلم وتفتح المواضع المقدسة المذكورة كلها وهو يوم مشهور بمكة دائما. **(رحلة ابن جبير 92)**

“മക്കയിലെ കാഴ്ചകളിൽ വളരെ പവിത്രമായതായിരുന്നു നബി (സ) തങ്ങൾ ജനിച്ച സ്ഥലം. പുണ്യ നബി(സ) യുടെ തിരു ശരീരം സ്പർശിച്ച ആ പരിശുദ്ധ മണ്ണ്. അതിനു മുകളിൽ ഇപ്പോൾ മനോഹരമായ ഒരു പള്ളി നിർമ്മിച്ചിരിക്കുന്നു. അതിനേക്കാൾ പ്രൗഢിയുള്ള ഒരു ബിൽഡിങ്ങും അവിടെ കാണാനാകില്ല. അതിന്റെ അധിക ഭാഗവും സ്വർണം പിടിപ്പിക്കപ്പെട്ടതാണ്. നബി(സ) തങ്ങൾ പിറന്നുവീണ സ്ഥലം വെള്ളി കൊണ്ട് ആവരണം ചെയ്തിരിക്കുന്നു. ഹോ.! എന്തൊരു പവിത്രതയുള്ള മണ്ണ്. കാരണം ഹബീബിന്റെ തിരു ശരീരം ആദ്യമായി സ്പർശിച്ചതിലൂടെ അല്ലാഹു തആല ഈ മണ്ണിനെ എത്ര പവിത്രമാക്കിയിരിക്കുന്നു.!! "റബീഉൽ അവ്വൽ മാസത്തിലും ആ മാസത്തിലെ തിങ്കളാഴ്ച ദിവസങ്ങളിലും ഈ അനുഗ്രഹീത സ്ഥലം, അതാ

യത് പ്രവാചകന്റെ ഭവനം, തുറന്ന് ബറക്കത്ത് എടുക്കാൻ വേണ്ടി എല്ലാ ആളുകളും അതിൽ പ്രവേശിക്കും. കാരണം അത് പുണ്യ നബി(സ) പിറന്ന മാസമാണ്. നബി(സ) തങ്ങൾ ജനിച്ച പ്രസ്തുത ദിവസത്തിൽ മക്കയിലെ പുണ്യ സ്ഥലങ്ങളെല്ലാം തുറക്കപ്പെടുന്നത് പതിവായിരുന്നു. മക്കയിൽ ഇത് ഒരു മഹത്തായ ദിവസമാണ്." (രിഹ്‌ലത്തു ഇബ്നു ജുബൈർ: 92,93)

ഇമാം ഖുവാറസ്മി (റ) പറയുന്നു:

قال الإمام محمد الخوارزمي: الموسم الثاني : وهو الثاني عشر من شهر ربيع الأول وهو يوم مولد النبي ...وفي ليلة الحادي عشر من شهر ربيع الأول تجتمع خلق كثير من الرجال والنساء والصبيان في مولد النبي ويزورونه. وفي الليلة الثانية عشر. أيضا يحضرون في مولده خلق كثير من العلماء والفقهاء والقضاة والمؤذنين والمجاورين والخطيب وجميع الخلن الرجال والنساء الصغار والكبار من المكيين وغيره، يأتون معهم بالشموع والقناديل والفوانيس، يخطب الخطيب على المنبر ، ويذكر مولده علامته، ثم يصلون التطوّعات، ثم يخرجون فوجا فوجا، ويتصدقون على الفقراء والق ممساكين، ويضيفون المعارف والمجاورين والفقراء والصالحين. وفي يوم الثاني عشر. بعد صلاة الصبح يفتحون باب الكعبة ويدخلها الناس ويصلون فيها، ثم يخرجون فرقا فرقا من العلماء والمجاورين والمشايخ يمشون إلى مولد النبي الله فهو الموضع الذي ولد فيه رسول الله ﷺ. **(إثارة الترغيب للإمام الخوارزمي ٣٤/١)**

"റബീഉൽ അവ്വൽ പതിനൊന്നിന് സ്ത്രീകളും പുരുഷന്മാരും കുട്ടികളും അടക്കം ധാരാളമാളുകൾ തിരുജന്മ സ്ഥലത്ത് ഒരുമിച്ചു കൂടുകയും സന്ദർശിക്കുകയും ചെയ്യുന്നു. റബീഉൽ അവ്വൽ 12ന് പണ്ഡിതന്മാരും, ഫുഖഹാക്കളും, മുഅദ്ദിനുമാരും, ഖത്വീബുമാരുമടക്കം ധാരാളം ജനങ്ങൾ അവിടെ ഒരുമിച്ചു കൂടിയിരുന്നു. വ്യത്യസ്ത രൂപത്തിലുള്ള വിളക്കുകളുമായാണവർ അവിടെ സന്ദർശിക്കുന്നത്. ഖത്തീബ് മിമ്പറിൽ കയറി തിരുനബി (സ) യുടെ മൗലിദിനെ പറ്റിയും തിരുജന്മ സമയത്തെ അത്ഭുതങ്ങളെ പറ്റിയും വിശദീകരിക്കുന്നു. അവിടെ വെച്ച് അവർ ധാരാളം നിസ്കരിക്കുന്നു, സ്വദഖകൾ ചെയ്യുന്നു, ഭക്ഷണങ്ങൾ ന

ൽകുന്നു, സൽകർമ്മങ്ങളിൽ അവർ വ്യാപൃതരാകുന്നു. റബിഉൽ അവ്വൽ പന്ത്രണ്ടിന് സുബ്ഹി നിസ്കാരത്തിനു ശേഷം കഅ്ബയുടെ വാതിൽ തുറന്ന് കഅ്ബയിൽ നിസ്കരിക്കുന്നു. അതിനു ശേഷം പണ്ഡിതന്മാരും മശാഇഖുമാരും തിരുജന്മ സ്ഥലം സന്ദർശിക്കുന്നു. **(ഇസാറത്തു തർഗീബ്/ ഇമാം ഖുവാറസ്മി 1/34)**

ഹിജ്റ 833ൽ വഫാത്തായ വലിയ ഖാരിഉം പണ്ഡിതനുമായ ഇമാം ഇബ്നുൽ ജസരി(റ) പറയുന്നു:

قال الإمام شمس الدين ابن الجزري: وكان مولده الشريف صلى الله عليه وسلم بالشعب، وهو مكان معروف عند أهل مكة يخرج إليه أهل مكة كل عام يوم المولد ويحتفلون بذلك أعظم من احتفالهم بيوم العيد، وذلك إلى يومنا هذا. وقد زرته وتبركت به عام حجتي سنة اثنين وتسعين وسبعمئة، ورأيت من بركاته عظيمة، ثم كررت زيارته في مجاورتي سنة ثلاث وعشرين وثمانمئة، وكان قد تهدّم فرمّمته، وقرئ علي كتابي: التعريف بالمولد الشريف وسمعه خلق لا يحصون، وكان يوما مشهودا. **(عرف التعريف بالمولد الشريف للإمام شمس الدين ابن الجزري ٣٣)**

“മക്കയിലെ ആളുകൾക്ക് സുപ്രസിദ്ധമായ ശഅബ് എന്ന പ്രദേശത്ത് തിരു നബി (സ) യുടെ മൗലിദ് കൊണ്ടാടിയിരുന്നു. അവർ എല്ലാ വർഷവും നബിദിനത്തിൽ അവിടേക്ക് പുറപ്പെടുകയും പെരുന്നാൾ ദിനത്തെക്കാൾ അധികം ആഘോഷിക്കാറുമുണ്ട്. അത് ഈ കാലം വരെ തുടർന്നു പോരുന്നുമുണ്ട്... ഞാൻ ഹി 792ൽ ഹജ്ജിന് പോയ സമയത്ത് പങ്കെടുക്കുകയും ബറകത്ത് എടുക്കുകയും ചെയ്തിരുന്നു. പിന്നീട് ഹി 823 ലും ഞാൻ ആ സദസ്സിൽ പങ്കെടുത്തു, ഞാൻ രചിച്ച മൗലിദ് ഗ്രന്ഥം അവിടെ പാരായണം ചെയ്യുകയും എണ്ണമറ്റ ആളുകൾ അത് കേൾക്കുകയും ചെയ്തു.” **(അർഫു തഅ്രീഫ് ബിൽ മൗലിദി ശരീഫ് 33)**

ഇമാംസഖാവി (റ) എഴുതുന്നു

قال الإمام السخاوي: وأهله بمكه فيتوجهون إلى المكان المتواتر بين الناس أنه محل مولده وهو في سوق الليل رجاء بلوغ كل منهم بذلك لقصده ويزيد اهتمامهم به على يوم العيد حتى لم يتخلف عنه أحمد من صالح ولا طالح ومقل وسعيد. **(الأجوبة المرضية للإمام السخاوي ٣١٦، المورد الروي في المولد النبوي للإمام ملا علي القاري/ مجموع الرسائل ٣٨٧)**

“തിരുനബി(സ) ജനിച്ച സ്ഥലമാണെന്ന് പ്രസിദ്ധമായ സ്ഥലത്ത് മക്കയിലെ ആളുകൾ അവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുമെന്ന പ്രതീക്ഷയോടെ നബി ദിനത്തിൽ ഒരുമിച്ചു കൂടാറുണ്ട്. ഇതിൽ നിന്ന് ഒരാളും വിട്ടുനിൽക്കാറില്ല.”

ഇമാം മുല്ലാഅലിയ്യുൽ മദീനാ മുനവ്വറയിലെ മൗലിദ് സദസ്സിനെ കുറിച്ചെഴുതുന്നു.

قال الإمام ملا علي القاري: ان الزاخد القدوة المعمر أبا اسحاق إبراهيم بن إبراهيم ابن جماعة لما كان بالمدينة النبوية على ساكنها أفضل الصلاه وأكمل التحية كان يعمل طعاما في المولد النبوي ويطعم الناس ويقول : لو تمكنت عملت بطول الشهر كل يوم مولدا. **(المورد الروي في المولد النبوي للملا علي القاري ٣٨٦)**

“പ്രഗത്ഭ പണ്ഡിതനായ ഇമാം ഇബ്രാഹിമു ബ്നു ജമാഅ (റ) മദീനയിൽ വെച്ച് നബി(സ) തങ്ങളുടെ ജന്മദിനത്തിൽ വിപുലമായി ഭക്ഷണ വിതരണം നടത്തുന്നവരായിരുന്നു.” ഒരിക്കൽ മഹാനവറുകൾ പറഞ്ഞു: “എനിക്ക് സാധിക്കുമെങ്കിൽ റബീഉൽ അവ്വൽ മാസം മുഴുവൻ ഞാൻ ഇപ്രകാരം ഭക്ഷണ വിതരണം നടത്തുമായിരുന്നു. **(അൽ മൗരിദുറവി ഫീൽ മൗലിദിന്നബവിയ്യ്: 386)**

## മറ്റു രാജ്യങ്ങളിൽ

ഇമാം ഇറാഖി(റ) ന്റെ നേതൃത്വത്തിലുള്ള മൗലിദ് സദസ്സ് ഇമാം മഖ്രീസി(റ) പറയുന്നു:

قال الامام المقريزي: وفي ليلة الجمعة سابعه: عمل المولد السلطاني على العادة في كل سنة وحضر الأمراء وقضاة القضاة الأربع ومشايخ العلم وجمع كبير من القراء والمنشدين فاستدعى قاضي القضاة ولي الدين أحمد بن العراقي ليحضر فامتنع من الحضور فتكرر استدعاؤه حتى جاء فأجلس عن يسار السلطان حيث كان قاضي القضاة زين الدين التفهني جالسا وقام التفهني فجلس عن يمين السلطان فيما يلي قاضي القضاة علم الدين صالح ابن البلقيني. **(السلوك لمعرفة دول الملوك للإمام المقريزي 75/7، نيل الامل في ذيل الدول للإمام زين الدين عبد الباسط الملطي 127/4)**

"റബീഉൽ അവ്വൽ മാസത്തിൽ ഭരണാധികാരിയുടെ നേതൃത്വത്തിൽ പതിവിൽ നടക്കാറുള്ള മൗലിദ് സദസ്സ് നടത്തപ്പെടുകയും ഇമാം വലിയുദ്ധീൻ ഇറാഖി(റ) ഉൾപ്പെടെ പണ്ഡിതന്മാരും നേതാക്കളും പങ്കെടുക്കുകയും ചെയ്തു."

ഇമാം ബുൽഖീനി(റ) ന്റെ നേതൃത്വത്തിലുള്ള ഗംഭീര നബിദിനാഘോഷം ഇമാം അസ്ഖലാനി (റ) വിവരിക്കുന്നു:

قال الإمام ابن حجر العسقلاني: عمل المولد السلطاني على العادة في اليوم الخامس عشر فحضره البلقيني والتفهني وهما معزولان وجلس القضاة المسفزون على اليمين وجلسنا على اليسار والمشايخ . دونهم واتفق أن السلطان كان صائمًا فلما مد السماط جلس على العادة مع الناس إلى كان إن فرغوا فلما دخل وقت المغرب صلوا ثم أحضرت سفرة لطيفة فاكل هو ومن صائما من القضاة وغيرهم. **(إنباء الغمر لابن حجر العسقلاني: ٣/٤١٨)**

"പതിവിൽ നടത്തപ്പെടാറുള്ള രാജകീയ മൗലിദ് സദസ്സ് റബീഉൽ അവ്വൽ 15 ന് നടത്തപ്പെട്ടു. ഇമാം ബുൽഖൈനി (റ) അടക്കമുള്ള മറ്റു പണ്ഡിതരും പങ്കെടുത്തു. ഖാളിമാരും മുഫസ്സിരീങ്ങളും സദസ്സിന്റെ വലത് ഭാഗത്തും ഞങ്ങൾ (മുഹദ്ധിസീങ്ങൾ) ഇടത് ഭാഗത്തും ഇരുന്നു. മറ്റു മശാഇഖുമാർ പിന്നിലും ഇരിന്നു. രാജാവും അന്ന് നോമ്പ് കാരനായിരുന്നു. അദ്ധേഹം ജനങ്ങൾക്കൊപ്പം വിരിപ്പിൽ വന്നിരുന്നു. വൈകുന്നേരം നോമ്പ് തുറക്കുന്നതുവരെ ആ മൗലിദ് മജ്‌ലിസ് തുടർന്നു. എല്ലവരും നിസ്കരിച്ചു ഭക്ഷണം കഴിച്ചു. **(ഇൻബാഉൽ ഗുംർ:3/418)**

സ്പെയിനിലെയും മൊറോക്കോയിലെയും മൗലിദ് സദസ്സിനെ പറ്റി ഇമാം മുല്ലാ അലി അൽ ഖാരി(റ) പറയുന്നു:

قال الإمام ملا علي القاري: وأمَّا مُلوكُ الأندلس والغَرْبِ فلهم فيه ليلةٌ تسير بها الركبان، يجتمع فيها أئمَّةُ العُلماء الأعلامِ فمَن يليهم من كلّ مكان، وتعلوها بينَ أهلِ الكُفْرِ كلمة الإيمان. **(المورد الروي في المولد النبوي للإمام ملا علي القاري/ مجموع الرسائل ٣٨٥)**

“സ്പെയിനിലും മൊറോക്കോയിലും രാജാക്കന്മാരുടെ നേതൃത്വത്തിൽ റബീഉൽ അവ്വലിലെ നിശ്ചിത രാത്രിയിൽ പണ്ഡിതന്മാർ ഒരുമിച്ചു കൂടാറുണ്ട്.”

ഇമാം മുല്ലാ അലി അൽ ഖാരി (റ) തന്നെ റോമിലെ മൗലിദ് സദസ്സിനെ കുറിച്ച്

قال الإمام ملا علي القاري: وأظن أهل الروم لا يتخلفون عن ذلك اقتفاء لغيرهم من الملوك فيما هنالك. **(المورد الروي في المولد النبوي للإمام ملا علي القاري/ مجموع الرسائل ٣٨٦)**

"റോമിലും ഇപ്രകാരം നബിദിനം കൊണ്ടാടാറുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്."

ഇന്ത്യയിലെ മൗലിദ് സദസ്സ് മുല്ലാ അലി അൽ ഖാരി(റ) പറയുന്നു:

قال الإمام ملا علي القاري: وبلاد الهند تزيد على غَيرها بكثير، كما أعلَمَنِيه بعضُ أولي النَّقدِ والتَّحرير. (المورد الروي في المولد النبوي للإمام ملا علي القاري/ مجموع الرسائل ٣٨٦)

"മറ്റ് പ്രദേശത്തുള്ളതിനേക്കാൾ വ്യാപകമായി ഇന്ത്യയിൽ മൗലിദ് കൊണ്ടാടാറുണ്ട് എന്നാണ് വിശ്വസ്തരായ ചിലരിൽ നിന്നും ഞാൻ മനസ്സിലാക്കിയത്."

## മുജാഹിദ് പൂർവീകരിൽ നിന്ന്

മുജാഹിദുകളുടെ പൂർവീകർ തന്നെ നബിദിനം ആഘോഷിക്കുകയും അതിനു വേണ്ടി ആഹ്വാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. അവരുടെ പൂർവീക പ്രസിദ്ധീകരണങ്ങളിൽ എത്രയും രേഖകൾ ലഭ്യമാണ് . ചിലത് മാത്രം താഴെ നൽകുന്നു.

ഹിജ്റ 1343 ൽ പുറത്തിറക്കിയ ഇർഷാദ് മാസിക വോ 1 ലക്കം 5 ൽ ഇ.കെ കുഞ്ഞഹമ്മദ് കുട്ടി മൗലവി എഴുതുന്നു:

> *"തിരുനബി(സ) യുടെ മൗലിദ് കൊണ്ടാടുക എന്നുള്ള കാര്യം മശ്രിഖ് മുതൽ മഗ്‌രിബ് വരെ എല്ലാ നാടുകളിലുമുള്ള കാര്യമാണല്ലോ. മുസ്ലിമീങ്ങൾ താമസിക്കുന്ന ഏതെങ്കിലും ഒരു രാജ്യത്ത് ഈ ആചാരം ഇല്ലെന്ന് പറയാൻ സാധ്യമല്ല. അത് ഈ മാസത്തിലായത് ഓർമ്മിക്കാനും സ്നേഹം വെളിവാക്കാനുമാണ്.*

ഇതേ ഇർഷാദിൽ തന്നെ:

> *"ഈ കൊല്ലവും മുസ്ലിം ഐക്യവേദിയുടെ നബിദിനാഘോഷം ഭംഗിയായി കൊണ്ടാടി എന്ന് വായനക്കാരെ അറിയിക്കുന്നു. ഏറിയാട് ലോവർ ഹയർ സെക്കൻഡറി സ്കൂളിൽ കൊണ്ടാടിയ ഈ സുദിനത്തിൽ, വിദ്യാർത്ഥി സമ്മേളനത്തിലും മഹായോഗത്തിലും തിരു നബി (സ) യുടെ ജനനം, ബാല്യം, സ്വഭാവം എന്നിങ്ങനെ നബി ചരിത്രത്തിലെ പ്രധാനപ്പെട്ട ഭാഗങ്ങളെ കുറിച്ച് മലയാളത്തിൽ ഓരോ മാന്യന്മാർ പ്രസംഗിച്ചു. കുറെസമയം അറബിയിലും മൗലിദ് ഓതി. യോഗത്തിൽ പങ്കെടുത്തവർക്കും അല്ലാത്തവർക്കും വിരുന്നു നൽകി.*

ന്യൂ അൻസാരി നബിദിന വിശേഷാൽ പതിപ്പ്:

(മാതൃകാ പ്രവാചകർ എന്ന ഹെഡിങ്ങിൽ എം അബ്ദുല്ല ക്കുട്ടി മൗലവി) യുടെ ലേഖനത്തിൽ നിന്ന് :

*"എന്താണ് ഈ ആവേശത്തിന് കാരണം? പ്രവാചക പ രമ്പരയിലെ അന്ത്യ പ്രവാചകൻ ജനിച്ചത് ആ മാസത്തിൽ ആണല്ലോ. മനുഷ്യ വംശത്തിന് സന്മാർഗം കാണിച്ചുകൊടു ക്കാൻ വന്ന ലോകാനുഗ്രഹിയെ പിൻപറ്റുന്നവരാണല്ലോ മു സ്ലിമീങ്ങൾ. അപ്പോൾ ആ മഹാനുഭാവന്റെ ജനനത്തിൽ സ ന്തോഷം പ്രകടിപ്പിക്കേണ്ടവർ തന്നെയാണ് മുസ്ലിമീങ്ങൾ.*

1952 ജനുവരി 20 അൽ മനാറിൽ പറയുന്നു: (മീലാദ് ന ബി എന്ന ഹെഡിങിൽ):

*1950 ഡിസംബർ 12ന് (റബീഉൽ അവ്വൽ 12ന്) ജനാബ് എ കെ അബ്ദുൽ ലത്തീഫ് മൗലവിയുടെ റേഡിയോ പ്രസം ഗം അധികൃതരുടെ അനുവാദത്തോടു കൂടി റേഡിയോയി ൽ പ്രസിദ്ധീകരിച്ചിരുന്നു.*

നവപ്രഭയിൽ ഇ കെ മൗലവിയുടെ ലേഖനം:

*"മഹാപുരുഷൻ തിരുനബി(സ) ഭൂജാതനായത് ഒരു റ ബീഉൽ അവ്വൽ മാസത്തിൽ ആണല്ലോ. ആ മാസം വരു മ്പോൾ ലോകത്തുള്ള മുസ്ലിമീങ്ങൾ എല്ലാവരും ആഹ്ലാദഭ രിതരായി കാണപ്പെടുന്നു, നബി ദിനം കൊണ്ടാടുന്നു."*

1969 മെയ് മാസം പുറത്തിറക്കിയ ഇർഷാദ് മാസികയിൽ "റബീഉൽ അവ്വൽ ചില സ്മരണകൾ" എന്ന ഹെഡിങ് തന്നെ ഉണ്ട്.1963 പുറത്തിറക്കിയ അൽഇർഷാദിലും മീലാദുന്നബി എന്ന ഹെഡിങിൽ ലേഖനം ഉണ്ട്.

1956 നവംബർ അഞ്ചിന് പുറത്തിറക്കിയ അൽ മനാറിൽ:

www.sunnahclub.in

"മദ്രസ ദാറുസലാം പത്താം വാർഷികവും നബിദിന വും"

# അനുബന്ധങ്ങൾ

## 01. സുന്നത്തും ബിദ്അത്തും

ഏറെ തെറ്റിദ്ധരിപ്പിക്കലുകൾക്ക് വിധേയമായ രണ്ട് പദങ്ങളാണ് സുന്നത്ത്, ബിദ്അത്ത്. പ്രമാണങ്ങളെ കൊണ്ടും അഇമ്മത്തിന്റെ വിവരണങ്ങളെ കൊണ്ടും എന്താണ് സുന്നത്ത്? എന്താണ് ബിദ്അത്ത്? എന്ന് നമുക്കൊന്ന് വിശകലനം ചെയ്യാം.

### സുന്നത്തിന്റെ വ്യത്യസ്ത അർത്ഥങ്ങൾ

സുന്നത്ത് എന്ന പദം അഞ്ച് അർത്ഥങ്ങളിൽ ഉപയോഗിക്കും:

01. ഭാഷാപരമായി സുന്നത്ത് എന്ന പദം "മാർഗം" "പതിവ്" എന്നീ അർത്ഥങ്ങളിൽ ഉപയോഗിക്കും. (الجرجاني ١٢٥ التعريفات للإمام)

02. കർമ്മ ശാസ്ത്ര പണ്ഡിതന്മാരുടെ സാങ്കേതികത്തിൽ നിർബന്ധമല്ലാത്ത തേട്ടത്തിനാണ് സുന്നത്ത് എന്ന പദം ഉപയോഗിക്കുക.

03. ഇൽമുൽ ഉസൂലിന്റെ പണ്ഡിതന്മാരുടെ സാങ്കേതികത്തിൽ രണ്ട് അർത്ഥങ്ങൾക്ക് വേണ്ടി ഉപയോഗിക്കാറുണ്ട്. **ഒന്ന്:** നിർബന്ധമല്ലാത്ത തേട്ടം. **രണ്ട്:** തിരുനബി(സ)യുടെ വാക്ക് പ്രവർത്തി മൗന അനുവാദം.

04. ഹദീസ് പണ്ഡിതന്മാരുടെ സാങ്കേതികത്തിൽ നബി (സ)യുടെ വാക്ക്, പ്രവർത്തി, മൗനാനുവാദം, വിശേഷണം, ചരിത്രം എന്നിവകൾക്ക് ഉപയോഗിക്കും.

05. വിശ്വാസ ശാസ്ത്ര പണ്ഡിതന്മാരുടെ സാങ്കേതികത്തിൽ ശർഇയ്യായ ദലീൽ(തെളിവ്) ഉള്ള കാര്യങ്ങൾക്ക് സുന്നത്ത് എന്ന് ഉപയോകിക്കും.

ഇവിടെ അഞ്ചാമത് പറഞ്ഞ സുന്നത്തിന്റെ അർത്ഥവും അതിന്റെ വിപരീതമായ ബിദ്അത്തും ആണ് നമ്മുടെ ചർച്ചാ വിഷയം.

ശർഈയായ തെളിവുകളുടെ പിൻബലം ഇല്ലാതെ ദീനിൽ പുതുതായി കൊണ്ടുവരപ്പെടുന്ന കാര്യങ്ങൾക്കാണ് ബിദ്അത്ത് എന്ന് പറയുക. ശറഇയായ തെളിവുകളുടെ പിൻബലമുള്ള കാര്യങ്ങൾക്ക് സുന്നത്ത് എന്നും പറയും. ഇമാം ഇബ്നു ഹജർ അസ്ഖലാനി(റ) ഇത് വ്യക്തമാക്കുന്നുണ്ട് :

والمحدثات بفتح الدال جمع محدثة والمراد بها ما أحدث وليس أصل في الشرع ويسمى في عرف الشرع بدعة وما كان له أصل يدل عليه الشرع فليس ببدعة.

**(فتح الباري 253/13)**

**ബിദ്അത്ത് ഭാഷാർത്ഥത്തിൽ**

ഭാഷാർത്ഥത്തിൽ ബിദ്അത്ത് രണ്ടായി തരം തിരിയുന്നു:

01. بدعة حسنة  നല്ല ബിദ്അത്ത്

02. بدعة قبيحة മോശമായ ബിദ്അത്ത്

ഇമാം അസ്ഖലാനി (റ) പറയുന്നു:

قال الإمام ابن حجر العسقلاني: البدعة في عرف الشرع مذمومة بخلاف اللغة فإن كل شيء أحدث على غير مثال يسمى بدعة سواء كان محمودا أو مذموما وكذا القول في المحدثة وفي الأمر المحدث الذي ورد في حديث عائشة من أحدث في أمرنا هذا ما ليس منه فهو رد. **(فتح الباري 253/13)**

ശർഇന്റെ സാങ്കേതിക ഉപയോഗത്തിൽ ബിദ്അത്ത് ഒന്നേ ഉള്ളൂ അഥവാ മോശമാക്കപ്പെട്ട ബിദ്അത്ത് മാത്രമേ ഉണ്ടാവൂ. എന്നാൽ ഭാഷ അർത്ഥത്തിൽ ബിദ്അത്ത് കൊണ്ടുള്ള വിവക്ഷ "മുന്മാതൃകയില്ലാതെ ഉണ്ടാക്കപ്പെട്ടത്" എന്നാണ്. ഇത് നല്ലതും മോശമാക്കപ്പെട്ടതും ഉണ്ടാകും. ആഇഷ(റ) യിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന من أحدث في أمرنا هذا ما ليس منه فهو رد എന്ന ഹദീസിൽ ഉള്ള محدثات ഇപ്രകാരം വിവക്ഷിക്കപ്പെടേണ്ടതാണ്.

ഇമാം ഇബ്നു ഹജർ അൽ ഹൈതമി(റ) പറയുന്നു

قال الإمام ابن حجر الهيتمي: وَمن قسمهَا من الْعلمَاء إِلَى حسن وَغير حسن فَإِنَّمَا قسم الْبِدْعَة اللُّغَوِيَّة وَمن قَالَ كل بِدعَة ضَلَالَة فَمَعْنَاه الْبِدْعَة الشَّرْعِيَّة. **(الفتاوى الحديثية ٢٠٠)**

"ബിദ്അത്തിനെ 'നല്ലത്, മോശമായത്' എന്നിങ്ങനെ പണ്ഡിതന്മാർ വേർതിരിച്ചത് ഭാഷാർത്ഥത്തിലുള്ള ബിദ്അത്തിനെയാണ്. എന്നാൽ എല്ലാ ബിദ്അത്തും മോശമാണ് (ضلالة) ആണ് എന്ന് പറഞ്ഞത് കൊണ്ടുള്ള വിപക്ഷ ശർഇയ്യായ ബിദ്അത്താണ്."

ഇമാം ബൈഹഖി(റ) ഇമാം ഷാഫിഈ(റ) വിൽ നിന്ന് ഉദ്ധരിക്കുന്നത് കാണാം: "മുഹ്ദസാത്ത് (പുതിയ കാര്യങ്ങൾ) രണ്ടിനമാണ്: ഖുർആൻ, സുന്നത്ത്, അസർ, ഇജ്മാഅ് എന്നിവയോട് എതിരായ പുതുതായി ഉണ്ടാക്കപ്പെട്ട കാര്യങ്ങൾ പിഴച്ച ബിദ്അത്താണ്. എന്നാൽ ഇവയോട് എതിരാകാത്ത രൂപത്തിൽ പുതുതായി രൂപം നൽകപ്പെട്ട നല്ല കാര്യങ്ങൾ നല്ല ബിദ്അത്താണ്."

ഇമാം നവവി(റ) വിന്റെ ഉസ്താദ് ഇമാം അബുശാമ(റ) ബിദ്അത്തിനെ എതിർക്കാൻ വേണ്ടി മാത്രം രചിച്ച തന്റെ കിതാബിൽ ബിദ്അത്തിനെ ഇപ്രകാരം വർഗ്ഗീകരിക്കുന്നതിന് ഒരു അധ്യായം തന്നെ കൊണ്ടുവരുന്നുണ്ട്.

قال الإمام أبو شامة **:فصل في تقسيم الحوادث الى بدع مستحسنة والى بدع مستقبحة.**

ثم الحوادث منقسمة الى بدع مستحسنة والى بدع مستقبحة قال حرملة ابن يحيى سمعت الشافعي رحمه الله تعالى يقول البدعة بدعتان بدعة محمودة وبدعة مذمومة فما وافق السنة فهو محمود وما خالف السنة فهو مذموم واحتج

يقول عمر رضى الله عنه في قيام رمضان نعمت البدعة وقال الربيع قال الشافعي رحمه الله تعالى المحدثات من الأمور ضربان أحدهما ما أحدث يخالف كتابا أو سنة أو اجماعا أو أثرا فهذه البدعة الضلالة والثاني ما أحدث من الخير لا خلاف فيه لواحد من هذا فهي محدثة غير مذمومة وقد قال عمر رضى الله عنه في قيام شهر رمضان نعمت البدعة هذه يعني إنها محدثة لم تكن وإذا كانت فليس فيها رد لما مضى. **(الباعث على إنكار البدع والحوادث ٢٢،٢٣)**

സുൽത്താനുൽ ഉലമ ബിദ്അത്തിനെ വർഗ്ഗീകരിക്കുന്നു:

قال الإمام النووي: قال الشيخ الإمام المجمع على إمامته وجلالته وتمكنه في أنواع العلوم وبراعته أبو محمد عبد العزيز بن عبد السلام ورضي عنه في آخر كتاب "القواعد" البدعة منقسمة إلى: واجبة، ومحرمة، ومندوبة، ومكروهة، ومباحة. قال: والطريق في ذلك أن تعرض البدعة على قواعد الشريعة، فإن دخلت في قواعد الإيجاب فهي واجبة، أو

في قواعد التحريم فمحرمة، أو الندب فمندوبة، أو المكروه فمكروهة، أو المباح فمباحة . **(قواعد الأحكام في مصالح الأنام للإمام عز الدين بن عبد السلام 204/2) (تهذيب الأسماء واللغات للإمام النووي 22/3)**

“സുൽത്താനുൽ ഉലമ ഇമാം ഇസ്സുദ്ദീനു ബ്നു അബ്ദുസ്സലാം(റ) ബിദ്അത്തിനെ വാജിബ്, ഹറാം, സുന്നത്ത്, കറാഹത്ത്, ഹലാൽ എന്നിങ്ങനെ വർഗീകരിക്കുന്നുണ്ട്.” **(ഖവാഇദുൽ ഇസ്ലാം:2/204)(തഹ്ദീബുൽ അസ്മാഇ വല്ലുഗാത്:3/22)**

ഇമാം അബൂശാമ(റ) ബിദ്അത്തിനെ എതിർക്കാൻ വേണ്ടി മാത്രം രചിച്ച الباعث على إنكار البدع والحوادث എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നു:

قال الإمام أبو شامة: وأما البدع المستقبحة فهي التي أردنا نفيها بهذا الكتاب وانكارها وهي كل ما كان مخالفا للشريعة أو ملتزما لمخالفتها وذلك منقسم الى محرم ومكروه ويختلف ذلك بإختلاف الوقائع وبحسب ما به من مخالفة الشريعة تارة ينتهي ذلك الى ما يوجب التحريم وتارة لا يتجاوز صفة كراهة التنزيه وكل فقيه موفق يتمكن بعون الله من التميز بين القسمين مهما رسخت قدمه في إيمانة وعلمه. **(الباعث على إنكار البدع والحوادث ٢٥)**

“മോശമാക്കപ്പെട്ട ബിദ്അത്തിനെ ഇല്ലായ്മ ചെയ്യലാണ് ഞാൻ ഈ ഗ്രന്ഥം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് "കറാഹത്ത്, ഹറാം" എന്നിങ്ങനെ വർഗീകരിക്കപ്പെടും.”

ബിദ്അത്തിന്റെ ഈ വർഗീകരണം വഹാബി നേതാവ് ഇബ്നു തൈമിയ്യ വരെ അംഗീകരിക്കുന്നുണ്ട്. ബിദ്അത്തുൻ ഹസന സുന്നത്താണെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

قال ابن تيمية: كل بدعة ليست واجبة ولا مستحبة فهي بدعة سيئة وهي ضلالة باتفاق المسلمين ومن قال في بعض البدع إنها بدعة حسنة فإنما ذلك إذا قام دليل شرعي أنها مستحبة فأما ما ليس بمستحب ولا واجب فلا يقول أحد من المسلمين إنها من الحسنات التي يتقرب بها إلى الله. ومن تقرب إلى الله بما ليس من الحسنات المأمور بها

أمر إيجاب ولا استحباب فهو ضال متبع للشيطان وسبيله من سبيل الشيطان. **(مجموع الفتاوى 162/1)**

മേൽ വിശദീകരണങ്ങളിൽ നിന്ന് ബിദ്അത്ത് എന്നാൽ ശർഇന്റെ പിൻബലമില്ലാതെ പുതുതായി ഉണ്ടാക്കപ്പെട്ടതാണെന്നും ശർഇന്റെ പിൻബലത്തോട് കൂടി പുതുതായി ഉണ്ടാക്കപ്പെട്ടത് എതിർക്കപെടേണ്ട ബിദ്അത്ത് അല്ലെന്നും വ്യക്തമാണ്.

## ബിദ്അത്ത് ഹദീസിലൂടെ

ദീനിന്റെ പിൻബലം ഇല്ലാത്ത കാര്യങ്ങൾ പുതുതായി ഉണ്ടാക്കപ്പെടുന്നതിനെയാണ് തള്ളപ്പെടേണ്ടത് എന്ന് തിരുനബി (സ) തന്നെ കൃത്യമായി പഠിപ്പിക്കുന്നുണ്ട്. ആയിഷ(റ) വിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസിൽ കാണാം:

مَنْ أحدثَ في أمرِنا هذا، ما ليس منْهُ، فهوَ رَدٌّ. **(صحيح البخاري: ٢٦٩٧، صحيح مسلم: ١٧١٨)**

“ഈ ദീനിൽ പെടാത്ത ഒരു കാര്യം ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് / ആ വ്യക്തി തള്ളപ്പെടേണ്ടതാണ്.”

ഈ ഹദീസ് വ്യത്യസ്ത രിവായത്തുകളിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

وفي الرواية الثانية من عمل عملا ليس عليه أمرنا فهو رد قال أهل العربية الرد هنا بمعنى المردود ومعناه فهو باطل غير معتد به وهذا الحديث قاعدة عظيمة من قواعد الإسلام وهو من جوامع كلمه ﷺ فإنه صريح في رد كل البدع والمخترعات. **(شرح المسلم للإمام النووي)**

ഈ ഹദീസിനെ ഉദ്ധരിച്ച് ഇമാം സിന്ദി(റ) പറയുന്നു:

قال الإمام السندي: المعنى على ما ذكره القاضي في شرح المصابيح من أحدث في الإسلام رأيا لم يكن له من الكتاب والسنة سند ظاهر أو خفي ملفوظ أو مستنبط فهو رد

عليه أي مردود والمراد أن ذلك الأمر واجب الرد يجب على الناس رده ولا يجوز لأحد اتباعه والتقليد فيه وقيل: يحتمل أن ضمير فهو رد لمن أي فذاك الشخص مردود مطرود. **(حاشية السندي على سنن ابن ماجه 10/1)**

"ഖുർആനിലും സുന്നത്തിലും വ്യക്തമോ അവ്യക്തമോ ആയ രേഖയില്ലാതെ പുതുതായി ഉണ്ടാക്കപ്പെട്ട കാര്യങ്ങൾ തള്ളപ്പെടേണ്ടത് എന്നതാണ് ഈ ഹദീസിന്റെ ഉദ്ദേശം."

പ്രസ്തുത ഹദീസിൽ തിരു നബി (സ) "ما ليس منه" (ദീനിൽ പെടാത്ത പുതിയ കാര്യങ്ങൾ) എന്ന് പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ ദീനിൽ പെട്ട കാര്യങ്ങൾക്ക് പുതിയ രൂപവും ഭാവവും നൽകുന്നത് ബിദ്അത്തല്ലന്നത് വ്യക്തമാണ്. അല്ലെങ്കിൽ തിരുനബി(സ) യുടെ ما ليس منه എന്ന വാക്ക് അനുചിതമാണെന്ന് പറയേണ്ടിവരും.

قاعدة: الكلام إذا اشتمل على قيد زائد على أصل الحكم فمحط الكلام هو ذاك القيد.

ഇമാം ഇബ്നുമാജ (റ) ഉദ്ധരിക്കുന്ന ഹദീസിൽ കാണാം :

وفي سنن ابن ماجه: قال رسول الله ﷺ: ومن ابتدع بدعة لا يرضاها الله ورسوله، فإن عليه مثل إثم من عمل بها من الناس، لا ينقص من آثام الناس شيئا. **(سنن ابن ماجه ٢١٠)**

അല്ലാഹുവും അവന്റെ റസൂലും(സ) തൃപ്തിപ്പെടാത്ത ഒരു ബിദ്അത്ത് ആരെങ്കിലും കൊണ്ടുവന്നാൽ അത് ചെയ്യുന്നവരുടെയെല്ലാം ശിക്ഷ ഒരു കുറവും ഇല്ലാതെ അവന് ലഭിക്കുന്നതാണ്."

ഈ ഹദീസ് വിശദീകരിച്ച് ഇമാം സിന്ദി(റ) പറയുന്നു:

قال الإمام السندي: قوله (لا يرضاها الله تعالى) هذا تقبيح للبدعة وإلا فكل بدعة كذلك بالمعنى الذي ذكرناه وهو ما لا يوافق أصول الشرع وقيل: فيه تنبيه على أن من

البدع ما يرضاها الله ورسوله كالتصنيف وبناء المدارس ونحو ذلك قلت وهذا مبني على أن البدعة مطلق الأمر المحدث بعده. **(حاشية السندي على سنن ابن ماجه 92/1)**

“അല്ലാഹുവും അവന്റെ റസൂലും(സ) തൃപ്തിപ്പെടുന്ന ബിദ്അത്ത് ഉണ്ട് എന്ന് ഈ ഹദീസ് അറിയിക്കുന്നു.”

ഇമാം മുസ്ലിം(റ) ഉദ്ധരിക്കുന്ന ഹദീസിൽ കാണാം:

وفي صحيح مسلم: عن المنذر بن جرير، عن أبيه قال: ... فقال رسول الله ﷺ: من سن في الإسلام سنة حسنة، فله أجرها، وأجر من عمل بها بعده من غير أن ينقص من أجورهم شيء، ومن سن في الإسلام سنة سيئة، كان عليه وزرها، ووزر من عمل بها من بعده من غير أن ينقص من أوزارهم شيء. **)صحيح مسلم ١٠١٧)**

“ഇസ്ലാമിൽ ആരെങ്കിലും നല്ല ഒരു പുതിയ ചര്യ കൊണ്ടു വന്നാൽ അതിന്റെ പ്രതിഫലവും അദ്ദേഹത്തിന് ശേഷം അത് പ്രവർത്തിക്കുന്നവരുടെ പ്രതിഫലവും അളവ് കുറയാതെ അദ്ദേഹത്തിന് ലഭിക്കുന്നതാണ്. മോശമായ ചര്യ കൊണ്ടു വന്നാലും അപ്രകാരം തന്നെ.”

ഈ ഹദീസ് വിശദീകരിച്ച് ഇമാം നവവി(റ) പറയുന്നു:

قال الإمام النووي: (من سن في الإسلام سنة حسنة فله أجرها) إلى آخره فيه الحث على الابتداء بالخيرات وسن السنن الحسنات والتحذير من اختراع الأباطيل والمستقبحات وسبب هذا الكلام في هذا الحديث أنه قال في أوله فجاء رجل بصرة كادت كفه تعجز عنها فتتابع الناس وكان الفضل العظيم للبادي بهذا الخير والفاتح لباب هذا الإحسان وفي هذا الحديث تخصيص قوله ﷺ كل محدثة بدعة وكل بدعة ضلالة وأن المراد به المحدثات الباطلة والبدع المذمومة. **(شرح مسلم للإمام النووي 104/7)**

“ഈ ഹദീസിൽ നല്ല കാര്യങ്ങളും ചര്യകളും പുതുതായി തുടങ്ങുന്നതിനെ പ്രേരിപ്പിക്കുന്നുണ്ട്. "كل محدثة بدعة وكل بدعة ضلالة" “എല്ലാ പുതുതായി ഉണ്ടാക്കപ്പെട്ടതും ബിദ്അത്തും, എല്ലാ ബിദ്അത്തും പിഴച്ചതുമാണ്” എന്ന തിരു ഹദീസിന്റെ വ്യാപകാർത്ഥത്തെ ഈ ഹദീസ് ചുരുക്കുന്നുണ്ട് (تخصيص). ആ ഹദീസിൽ

“പുതുതായി ഉണ്ടാക്കപ്പെട്ടത്” എന്ന് പറഞ്ഞത് കൊണ്ടുള്ള ഉദ്ദേശം മോശമാക്കപ്പെട്ട ബാത്തിലായ പുത്തനാശയങ്ങളാണ്.”

## നബി(സ) ചെയ്യാത്തത് ചെയ്യാമോ!?

നബി(സ) ചെയ്യാത്ത നിരവധി കാര്യങ്ങൾ സ്വഹാബത് ചെയ്തതായി ഹദീസ് ഗ്രന്ഥങ്ങളിൽ തന്നെ കാണാനാകും. ചില ഉദാഹരണങ്ങൾ നൽകുന്നു.

ഇമാം ബുഖാരി(റ) ഉദ്ധരിക്കുന്നു:

« أن النبي ﷺ قال لبلال عند صلاة الفجر: يا بلال، حدثني بأرجى عمل عملته في الإسلام، فإني سمعت دف نعليك بين يدي في الجنة. قال: ما عملت عملا أرجى عندي: أني لم أتطهر طهورا في ساعة ليل أو نهار، إلا صليت بذلك الطهور ما كتب لي أن أصلي» قال أبو عبد الله: دف نعليك، يعني تحريك. **(صحيح البخاري: ١١٤٩)**

“സ്വർഗ്ഗത്തിൽ ബിലാൽ(റ) ന്റെ ചെരുപ്പടി ശബ്ദം കേട്ട തിരുനബി(സ) ബിലാൽ(റ) വിന് ആഖിറത്തിൽ ഏറ്റവും പ്രതീക്ഷയുള്ള കർമ്മത്തെക്കുറിച്ച് അവരോട് ചോദിച്ചപ്പോൾ ബഹുമാനപ്പെട്ടവർ പറഞ്ഞു: ഞാൻ എപ്പോൾ ശുദ്ധി വരുത്തിയാലും ഞാൻ നിസ്കരിക്കാറുണ്ട്.”

ഇങ്ങനെ ഒരു നിസ്കാരം തിരുനബി(സ) ഇതിന് മുമ്പ് പഠിപ്പിച്ചിട്ടില്ലാത്ത നിസ്കാരമാണ് എന്നിട്ടും തിരുനബി(സ) അംഗീകരിക്കുന്നു.

ആദ്യമായി ശർഇന്റെ വ്യക്തമായ കൽപ്പനക്ക് മുമ്പ് വുളൂഇന്റെ ശേഷം രണ്ട് റക്അത്ത് സുന്നത്ത് നിസ്കരിച്ചത് ബിലാൽ(റ) ആണെന്ന് ഈ ഹദീസിൽ നിന്ന് വ്യക്തമാണ്.

ഇമാം ബുഖാരി (റ) ഉദ്ധരിക്കുന്ന മറ്റൊരു ഹദീസ്.

وفي صحيح البخاري: عن رفاعة بن رافع الزرقي قال: "كنا يوما نصلي وراء النبي ﷺ فلما رفع رأسه من الركعة قال: سمع الله لمن حمده. قال رجل وراءه: ربنا ولك الحمد حمدا كثيرا طيبا مباركا فيه، فلما انصرف قال: من المتكلم؟. قال: أنا، قال: رأيت بضعة وثلاثين ملكا يبتدرونها، أيهم يكتبها أول." **(صحيح البخاري ٧٧٩)**

തിരുനബി(സ) റുകൂഇൽ നിന്ന് ഉയർന്നപ്പോൾ പിന്നിലുള്ള ഒരു സ്വഹാബി ربنا لك الحمد حمدا كثيرا طيبا مباركا فيه എന്ന് ചൊല്ലുകയും തിരുനബി(സ) നിസ്കാര ശേഷം ഇത് അംഗീകരിക്കുകയും ചെയ്യുന്നു.

സ്വഹീഹുൽ ബുഖാരിയിലെ മറ്റൊരു ഹദീസ്:

وفي صحيح البخاري: عن أنس رضي الله عنه: كان رجل من الأنصار يؤمهم في مسجد قباء وكان كلما افتتح سورة يقرأ بها لهم في الصلاة مما يقرأ به افتتح ب ﴿قل هو الله أحد﴾ حتى يفرغ منها ثم يقرأ سورة أخرى معها وكان يصنع ذلك في كل ركعة فكلمه أصحابه فقالوا إنك تفتتح بهذه السورة ثم لا ترى أنها تجزئك حتى تقرأ بأخرى فإما تقرأ بها وإما أن تدعها وتقرأ بأخرى فقال ما أنا بتاركها إن أحببتم أن أؤمكم بذلك فعلت وإن كرهتم تركتكم وكانوا يرون أنه من أفضلهم وكرهوا أن يؤمهم غيره فلما أتاهم النبي ﷺ أخبروه الخبر فقال يا فلان ما يمنعك أن تفعل ما يأمرك به أصحابك وما يحملك على لزوم هذه السورة في كل ركعة فقال إني أحبها فقال حبك إياها أدخلك الجنة. **(صحيح البخاري ٧٧٤)**

എല്ലാ റക്അത്തിലും നിശ്ചിത സൂറത്തിന് പുറമേ സൂറത്തുൽ ഇഖ്ലാസ് പതിവാക്കിയിരുന്ന ഒരു സ്വഹാബി ഉണ്ടായിരുന്നു. ഇത് പരാതിയായി തിരുനബിയുടെ (സ) യുടെ സവിധത്തിൽ എത്തിയപ്പോൾ ആ സൂറത്തിനോടുള്ള ആ സ്വഹാബിയുടെ താല്പര്യം ബഹുമാനപ്പെട്ടവരെ സ്വർഗ്ഗത്തിലേക്ക് എത്തിക്കുമെന്ന് തിരുനബി(സ) പ്രഖ്യാപിച്ചു. **(ബുഖാരി 774)**

നിസ്കാരത്തിൽ പതിവായി ഈരൂപത്തിൽ സൂറത്തുൽ ഇഖ്ലാസ് പാരായണം ചെയ്യുന്ന ഒരു പതിവ് തിരുനബി(സ) കാണിച്ചു കൊടുത്തതായ രേഖ നമുക്ക് കാണാനാകില്ല. എന്നിട്ടും

ആ സ്വഹാബിയുടെ ആ പ്രവർത്തനം തിരു നബി(സ) അംഗീകരിക്കുകയാണിതിലുള്ളത്.

ഇമാം ബുഖാരി(റ) ഉദ്ധരിക്കുന്ന മറ്റൊരു സംഭവം:

عن الزهري قال: أخبرني ابن السباق: أن زيد بن ثابت الأنصاري رضي الله عنه، وكان ممن يكتب الوحي، قال: أرسل إلي أبو بكر مقتل أهل اليمامة، وعنده عمر، فقال أبو بكر: إن عمر أتاني فقال: إن القتل قد استحر يوم اليمامة بالناس، وإني أخشى أن يستحر القتل بالقراء في المواطن، فيذهب كثير من القرآن، إلا أن تجمعوه، وإني لأرى أن تجمع القرآن، قال أبو بكر: قلت لعمر: كيف أفعل شيئا لم يفعله رسول الله ﷺ؟ فقال عمر: هو والله خير، فلم يزل عمر يراجعني فيه حتى شرح الله لذلك صدري، ورأيت الذي رأى عمر، قال زيد بن ثابت: وعمر عنده جالس لا يتكلم، فقال أبو بكر: إنك رجل شاب عاقل ولا نتهمك، كنت تكتب الوحي لرسول الله ﷺ فتتبع القرآن فاجمعه. فوالله لو كلفني نقل جبل من الجبال ما كان أثقل علي مما أمرني به من جمع القرآن. قلت: كيف تفعلان شيئا لم يفعله النبي ﷺ ؟ فقال أبو بكر: هو والله خير، فلم أزل أراجعه حتى شرح الله صدري للذي شرح الله له صدر أبي بكر وعمر، فقمت: فتتبعت القرآن أجمعه من الرقاع والأكتاف والعسب، وصدور الرجال، حتى وجدت من سورة التوبة آيتين مع خزيمة الأنصاري لم أجدهما مع أحد غيره: ﴿لقد جاءكم رسول من أنفسكم عزيز عليه ما عنتم حريص عليكم﴾ إلى آخرهما. وكانت الصحف التي جمع فيها القرآن عند أبي بكر حتى توفاه الله، ثم عند عمر حتى توفاه الله، ثم عند حفصة بنت عمر. **(صحيح البخاري ٤٦٧٩)**

യമാമ യുദ്ധത്തിൽ ഒരുപാട് ഖാരിഉൗങ്ങൾ മരണപ്പെട്ടപ്പോൾ ഖുർആൻ നഷ്ടമായി പോകുന്നതിനെ ഭയന്ന് ഉമർ(റ) ഖുർആൻ ഒരുമിച്ചു കൂട്ടാൻ തീരുമാനിക്കുകയും അത് അബൂബക്കർ സിദ്ദീഖ് (റ) നോട് ചർച്ച ചെയ്യുകയും ചെയ്തു. ആദ്യം ശങ്കിച്ച് “തിരു നബി(സ) ചെയ്യാത്ത ഒരു പ്രവർത്തനം ഞാൻ എങ്ങനെയാണ് ചെയ്യുക!?” എന്ന് ചോദിച്ചു. ഉമർ(റ) : هو والله خير ഇതൊരു ഖൈറായ കാര്യമല്ലേ എന്നു മറുപടി നൽകി. അങ്ങനെ അബൂബകർ(റ) അംഗീകരിക്കുകയും ശേഷം വഹ്യ് എഴുത്തുകാരൻ സൈദ് ബിൻ സാബിത്(റ) നോട് ഖുർആൻ ക്രോഡീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ബഹുമാന

പ്പെട്ടവരും ആദ്യം ശങ്കിച്ചു “തിരു നബി (സ) ചെയ്യാത്ത ഒരു പ്രവർത്തനം നിങ്ങൾ എങ്ങിനെയാണ് ചെയ്യുക!?” എന്ന് ചോദിച്ചപ്പോൾ അബൂബകർ(റ): هو والله خير “ഇതൊരു ഖൈറായ കാര്യമാണെന്ന്” മറുപടി നൽകി. സൈദ്(റ)വും അംഗീകരിക്കുകയും ഖുർആൻ ക്രോഡീകരിക്കുകയും ചെയ്തു. **(ബുഖാരി 4679)**

തിരുനബി(സ) മാതൃക കാണിക്കാത്ത വിശുദ്ധ ഖുർആൻ ക്രോഡീകരണം പിൻകാലത്ത് സ്വഹാബത്ത് ചെയ്യുകയാണ്. “ഇതൊരു ഖൈറായ കാര്യമാണെന്ന്” വ്യക്തമായി ഇതിനവർ മറുപടി പറയുകയും പഠിപ്പിക്കുകയും ചെയ്യുകയാണ്. നബി (സ) ചെയ്യാത്തതൊന്നും ചെയ്യാൻ പാടില്ല, അവകളെല്ലാം ബിദ്അത്താണ് എന്ന് പറയുന്നവർ സ്വഹാബത്തിന്റെ വിശുദ്ധ ഖുർആൻ ക്രോഡീകരിണത്തെയും ബിദ്അത്തായി കണക്കാക്കുമോ!?

ഇമാം ബുഖാരി(റ) ഉദ്ധരിക്കുന്ന മറ്റൊരു സംഭവം:

وفي صحيح البخاري: عن عبد الرحمن بن عبد القاري أنه قال: خرجت مع عمر بن الخطاب ليلة في رمضان إلى المسجد، فإذا الناس أوزاع متفرقون، يصلي الرجل لنفسه، ويصلي الرجل فيصلي بصلاته الرهط، فقال عمر: إني أرى لو جمعت هؤلاء على قارئ واحد لكان أمثل، ثم عزم فجمعهم على أبي بن كعب، ثم خرجت معه ليلة أخرى والناس يصلون بصلاة قارئهم، قال عمر: نعم البدعة هذه الخ. **(صحيح البخاري ٢٠١٠)**

ജനങ്ങളെല്ലാം തറാവീഹ് ഓരോരുത്തരും തനിച്ചു നിസ്കരിക്കുന്നത് കണ്ടപ്പോൾ ഉമർ(റ) ഒരു ഇമാമിന്റെ കീഴിൽ ഒരുമിച്ചു കൂട്ടാൻ ഉദ്ദേശിക്കുകയും ഉബയ്യ് ബിൻ കഅ്ബ്(റ) ന്റെ കീഴിൽ ഒരുമിച്ചു കൂട്ടുകയും “ഇത് നല്ല ബിദ്അത്താണെന്ന്” വ്യക്ത മാക്കുകയും ചെയ്തു. **(ബുഖാരി.2010)**

ഈ ഹദീസ് വിശദീകരിച്ച് ഇബ്നു തൈമിയ്യ പറയുന്നു:

ഉമർ(റ) പറഞ്ഞത് ഭാഷാപരമായ ബിദ്അത്താണ്, ശർഇയ്യല്ല. കാരണം ഭാഷാപരമായ ബിദ്അത്ത് മുൻ മാതൃക ഇല്ലാത്തതിനെയെല്ലാം ഉൾക്കൊള്ളിക്കും, ശർഇന്റെ സാങ്കേതികത്തിൽ ബിദ്അത്ത് എന്നാൽ ശർഇയ്യായ ദലീൽ അറിയിച്ചിട്ടില്ലാത്ത കാര്യങ്ങളാണ്.

حسنها، وهذه تسمية لغوية، لا تسمية شرعية، وذلك أن البدعة في اللغة تعم كل ما فعل ابتداء من غير مثال سابق. وأما البدعة الشرعية: فما لم يدل عليه دليل شرعي. **(اقتضاء الصراط المستقيم٢٧٦)**

സ്വഹീഹുൽ ബുഖാരിയിൽ കാണാം:

وفي صحيح البخاري: عن الزهري قال: سمعت السائب بن يزيد يقول: إن الأذان يوم الجمعة، كان أوله حين يجلس الإمام يوم الجمعة على المنبر، في عهد رسول الله ﷺ وأبي بكر وعمر رضي الله عنهما، فلما كان في خلافة عثمان رضي الله عنه وكثروا، أمر عثمان يوم الجمعة بالأذان الثالث، فأذن به على الزوراء، فثبت الأمر على ذلك **(صحيح البخاري ٩١٦)**

തിരുനബി(സ) യുടെ കാലത്ത് ജുമുഅക്ക് ഒരു ബാങ്ക് മാത്രമാണ് ഉണ്ടായിരുന്നത്. ഉസ്മാൻ(റ) ന്റെ ഭരണകാലത്ത് ജനങ്ങൾ വർദ്ധിച്ചപ്പോൾ ബഹുമാനപ്പെട്ടവർ രണ്ടാമതൊരു ബാങ്ക് കൂടെ കൊടുക്കാൻ കൽപ്പിക്കുകയും അത് തുടർന്ന് വരുകയും ചെയ്തു. **(ബുഖാരി.916)**

## പുണ്യമാണെന്നതിൽ ഏകോപനമുണ്ട്

നല്ല ബിദ്അത്ത് അനുവദനീയവും പുണ്യകരവുമാണെന്നതിൽ ഏകോപനമുണ്ട്.

ഇമാം അബൂശാമ(റ) പറയുന്നു:

قال الإمام أبو شامة: البدع الحسنة متفق على جواز فعلها والآستحباب لها ورجاء الثواب لمن حسنت نيته فيها وهي كل مبتدع موافق لقواعد الشريعة غير مخالف لشيء منها ولا يلزم من فعله محذور شرعي وذلك نحو بناء المنابر والربط والمدارس وخانات

السبيل وغير ذلك من أنواع البر التي لم تعد في الصدر الأول فإنه موافق لما جاءت به الشريعة من اصطناع المعروف والمعاونة على البر والتقوى.

ومن أحسن ما ابتدع في زماننا من هذا القبيل ما كان يفعل بمدينة اربل جبرها الله تعالى كل عام في اليوم الموافق ليوم مولد النبي ﷺ من الصدقات والمعروف واظهار الزينة والسرور فان ذلك مع ما فيه من الاحسان الى الفقراء مشعر بمحبة النبي ﷺ وتعظيمه وجلالته في قلب فاعله وشكرا لله تعالى على ما من به من ايجاد رسوله الذي أرسله رحمة للعالمين ﷺ وعلى جميع المرسلين وكان أول من فعل ذلك يالموصل الشيخ عمر بن محمد الملا أحد الصالحين المشهورين وبه اقتدى في ذلك صاحب أربل وغيره رحمهم الله تعالى. **(الباعث على إنكار البدع والحوادث ٢٣,٢٤)**

"ബിദ്അത്തുൻ ഹസന ചെയ്യൽ അനുവദനീയവും പുണ്യകരവുമാണ് എന്നതിൽ പണ്ഡിതന്മാരുടെ ഏകോപനം (اتفاق) ഉണ്ട്." നബിദിനത്തിൽ ഈ കാലത്ത് ചെയ്തു പോരുന്ന കാര്യങ്ങൾ നല്ല ബിദ്അത്താണ് എന്ന് ശേഷം വിശാലമായി സമർത്ഥിക്കുന്നു.

## സ്വഹാബത്തിന്റെ കാലത്തില്ലാത്തത് ബിദ്അത്തോ?

സഹാബത്തിന്റെ കാലഘട്ടത്തിൽ ഇല്ലാത്ത കാര്യങ്ങൾ എല്ലാം ആക്ഷേപാർഹമായ ബിദ്അത്താണെന്ന് കേരള സലഫികൾ പലപ്പോഴും പ്രചരിപ്പിക്കാറുണ്ട്. ഇങ്ങനെയുള്ള പുത്തൻ വാദങ്ങൾ ഉന്നയിക്കുന്നവർക്കെതിരെ ഇമാം തഫ്താസാനി (റ) പറയുന്നു:

قال الإمام سعد الدين التفتازاني: ولا يعرفون (المبطلون المتعصبون) أن البدعة المذمومة هو المحدّث في الدين من غير أن يكون في عهد الصحابة والتابعين ولا دلّ عليه الدليل الشرعي, ومن الجهلة من يجعل كل أمر لم يكن في عهد الصحابة بدعةً مذمومة وإن لم يقم دليل على قبحه تمسكا بقوله عليه الصلاة والسلام : إياكم ومحدثات الأمور " ولا يعلمون أن المراد بذلك هو أن يجعل من الدين ما ليس منه. **(شرح المقاصد 5 / 232)**

"സ്വഹാബത്തിന്റെ കാലഘട്ടത്തിൽ ഇല്ലാത്തതെല്ലാം ബിദ്അത്താണെന്ന് പറയുന്നവർ വിവരമില്ലാത്തവരാണ്. (**ശറഹുൽ മഖാസ്വിദ്:5/232**)

## ഇബ്നു തൈമിയ്യ പോലും.

ഇബ്നു തൈമിയ്യയുടെ അരുമ ശിഷ്യൻ ഉമറുൽ ബസ്സാർ അദ്ദേഹം പ്രത്യേക സമയം പ്രത്യേക രൂപത്തിൽ ദിക്റ് ചൊല്ലുന്നതിനെ കുറിച്ച് എഴുതുന്നു:

وَكنت مُدَّة اقامتي بِدِمَشْق ملازمه جلّ النَّهَار وَكَثِيرًا من اللَّيْل وَكَانَ يدنيني مِنْهُ حَتَّى يجلسني الى جَانِبه وَكنت اسْمَع مَا يَتْلُو وَمَا يذكر حِينَئِذٍ فرأيته يقْرَأ الْفَاتِحَة ويكررها وَيقطع ذَلِك الْوَقْت كُله اعني من الْفجْر الى ارْتِفَاع الشَّمْس فِي تَكْرِير تلاوتها.

"രാത്രിയുടെയും പകലിന്റെയും മുഖ്യ സമയവും ഞാൻ ഇബ്നു തൈമിയ്യയുടെ കൂടെ തന്നെയായിരുന്നു ചിലവഴിച്ചിരുന്നത്. ഇബ്നു തൈമിയ്യയുടെ അദ്കാറുകളും പാരായണങ്ങളുമെല്ലാം ഞാൻ കേൾക്കാറുണ്ടായിരുന്നു. ഇബ്നു തൈമിയ്യ ഫജ്റ് മുതൽ സൂര്യോദയം വരെ സൂറത്തുൽ ഫാത്തിഹ ആവർത്തിച്ച് ആവർത്തിച്ച് പാരായണം ചെയ്യുമായിരുന്നു."

ഇവിടെ ഇബ്നു തൈമിയ ഫാത്തിഹ പാരായണം ചെയ്യാൻ കൃത്യമായ സമയം നിശ്ചയിക്കുകയും ആവർത്തിച്ച് ആവർത്തിച്ച് പാരായണം ചെയ്യുന്നുമുണ്ട്.

ഇങ്ങനെ ഒരു ഫാത്തിഹ പാരായണം തിരുനബി (സ) പഠിപ്പിച്ചിട്ടുണ്ടോ? സ്വഹാബത്ത് കാണിച്ചു തന്നിട്ടുണ്ടോ?

## ഇബ്നു തൈമിയ്യയുടെ മറ്റൊരു തമാശ!!

മറ്റൊരു ശിഷ്യനായ ഇബ്നു അബ്ദുൽ ഹാദി ഇബ്നു തൈമിയ്യയെ തൊട്ട് ഉദ്ധരിക്കുന്നു: "ഞാൻ തഫ്സീറുകൾ ധാരാളം പാരായണം ചെയ്ത് يا معلم آدم وإبراهيم علّمني എന്നിങ്ങനെ പ്രാ

ർത്ഥിക്കാറുണ്ടായിരുന്നു. പലപ്പോഴും ആരുമില്ലാത്ത പള്ളികളി ലേക്കും സ്ഥലങ്ങളിലേക്കും പോയി എന്റെ മുഖം മണ്ണിനോട് ചേർത്തുവച്ച് അല്ലാഹുവിനോട് يا معلم آدم وإبراهيم علّمني എന്നിങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു. **( العقود الدرية لابن عبد الهادي )**

ഇവിടെ പ്രത്യേകമായ ഒരു ആവശ്യത്തിന് പ്രത്യേകമായ രൂപത്തിൽ പ്രത്യേകമായ ഒരുദുആ ഇബ്നുതൈമിയ്യ പതിവാക്കാറുണ്ടായിരുന്നു എന്നാണ് ശിഷ്യൻ രേഖപ്പെടുത്തിയിട്ടുള്ളത്. നബിയോ സ്വഹാബത്തോ അമൽ ചെയ്യാത്ത രൂപത്തിൽ അമൽ ചെയ്താൽ അത് ബിദ്അതാണെന്ന് പറയുന്ന ബിദ്അതുകാർ അവരുടെ സ്വന്തംനേതാവിനെ മുബ്തദിആക്കേണ്ടിവരും.

## 02. തിരു ജന്മദിനം എന്ന്?!

തിരുനബി(സ)യുടെ ജനനം ഏതു മാസത്തിലാണെന്ന വിഷ യത്തിൽ പണ്ഡിതന്മാർക്കിടയിൽ വീക്ഷണ വ്യത്യാസങ്ങളുണ്ട്. ഇതുവെച്ച് നബിദിനാഘോഷത്തെ നിഷേധിക്കുന്നതിൽ ഒരു പ്രസക്തിയുമില്ല. കാരണം ഇങ്ങനെ ചരിത്രത്തിൽ വ്യത്യസ്ത വീക്ഷണങ്ങൾ ഉണ്ടാകുമ്പോൾ അതിൽ പ്രബലമായ പക്ഷം സ്വീകരിക്കുകയാണ് വേണ്ടതെന്ന് ഒരു പ്രാഥമിക വിവരമാണല്ലോ..?

നിശ്ചിത ദിവസമേ നബിദിനം ആഘോഷിക്കാവൂ എന്ന് സുന്നികൾക്ക് വാദമില്ല. മറിച്ച് ഏറ്റവും പ്രബലമായ ദിവസം അതിനുവേണ്ടി കൂടുതൽ ജനങ്ങളും തിരഞ്ഞെടുക്കുന്നുവെന്ന് മാത്രം. അതല്ലാത്ത മറ്റു ദിവസങ്ങളും നബിദിനാഘോഷത്തിന് വേണ്ടി തിരഞ്ഞെടുക്കുന്നതും പതിവാണ്. പുറമെ, റബീഉൽ അവ്വൽ 12ന് സംഘടിപ്പിക്കുവാൻ അസൗകര്യങ്ങൾ ഉണ്ടാകുന്ന ഘട്ടങ്ങളിൽ എല്ലാവരും ഒന്നിച്ചു ദിവസം മാറ്റിവെക്കുന്ന സാഹചര്യങ്ങൾ വരെയുണ്ടായിട്ടുണ്ട്.

തിരുജന്മം റബീഉൽ അവ്വൽ പന്ത്രണ്ടിനാണ് എന്ന അഭിപ്രായത്തെയാണ് കൂടുതൽ പണ്ഡിതന്മാരും പ്രബലമാക്കുന്നത്. ഹിജ്റ 218 ൽ വഫാത്തായ പ്രമുഖ ചരിത്രകാരൻ ഇബ്നു ഹിഷാം(റ) തന്റെ സീറയിൽ ഇബ്നു ഇസ്ഹാഖ്(റ) വിൽ നിന്ന് ഉദ്ധരിക്കുന്നു:

قال ابن إسحاق: ولد رسول الله ﷺ يوم الاثنين، لاثنتي عشرة ليلة خلت من شهر ربيع الأول، عام الفيل. **(سيرة ابن هشام: 158/1)**

റബീഉൽ അവ്വലിലാണ് തിരുനബി(സ) യുടെ ജനനം എന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിട്ടുണ്ടെന്നതുവരെ ഇബ്നുൽ ജൗസി(റ) പറയുന്നത് കാണുക:

قال الإمام ابن الجوزي: اتَّفقُوا على أَن رَسُول الله ﷺولد يَوْم الِاثْنَيْنِ فِي شهر ربيع الأول عَام الْفِيل. **(التلقيح للإمام ابن الجوزي: 14/1)**

സമാനമായി ഇമാം നവവി(റ) വും ഇമാം ഇബ്നു നാസിറുദ്ദീൻ ദിമഷ്ഖി(റ)വും ഇമാം ഇബ്നു മുലഖിൻ(റ) വും പറയുന്നു:

📖 واتفقوا أنه ولد ﷺيوم الاثنين في شهر ربيع الاول. **(التلخيص للإما م النووي: ٣٠١)**

📖 وقال الإمام أبو الفرج عبد الرحمن بن علي بن محمد بن الجوزي في كتابه التلقيح : اتفقوا على أن رسول الله صلى الله عليه وسلم ولد يوم الاثنين في شهر ربيع الأول عام الفيل. وكذلك نقل غيره الاتفاق على أنه صلى الله عليه وسلم ولد في ربيع الأول، وهو قول الجمهور. **(جامع الآثار للإمام ابن ناصر الدين الدمشقي 493/2(cover**

📖 قال الإمام ابن الملقن: واتفقوا على أنه ولد يوم الاثنين، وكان مولده ﷺ في شهر ربيع الأول. **(التوضيح للإمام ابن الملقن: 22/2)**

തിരുജന്മം റബീഉൽ അവ്വൽ പന്ത്രണ്ടിനാണെന്ന വീക്ഷണം ഉദ്ധരിച്ചുകൊണ്ട് ഇമാം ഖസ്ത്വല്ലാനി(റ) പറയുന്നു:

وقيل لاثني عشر -من ربيع الأول - وعليه عمل أهل مكة في زيارته موضع مولده (ﷺ) في هذا الوقت. **(المواهب اللدنية للإمام القسطلاني 75/1)**

"ഈ ദിവസത്തിലാണ് മക്കയിലെ ജനങ്ങൾ പതിവായി തിരുനബി(സ) യുടെ ജനന സ്ഥലം സന്ദർശിച്ചിരുന്നത്."

ഇതേ ആശയം നിരവധി പണ്ഡിതന്മാർ അവരുടെ ഗ്രന്ഥ ങ്ങളിൽ പറയുന്നുണ്ട്..

- ഇമാം മുനാവി(റ) (العجالة السينية للإمام المناوي ٢٩)
- ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) (المنح المكية للامام ابن حجر الهيتمي ١١٤)
- ഇമാം നൂറുദ്ധീനുൽ ഹലബി (റ) (السيرة الحلبية : 84/1)

ഹാഫിള് ഇബ്നു കസീർ പറയുന്നു:

قال الحافظ ابن كثير: وقيل : لثنتى عشرة خلت منه ربيع الأول - نص عليه ابن إسحاق. ورواه ابن أبي شيبة في مصنفه عفان عن عن سعيد بن ميناء، عن جابر وابن عباس أنهما قالا ولد رسول الله صلى الله عليه وسلم عام الفيل يوم الاثنين الثاني عشر. من شهر ربيع الاول وفيه بعث, وفيه عرج به إلى السماء، وفيه هاجر وفيه مات. وهذا هو المشهور عند الجمهور. **(البداية والنهاية :375/3)**

"തിരുജന്മം റബീഉൽ അവ്വൽ പന്ത്രണ്ടിലാണെന്നതാണ് അധികരിച്ച പണ്ഡിതന്മാരുടെയും അഭിപ്രായം"

ഇനിയും നിരവധി പണ്ഡിതന്മാർ ഇത് വ്യക്തമാക്കുന്നുണ്ട്.

- ഇമാം ഷാമി (റ) (سبل الهدى والرشاد للإمام الشامي 334/1)
- ഇമാം സുഹൈലി (റ) (الروض الأنف للإمام السهيلي 98/2)

തിരുനബി(സ) റബീഉൽ അവ്വൽ 12 ലാണ് ജനിച്ചതെന്ന് പ്രബലമാക്കിയ പണ്ഡിതന്മാർ നിരവധിയാണ്. ചില ഉദാഹര ണങ്ങൾ കാണാം.

- ഇമാം ഇബ്നു ഹിഷാം(റ) (السيرة النبوية لابن هشام)

- ഇമാം ഇബ്നു നാസറുദ്ദീൻ ദിമഷ്ഖി(റ) (جامع الآثار 493/2)
- ഇമാം നവവി(റ) (التلخيص للإمام النووي302، 301)
- ഇമാം ഇബ്നുൽ മുലഖിൻ (റ) (التوضيح للإمام ابن الملقن 22/2)
- ഇമാം ഇബ്നുൽ ജൗസി (റ) (التلقيح للإمام ابن الجوزي 14/1)
- ഇമാം ഖസ്ത്വല്ലാനി(റ) (المواهب اللدنية 75/1)
- ഇമാം മുനാവി(റ) (العجالة السنية للإمام المناوي 29)
- ഇമാം ഉജ്ഹൂരി(റ) (شرح الدر السنية للإمام الأجهري 105/1)
- ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ)(المنح المكية 114)
- ഇമാം ഹലബി(റ) (سيرة الحلبية للإمام الحلبي 84/1)
- ഹാഫിള് ഇബ്നു കസീർ (البداية والنهاية 375/3)
- ഇമാം ഷാമി(റ) (سبل الهدى والرشاد للإمام الشامي 334/1)
- ഇമാം സുഹൈലി(റ) (الروض الأنف للإمام السهيلي 2/ 98)
- ഹാഫിളു ദഹബി (تاريخ الإسلام للحافظ الذهبي 1/ 27)
- ഇമാം സഖാവി(റ) (الأجوبة المرضية 1123)
- ഇമാം ഇസ്സുദ്ധീൻ ഇബ്നു ജമാഅ(റ) (المختصر الكبير 225/1)
- ഇമാം ആമിരി(റ) (بهجة المحافل وبغية الأماثل 39/1)
- ഇമാം സൈനുദ്ദീൻ അൽ മലത്വി(റ) (غاية السول في سيرة30)
- ഇമാം ബഹ്റഖ് അൽ ഹള്റമി(റ) (حدائق الأنوار 59)
- ഇമാം ദിയാർ അൽ ബക്രി(റ) (تاريخ الخميس1/ 196)
- ഇമാം മുല്ല അലി അൽ ഖാരി(റ) (جمع الوسائل12/1)
- ഇമാം സർഖാനി(റ) (شرح الزرقاني على المواهب245/1)

## എന്ത് കൊണ്ട് റബീഉൽ അവ്വലിൽ!?

ഇമാം ഖസ്ത്വല്ലാനി (റ) എഴുതുന്നു:

إنما كان في شهر ربيع على الصحيح ولم يكن في المحرم، ولا في رجب، ولا في رمضان، ولا في غيرها من الأشهر ذوات الشرف، لأنه لا يتشرف بالزمان، وإنما الزمان يتشرف به كالأماكن، فلو ولد في شهر من الشهور المذكورة، لتوهم أنه تشرف بها،

فجعل الله تعالى مولده ﷺ في غيرها ليظهر عنايته به وكرامته عليه. (المواهب اللدنية للإمام القسطلاني 86/1)

“മുഹററം, റജബ്, റമളാൻ പോലോത്ത പവിത്രമായ മാസങ്ങളിലൊന്നും തിരുജന്മം സംഭവിക്കാതെ, റബീഉൽ അവ്വൽ മാസം റബ്ബ് അതിനു വേണ്ടി തിരഞ്ഞെടുത്തിന്റെ കാരണം തിരുപിറവി കൊണ്ട് മാത്രം ആ സമയത്തിനും, ദിവസത്തിനും മാസത്തിനും പവിത്രത നൽകുവാൻ വേണ്ടിയാണ്. മേൽ പരാമർശിച്ച മാസങ്ങളിലായിരുന്നു തിരുനബി(സ) ജനിച്ചത് എങ്കിൽ ആ മാസത്തിന്റെ പവിത്രത കൊണ്ടാണ് തിരു പിറവിക്കും പവിത്രത ലഭിച്ചത് എന്ന് തെറ്റിദ്ധരിച്ചു പോകുമായിരുന്നു. അത് കൊണ്ട് മുത്ത് നബി(സ) യുടെ ജന്മം കൊണ്ട് ഒരു മാസത്തിന് പവിത്രത നൽകി അവിടുത്തെ ബഹുമാനത്തെ ഉയർത്താൻ വേണ്ടിയാണിത്.” **(അൽ മവാഹിബു ലദുൻയ:1/86)**

## മറ്റ് മാസങ്ങളിലാണെന്ന വീക്ഷണങ്ങൾ?

തിരുനബി(സ)യുടെ ജനനം റബീഉൽ അവ്വൽ അല്ലാത്ത മറ്റ് ചില മാസങ്ങളിലും ദിവസങ്ങളിലും ആണെന്ന് ചില വീക്ഷണങ്ങൾ ചരിത്രത്തിൽ കാണാൻ സാധിക്കും. എന്നാൽ ഇത്തരം പരാമർശങ്ങളെ പണ്ഡിതന്മാർ നിരൂപിച്ചിട്ടുണ്ട് എന്നതാണ് യാഥാർത്ഥ്യം.

## റമദാനിലാണെന്ന് പറഞ്ഞത്...

തിരുജന്മം റമദാനിലാണ് എന്ന വീക്ഷണത്തെക്കുറിച്ച് “ഗരീബ്” ആണെന്ന് ഹാഫിള് ഇബ്നു കസീർ പറയുന്നുണ്ട്.

قال الحافظ ابن كثير: والقول الثاني; أنه ولد في رمضان نقله ابن عبد البر عن الزبير بن بكار، وهو قول غريب جدا. **(البداية والنهاية للحافظ ابن كثير 276/3)**

സമാനമായി ഇമാം ഹലബി(റ) വും പറയുന്നു:

قال الإمام الحلبي: قال بعضهم: إن هذا القول غريب جدا ومستند قائله أنه أوحي إليه صلّى الله عليه وسلم في رمضان فيكون مولده في رمضان وعلى أنها حملت به في أيام التشريق الذي لم يذكروا غيره يعلم ما في بقية الأقوال. **(السيرة الحلبية للإمام الحلبي 85/1)**

റമദാനിലാണെന്ന റിപ്പോർട്ട് സ്വഹീഹല്ല എന്ന് ഇമാം ഖസ്ത്വല്ലാനി(റ) പറയുന്നുണ്ട്.

قال الإمام القسطلاني: وقيل: في رمضان، وروى عن ابن عمر بإسناد لا يصح. **(المواهب اللدنية للإمام القسطلاني 85/1)**

## റജബിലാണെന്ന് പറഞ്ഞത്...

തിരുജന്മം റജബിൽ ആണെന്ന് പറഞ്ഞത് സ്വഹീഹല്ലെന്ന് ഇമാം ഖസ്ത്വല്ലാനി (റ) പറയുന്നുണ്ട്.

قال الإمام القسطلاني: وقيل في رجب ولا يصح. **(المواهب اللدنية 85/1)**

## ആശൂറാഇലാണെന്നു പറഞ്ഞത്...

നബിദിനം ആശൂറഇൽ ആണെന്ന് പറഞ്ഞത് "ഗരീബ്" ആണെന്ന് ഇമാം ഖസ്ത്വല്ലാനി(റ) തന്നെ പറയുന്നുണ്ട്:

وأغرب من قال: ولد في عاشوراء**(المواهب اللدنية للإمام القسطلاني 85/1)**

ആശൂറാഇലാണെന്ന് പറയുന്നത് കളവിൽ പെട്ടതാണെന്ന് ഹാഫിളു ദഹബിയിൽ നിന്ന് ഇമാം ഹലബി(റ) ഉദ്ധരിക്കുന്നുണ്ട്:

قال الامام الحلبي: وذكر الذهبي أن القول بأنه ولد صلى الله عليه وسلم في عاشوراء من الإفك: أي الكذب. **(السيرة الحلبية للإمام الحلبي 85/1)**

## ഈ മാസത്തിനും പ്രത്യേകതയുണ്ട്.

നബി(സ) ജനിച്ച മാസം എന്ന അർത്ഥത്തിൽ റബീഉൽ അവ്വൽ മാസത്തിന് തന്നെ പ്രത്യേകതയുണ്ട്. അത് നിരവധി ഇമാ

മീങ്ങൾ അത് വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ സുന്നികൾ ഈ മാസത്തേയും കൂടുതലായി പരിഗണിക്കുന്നുണ്ട്.ഇമാം ഇബ്നുൽ ഹാജ്(റ) (ഹി:737)എഴുതുന്നു.

أَلَا تَرَى أَنَّ صَوْمَ هَذَا الْيَوْمِ فِيهِ فَضْلٌ عَظِيمٌ لِأَنَّهُ وَ وُلِدَ فِيهِ. فَعَلَى هَذَا أنْ يُكَرَّمَ وَيُعَظَّمَ وَيُحْتَرَمَ الِاحْتِرَامَ. يَنْبَغِي إِذَا دَخَلَ هَذَا الشَّهْرُ الْكَرِيمُ أَنْ يُكَرَّ كَانَ يَخُصُّ الْأَوْقَاتَ الْفَاضِلَةَ النَّابِقَ بِهِ وَذَلِكَ بِالِاتِّبَاعِ لَهُ اللهُ فِي كَوْنِهِ كَانَ يَ بِزِيَادَةِ فِعْلِ الْبِرِّ فِيهَا وَكَثْرَةِ الْخَيْرَاتِ
**(المدخل للإمام ابن الحاج رحمه الله : ٣/٢)**

ഓരോ ആഴ്ചകളിലും തിങ്കളാഴ്ച ദിവസത്തിലെ നോമ്പിന് മുത്ത് നബി(സ) ജനിച്ച ദിനമെന്ന കാരണം കൊണ്ട് മാത്രം വലിയ മഹത്വമുണ്ടെന്ന കാര്യം നിനക്കറിയില്ലേ..!? ഇത് പ്രകാരം മഹത്വമേറിയ റബീഉൽ അവ്വൽ മാസം പ്രവേശിച്ചാൽ ആമാസത്തോട് യോചിച്ച രീതിയിൽ മുത്ത്നബിയെ അനുദാവനം ചെയ്യൽ കൊണ്ട് അതിനെ ബഹുമാനിക്കലും ആദരിക്കലും നമുക്കത്യാവശ്യമാണ്. നബി മഹത്വമോറിയ സമയങ്ങളെ നല്ല കാര്യങ്ങൾ പ്രത്യേകം ചെയ്യാൻ വേണ്ടി തിരഞ്ഞെടുക്കാറുണ്ടായിരുന്നു. (**അൽ മദ്ഖൽ: 2/3**)

പ്രമുഖ പണ്ഡിതനും ഖാരിഉമായ ഇമാം ഇബ്നുൽ ജസരി (റ) റബീഉൽ അവ്വൽ മാസത്തിന്റെ പവിത്രതയെ കുറിച്ച് പാടുന്നത് കാണുക:

لهذا الشهر في الإسلام فضـل ‏ ‏ ‏ وافضال يفوق على الجمـيع
سمـاه وهـو والمـولـود فيـه ‏ ‏ ‏ ربيـع في ربـيع في ربيـع

**(عرف التعريف للإمام ابن الجزري ٢٥، المولد الروي في المولد النبوي للامام ملا علي القاري/ مجموع الرسائل 371/5)**

## അമലുൽ മൗലിദും ആഘോഷവും

സുന്നികളെ സംബന്ധിച്ചിടത്തോളം റബീഉൽ അവ്വലിലുള്ള ‘സന്തോഷ പ്രകടനത്തിനെ’ അമലുൽ മൗലിദ്, ഈദ് മീലാ

ദുന്നബി(നബിദിനാഘോഷം) തുടങ്ങിയ എന്ത് പേര് വിളിച്ചാലും അത് പുണ്യ കർമ്മം തന്നെയാണ്. എന്നാൽ അമലുൽ മൗലിദ് ആവാം, ഈദ് മിലാദുന്നബി(നബിദിനാഘോഷം) പാടില്ല എന്ന് പറയുന്ന ചില സാധുക്കളെ ഈ അടുത്ത് കാണാൻ സാധിച്ചു.

ഈദ് മീലാദുന്നബിയെ കുറിച്ച് പൂർവസൂരികളായ പണ്ഡിതമഹത്തുക്കൾ എന്ത് പറഞ്ഞു എന്ന് നമുക്കൊന്ന് പരിശോധിക്കാം.

**ഇമാം ഹള്റമി**(ഹി.930)

قال الإمام محمد بحرق الحضرمي: فحقيق بيوم كان فيه وجود المصطفى -صلى الله عليه وسلم- أن يتخذ عيدا. **(حدائق الأنوار للإمام الحضرمي الشافعي ٥٤)**

തിരുനബി(സ)യുടെ ജന്മദിനം 'ആഘോഷം' ആക്കപെടേണ്ട ദിന മാണ്.**(ഹദാഇഖുൽ അൻവാർ /ഇമാം ഹള്റമി:** 54)

**ഇമാം ഇബ്നുൽ അബ്ബാദ്**(റ) (ഹി.792)

وقال الإمام ابن عباد النفري: ... أنه عيد من أعياد المسلمين، وموسمٌ من مواسمهم، وكل ما يقتضيه الفرح والسرور بذلك المولد المبارك، من إيقاد الشمع وإمتاع البصر، وتنزه السمع والنظر، والتزيُّن بما حسن من الثياب...أمر يباح لا ينكر **(نزهة النظر للإمام ابن عباد النفري 52)**

മൗലിദ് 'ആഘോഷം' മുസ്ലിമീങ്ങളുടെ ഈദുകളിൽ പെട്ട ഒരു ആഘോഷമാണ്. കൺകുളിർമയേകുന്നതും സന്തോഷം പകരു ന്നതുമായ കാര്യങ്ങളെ കൊണ്ട് നബിദിനാഘോഷം ധന്യമാ ക്കണം.

**ഇമാം വൻശരീശി**(റ) (ഹി.914)

വഫാത്തായ അഹ്മദ് അൽ വൻശരീശി(റ):

“ഇബ്നു അബ്ബാദ് അനഫ് രി(റ) നബി(സ) യുടെ ജന്മദിനം ആഘോഷമാക്കണമെന്ന് പറഞ്ഞതിനെ എടുത്തുദ്ധരിച്ച് അംഗീകരിക്കുന്നു.

قال الإمام الونشريسي: ... أنه عيد من أعياد المسلمين، وموسمٌ من مواسمهم، وكل ما يقتضيه الفرح والسرور بذلك المولد المبارك، من إيقاد الشمع وإمتاع البصر، وتنزه السمع والنظر، والتزيُّن بما حسن من الثياب... أمر يباح لا ينكر **(المعيار المعرب للإمام الونشريسي 11 /278)**

## **ഇമാം ഖസ്ഥലാനി(റ)**(ഹി.923)

قال الإمام القسطلاني: فرحم الله امرأً اتخذ ليالي شهر مولده المبارك أعيادا. **(المواهب اللدنية بالمنح المحمدية للإمام القسطلاني 1 /99)**

തിരുനബി(സ) യുടെ ജന്മദിനം ഈദാക്കുന്നവർക്ക് അല്ലാഹു റഹ്മത്ത് ചൊരിയട്ടെ.

‘തിരുജന്മദിനം’ ആഘോഷമാക്കുന്നവർക്ക് ദുആ ചെയ്ത്, വിമർശകരെ വേരോടെ പിഴുതെറിയുകയാണ് സ്വഹീഹുൽ ബുഖാരിയുടെ വ്യാഖ്യാതാവ് ഇമാം ഖസ്ഥലാനി(റ).

## **ഇമാം അബുൽ ഖാസിം അറസാഅ്(റ)**(ഹി.894)

قال الإمام أبو عبد الله الرصاع: ويعتقد أنه عيد، أعاد الله على العالمين لبروز حبيبه فيه سيد المرسلين. **(تذكرة المحبين في اسماء سيد المرسلين للإمام أبي عبد الله الرصاع 153, 154)**

തിരുനബി(സ) യുടെ ജന്മദിനം ആഘോഷദിനമാണെന്ന് എന്ന് വിശ്വസിക്കപ്പെടണം.

## **ഇമാം അഹമ്മദ് ബിനു ആശിർ(റ)**(ഹി.764)

(تذكرة المحبين في اسماء سيد المرسلين للإمام أبي عبد الله الرصاع 154)

"തിരുജന്മദിനം സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും ദിനമാണ്. തീർച്ചയായും ആഘോഷം തന്നെയാണ്."

**ഇമാം ശംസുദ്ധീൻ അസഖാവി(റ)**(ഹി.902)

(التبر المسبوك للإمام شمس الدين السخاوي)

**ഇമാം മുഹമ്മദ് ബന്നീസ്(റ)** (ഹി.1213)

قال الإمام محمد بن أحمد بنيس: فهو عيد وموسم فيعظم. **(لوامع أنوار الكواكب الدري للإمام محمد بن أحمد بنيس)**

ഈ മഹാരഥന്മാരെല്ലാം പഠിപ്പിച്ചതും പ്രചരിപ്പിച്ചതും തിരു ജന്മദിനം ഈദാണെന്നാണ്. ഇനിയും ധാരാളം പണ്ഡിത മഹത്തുക്കൾ തിരു ജന്മദിനത്തിനെ ഈദാക്കണം എന്ന് പറഞ്ഞിട്ടുണ്ട്.

## സംശയങ്ങളും മറുപടികളും

**ചോദ്യം:**

*നബി(സ) തങ്ങളോ സ്വഹാബത്തോ ഇമാം ശാഫിഈ തങ്ങളോ നബി ദിനം ആഘോഷിച്ചിട്ടുണ്ടോ, അവരൊന്നും ആഘോഷിക്കാത്ത ഒരു ആഘോഷം ബിദ്അത്തല്ലേ?*

**മറുപടി:**

അല്ലാഹു തആല നമുക്ക് നൽകിയ ഏറ്റവും വലിയ അനുഗ്രഹമാണ് നബി(സ) തങ്ങൾ. അവിടുത്തെ ജനനവും ജീവിതവും മറ്റെല്ലാം അനുഗ്രഹമാണ്. അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യണമെന്നത് അവിതർക്കിതമാണ്, ഖുർആൻ വ്യക്തമായി കൽപിച്ചതാണ്. നന്ദി പ്രകടനം എന്നാൽ ആരാധന നിർവഹിക്കലാണ്. വ്യത്യസ്ത ആരാധനകളിലൂടെ തിരു ജന്മത്തിൽ കൂടി അല്ലാഹു നമുക്ക് ചെയ്ത അനുഗ്രഹത്തിന് നന്ദി പ്രകടിപ്പിക്കൽ മാത്രമാണ് നബി ദിനാഘോഷം. അനുവദനീയമായ ഏത് വിധത്തി

ലും തിരു നബി (സ) തങ്ങളെ കൊണ്ട് സന്തോഷിക്കലും ഇതിൽ ഉൾപ്പെടുന്നു. കാരണം അവിടുത്തെ കൊണ്ട് സന്തോഷിക്കാൻ ഖുർആൻ കൽപിക്കുന്നുണ്ട്. സൂറത്തു യൂനുസ് 58 ാമത്തെ ആയത്ത് അടക്കമുള്ള പ്രമാണങ്ങളിലൂടെ നാം അത് വ്യക്തമാക്കിയതാണ്.

ഇത് റബീഉൽ അവ്വലിലും അല്ലാത്ത മാസങ്ങളിലും ആകാം. നബി(സ) തങ്ങൾ ജനിച്ച മാസത്തെയും സമയത്തെയും ഇതിന് കൂടുതൽ അനുയെജ്യമായത് കൊണ്ട് പ്രത്യകം പരിഗണിക്കുന്നു എന്ന് മാത്രം. ഇത് കൊണ്ട് ഈ ആഘോഷം ബിദ്അത്ത് ആവുകയില്ല. ഒരു അനുഗ്രഹം ലഭിക്കുകയോ ഒരു പ്രയാസം ദൂരീകരിക്കപ്പെടുകയോ ചെയ്ത സമയം ഓരോ വർഷം ആവർത്തിച്ച് വരുമ്പോൾ ആ സമയം പ്രത്യേകം നന്ദി പ്രകടിപ്പിക്കുന്നത് നല്ലതാണെന്നും അത് കൊണ്ട് തന്നെ നബിദിനാഘോഷം ബിദ്അത്തോ അനാചാരമോ അല്ലെന്നും ഇമാം അസ്ഖ ലാനി(റ) ആശൂറാഅ് നോമ്പ് പ്രതിപാതിക്കുന്ന ഹദീസ് ഉദ്ധരിച്ച് വ്യക്തമാക്കിയത് നാം നേരത്തെ മനസ്സിലാക്കിയല്ലോ.

ശർഇൽ അംഗീകാരമുള്ള കാര്യങ്ങളെല്ലാം (അത് തിരു നബി(സ) തങ്ങളോ സ്വഹാബത്തോ മറ്റോ ചെയ്തിട്ടില്ലെങ്കിലും) ബിദ്അത്ത് ആവുകയില്ല, മറിച്ച് സുന്നത്താണെന്ന് ഇബ്നും തൈമിയ്യ അടക്കം എല്ലാവരും അംഗീകരിക്കുന്ന കാര്യമാണെന്ന് നാം സുന്നത്തും ബിദ്അത്തും എന്ന അധ്യായത്തിൽ വ്യക്തമാക്കിയല്ലോ.

## ചോദ്യം:

*നബി ദിനാഘോഷത്തിന്റെ ഭാഗമായി നടക്കുന്ന പല പരിപാടികളും അനാചാരങ്ങളും ആഭാസങ്ങളും നടക്കുന്നല്ലോ!?*

**മറുപടി:**

ഇക്കാലത്ത് എല്ലാവിധ നന്മകളിലും പ്രതിസന്ധിയായ കാര്യമാണ് തിന്മകളും അനാചാരങ്ങളും. അനാചാരങ്ങൾ നടക്കുന്നു എന്ന പേരിൽ നന്മകൾ ഉപേക്ഷിക്കരുത്. നന്മകൾ അനുവദനീയമായ രീതിയിൽ നില നിർത്തലോട് കൂടി അനാചാരങ്ങൾ തടയലാണ് ശരിയായ പരിഹാര മാർഗം. ഉദാഹരണമായി, നിക്കാഹുകളിലും മറ്റു വിവാഹ ചടങ്ങുകളി ലും അനാചാരങ്ങളും ആഭാസങ്ങളും നടക്കുന്നു എന്ന വിവാഹമോ അതിന്റെ ചടങ്ങുകളോ പൂർണമായി ഉപേക്ഷിക്കാറില്ല. ഉപേക്ഷിക്കാൻ ഒരാളും മുറവിളി കൂട്ടാറുമില്ല, അത് ശരിയായ രീതിയുമല്ല.

മറിച്ച്, അതിലുള്ള അനാചാരങ്ങളും വിരോധിക്കപ്പെട്ട പ്രവർത്തികളും മാത്രം ഉന്മൂലനം ചെയ്ത് നന്മകളും അനുവദനീയമായ കർമ്മങ്ങളും നില നിർത്തുകയാണ് ചെയ്യേണ്ടത്.

നബിദിലത്തിലും സമാനമായി എന്തെല്ലാം ചെയ്യാം എന്തെല്ലാം പാടില്ല എന്നതുവരെ കൃത്യമായി അഉമ്മത് പഠിപ്പിച്ചിട്ടുണ്ട്. ഇമാംഇബ്നു ഹജറുൽ അസ്ഖലാനി(റ) നൽകിയ ഫത്വയിൽ നിന്ന് വായിക്കാം.

وَأَمَّا مَا يُعْمَلُ فِيهِ فَيَنْبَغِي أَنْ يُقْتَصَرَ فِيهِ عَلَى مَا يُفْهِمُ الشُّكْرَ لِلَّهِ تَعَالَى مِنْ نَحْوِ مَا تَقَدَّمَ ذِكْرُهُ مِنَ التِّلَاوَةِ وَالْإِطْعَامِ وَالصَّدَقَةِ وَإِنْشَادِ شَيْءٍ مِنَ الْمَدَائِحِ النَّبَوِيَّةِ وَالزُّهْدِيَّةِ الْمُحَرِّكَةِ لِلْقُلُوبِ إِلَى فِعْلِ الْخَيْرِ وَالْعَمَلِ لِلْآخِرَةِ وَأَمَّا مَا يَتْبَعُ ذَلِكَ مِنَ السَّمَاءِ وَاللَّهْوِ وَغَيْرِ ذَلِكَ فَيَنْبَغِي أَنْ يُقَالَ: مَا كَانَ . مِنْ ذَلِكَ مُبَاحًا بِحَيْثُ يَقْتَضِي السُّرُورَ بِذَلِكَ الْيَوْمِ لَا بَأْسَ بِالْحَاقه به وَمَا كَانَ حَرَامًا أَوْ مَكْرُوهًا فَيُمْنَعُ وَكَذَا مَا كَانَ خِلَافَ الْأَوْلَى **(الأجوبة المرضية للإمام السخاوي: 1118)**

നബിദിനത്തിൽ നാം ചെയ്യേണ്ടത് അല്ലാഹുവിന് ശുക്ർ ചെയ്യുന്നതിന്റെ മേൽ അറിയിക്കുന്ന ഖുർആൻ പാരായണം, ഭക്ഷണ വിതരണം, സ്വദഖകൾ, മുത്ത് നബി(സ)യുടെ മദ്ഹുകളും മറ്റു നന്മളുടെ മേൽ പ്രേരിപ്പിക്കുന്ന ഗാനങ്ങളും ആലപി

ക്കുക, തുടങ്ങിയ കാര്യങ്ങളാണ്. വെറും ഹലാലായ വിനോദങ്ങൾ കൊണ്ട് ആ ദിവസം സന്തോഷം ലഭിക്കാൻ കാരണമാകുമെങ്കിൽ അവ ചെയ്യാമെന്ന് പറയാം. എന്നാൽ ഹറാമോ കറാഹതോ നല്ലതിനെതിരായതോ ആയ കാര്യങ്ങളാണെങ്കിൽ അത് തടയപ്പെടേണ്ടതാണ്. **(അൽ അജ്‌വിബതുൽ മർളിയ്യ/ ഇമാം സഖാവി:1118)**

ഇമാം സ്വുയൂഥി(റ)വും സമാനമായി എഴുതുന്നുണ്ട് പറയുന്നുണ്ട്:

قال الإمام السيوطي: أن التحريم فيه إنما جاء من قبل هذه الأشياء المحرمة التي ضمت إليه لا من حيث الاجتماع لإظهار شعار المولد، بل لو وقع مثل هذه الأمور في الاجتماع لصلاة الجمعة مثلا لكانت قبيحة شنيعة، ولا يلزم من ذلك ذم أصل الاجتماع لصلاة الجمعة، كما هو واضح، وقد رأينا بعض هذه الأمور يقع في ليالي رمضان عند اجتماع الناس لصلاة التراويح، فهل يتصور ذم الاجتماع لصلاة التراويح لأجل هذه الأمور التي قرنت بها؟

كلا بل نقول: أصل الاجتماع لصلاة التراويح سنة وقربة، وما ضم إليها من هذه الأمور قبيح وشنيع، وكذلك نقول: أصل الاجتماع لإظهار شعار المولد مندوب وقربة، وما ضم إليه من هذه الأمور مذموم وممنوع. **(الحاوي للفتاوي/ حسن المقصد في عمل المولد: 226/1)**